# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരുമ്പാവൂർ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
പെരുമ്പാവൂർ-പി.ഒ

ഇ-മെയിൽ: mlpbvr.ksad@kerala.gov.in

ഫോൺ : 0484-2522230

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ പി ബി എം (എ2)165/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
പെരുമ്പാവൂർ-പി.ഒ
തീയ്യതി: 20/06/2022
ഇ-മെയിൽ:
mlpbvr.ksad@kerala.gov.in
ഫോൺ: 0484-2522230

ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
പെരുമ്പാവൂർ മുനിസിപ്പാലിറ്റി

സർ,

വിഷയം : പെരുമ്പാവൂർ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമ്പാവൂർ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ,സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം
2.ഡയറക്ടർ,നഗരകാര്യവകുപ്പ് ,തിരുവന്തപുരം

നമ്പർ: കെ എസ് എ പി ബി എം (എ2)165/2022 തീയ്യതി: 20/06/2022

## എറണാകുളം ജില്ലയിലെ പെരുമ്പാവൂർ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പെരുമ്പാവൂർ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-05-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| കിഷോർ തോമസ് എം. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 01-01-2022 | 02-04-2022 |
| അജിതൻ ടി.എൻ. | ഡെപ്യൂട്ടി ഡയറക്ടർ | 04-04-2022 | 24-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-01-2022 | 24-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഷേർളി ജോസഫ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

സ്റ്റാർ പി. ജോൺ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഷൈനി പി.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
പ്രവീൺ വി.എൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സതി ജയകൃഷ്ണൻ | ചെയർപേഴ്സൺ | 01-04-2020 | 12-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | ചെയർപേഴ്സൺ | 13-11-2020 | 20-12-2020 |
| ടി.എം. സക്കീർ ഹുസൈൻ | ചെയർമാൻ | 21-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| നീതു ലാൽ ബി. | സെക്രട്ടറി | 01-04-2020 | 31-01-2021 |
| ബിന്ദു വി.കെ. | സെക്രട്ടറി | 01-02-2021 | 31-03-2021 |
| ബോബി ഈപ്പൻ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2020 | 23-09-2020 |
| ബിനോയ് എം.പി. | മുനിസിപ്പൽ എഞ്ചിനീയർ | 24-09-2020 | 18-02-2021 |
| ഗ്രേസി ജോസ് | മുനിസിപ്പൽ എഞ്ചിനീയർ | 19-02-2021 | 31-03-2021 |
| ജയ പി.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 30-11-2020 |
| സുഭാഷ് ജി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-12-2020 | 31-12-2020 |
| ജയ പി.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-01-2021 | 31-03-2021 |
| ഡോ. ഷാനി എം.എം. | മെഡിക്കൽ ഓഫീസർ ,അലോപ്പതി | 01-04-2020 | 31-03-2021 |
| ഡോ.ലാലി ജോൺ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ. നതാഷ തെരേസ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-01-2021 |
| ഡോ. സിൻസൺ ജോസഫ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-02-2021 | 31-03-2021 |
| ഡോ. സജികുമാർ | വെറ്റിനറി സർജൻ | 01-04-2020 | 07-12-2020 |
| ഡോ. സന്ധ്യ ജി. നായർ | വെറ്റിനറി സർജൻ | 08-12-2020 | 01-02-2021 |
| ഡോ. നൈന ടി.എ. | വെറ്റിനറി സർജൻ | 02-02-2021 | 31-03-2021 |
| സീനത്ത് എ. | കൃഷി ഫീൽഡ് ഓഫീസർ | 01-04-2020 | 31-05-2020 |

| | | | |
|---|---|---|---|
| എൽദോ കെ.ജെ. | കൃഷി ഫീൽഡ് ഓഫീസർ | 01-06-2020 | 07-06-2020 |
| വൽസമ്മ കെ.പി. | കൃഷി ഫീൽഡ് ഓഫീസർ | 08-06-2020 | 31-03-2021 |
| ദിവ്യ എ.എസ്. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 22-06-2020 |
| പ്രതിഭ മോൾ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 23-06-2020 | 31-03-2021 |
| അളക ആർ. ബാബു | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 31-03-2021 |
| അംബിക യു. | ഹെഡ് മിസ്ട്രസ് | 01-04-2020 | 31-03-2021 |
| അരുൺ സാബു | പ്രൊജക്ട് ഓഫീസർ | 01-04-2020 | 03-07-2020 |
| ഗണേഷ് കുമാർ | പ്രൊജക്ട് ഓഫീസർ | 04-07-2020 | 20-07-2020 |
| തോമസ് കെ.എ. | പ്രൊജക്ട് ഓഫീസർ | 21-07-2020 | 28-01-2021 |
| ലിജ ദിലീപ് | പ്രൊജക്ട് ഓഫീസർ | 29-01-2021 | 31-03-2021 |
| ജിബിൻ ജോയി | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ബദറുദ്ദീൻ വി. | ഹെൽത്ത് സൂപ്പർവൈസർ | 01-04-2020 | 31-05-2020 |
| സഞ്ജീവ് കുമാർ എസ്. | ഹെൽത്ത് സൂപ്പർവൈസർ | 01-06-2020 | 29-07-2020 |
| ഗോപകുമാർ സീ. | ഹെൽത്ത് സൂപ്പർവൈസർ | 30-07-2020 | 12-02-2021 |
| സഞ്ജീവ് കുമാർ എസ്. | ഹെൽത്ത് സൂപ്പർവൈസർ | 13-02-2021 | 31-03-2021 |

-

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sherly Joseph (Audit Officer (HG), On 07-05-2022)<br>Last Updated By: Sherly Joseph (Audit Officer (HG), On 21-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Praveen V.N (Auditor, On 07-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 17-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Praveen V.N (Auditor, On 21-04-2022)<br>Last Updated By: T.N.Ajithan (Deputy Director, On 17-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Praveen V.N (Auditor, On 07-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 19-05-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sherly Joseph (Audit Officer (HG), On 22-04-2022)<br>Last Updated By: T.N.Ajithan (Deputy Director, On 17-05-2022) | 1-5 |
| 6 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി<br>Written By: Star P John (Asst. Audit Officer, On 07-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 17-05-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Praveen V.N (Auditor, On 07-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 17-05-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Star P John (Asst. Audit Officer, On 07-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 17-05-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Sherly Joseph (Audit Officer (HG), On 09-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 17-05-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Star P John (Asst. Audit Officer, On 06-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 17-05-2022) | 1-10 |
| 11 | പെൻഷൻ ഫണ്ട്<br>Written By: Sherly Joseph (Audit Officer (HG), On 17-05-2022)<br>Last Updated By: Sherly Joseph (Audit Officer (HG), On 21-05-2022) | 1-11 |
| 12 | സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം<br>Written By: Star P John (Asst. Audit Officer, On 11-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 17-05-2022) | 1-12 |
| 13 | കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ<br>Written By: Sherly Joseph (Audit Officer (HG), On 12-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 17-05-2022) | 1-13 |
| 14 | ലൈസൻസ് പുതുക്കാതെ പ്രവർത്തിച്ചത്<br>Written By: Shyni P M (Senior Grade Auditor, On 05-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 17-05-2022) | 1-14 |
| 15 | പെർമിറ്റ് കാലാവധി കഴിഞ്ഞ കെട്ടിടത്തിന് ഫീസ് ഈടാക്കാതെ വസ്തുനികുതി നിർണ്ണയം നടത്തി നമ്പർ അനുവദിച്ചു<br>Written By: Praveen V.N (Auditor, On 05-05-2022)<br>Last Updated By: Sherly Joseph (Audit Officer (HG), On 31-05-2022) | 1-15 |
| 16 | വാർഷിക വസ്തുനികുതി തുക ഈടാക്കിയതിൽ കുറവ്<br>Written By: Praveen V.N (Auditor, On 05-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 17-05-2022) | 1-16 |
| 17 | ഒറ്റ തവണ കെട്ടിട നികുതി അടവാക്കാതെ വസ്തുനികുതി നിർണ്ണയം നടത്തി | 1-17 |

| | | |
|---|---|---|
| | കെട്ടിട നമ്പർ അനുവദിച്ചത്<br>Written By: Praveen V.N (Auditor, On 05-05-2022)<br>Last Updated By: Sherly Joseph (Audit Officer (HG), On 10-06-2022) | |
| 18 | വസ്തു നികുതി നിർണ്ണയം നടത്തി നമ്പർ അനുവദിച്ചിട്ടുള്ള കെട്ടിടങ്ങളുടെ ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല<br>Written By: Praveen V.N (Auditor, On 19-05-2022)<br>Last Updated By: KSAD USER1 (Dummy User, On 13-06-2022) | 1-18 |
| 19 | അനുബന്ധ രേഖകൾ ലഭ്യമാക്കാതെ വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചു<br>Written By: Praveen V.N (Auditor, On 06-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 17-06-2022) | 1-19 |
| 20 | അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കാത്തത്<br>Written By: Praveen V.N (Auditor, On 05-05-2022)<br>Last Updated By: Sherly Joseph (Audit Officer (HG), On 31-05-2022) | 1-20 |
| 21 | ഒഴിവാക്കപ്പെട്ട കെട്ടിടത്തിന്റെ ഗണത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയം നടത്തി നികുതി തുക ഈടാക്കത്തത്<br>Written By: Praveen V.N (Auditor, On 05-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 17-05-2022) | 1-21 |
| 22 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Shyni P M (Senior Grade Auditor, On 23-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 23-05-2022) | 1-22 |
| 23 | സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല<br>Written By: Shyni P M (Senior Grade Auditor, On 28-04-2022)<br>Last Updated By: T.N.Ajithan (Deputy Director, On 17-05-2022) | 1-23 |
| 24 | ഭേദഗതി ചെയ്ത ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് ഈടാക്കിയില്ല<br>Written By: Shyni P M (Senior Grade Auditor, On 10-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 06-06-2022) | 1-24 |
| 25 | കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയതിലെ അപാകതകൾ<br>Written By: Praveen V.N (Auditor, On 05-05-2022)<br>Last Updated By: Sherly Joseph (Audit Officer (HG), On 25-05-2022) | 1-25 |
| 26 | കെട്ടിട നിർമ്മാണ പെർമിറ്റ്-അനധികൃത കെട്ടിട നിർമ്മാണം കണ്ടെത്തുന്നതിന് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് കാര്യക്ഷമമായി നടത്തുന്നില്ല<br>Written By: Praveen V.N (Auditor, On 05-05-2022)<br>Last Updated By: Praveen V.N (Auditor, On 25-05-2022) | 1-26 |
| 27 | യാത്രി നിവാസ് ബസ് ടെർമിനൽ നിർമ്മാണം<br>Written By: Star P John (Asst. Audit Officer, On 07-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 24-05-2022) | 1-27 |
| 28 | എസ്റ്റിമേറ്റ് നിരക്കിനേക്കാൾ ഉയർന്ന തുക അനുവദിച്ചു<br>Written By: Star P John (Asst. Audit Officer, On 25-04-2022)<br>Last Updated By: T.N.Ajithan (Deputy Director, On 17-05-2022) | 1-28 |
| 29 | അംഗൻവാടി നിർമ്മാണം- ഉത്തരവിന് വിരുദ്ധമായി പദ്ധതി നടപ്പാക്കി<br>Written By: Star P John (Asst. Audit Officer, On 26-04-2022)<br>Last Updated By: T.N.Ajithan (Deputy Director, On 21-05-2022) | 1-29 |
| 30 | റോഡ് ടൈൽ വിരിക്കൽ - സ്ഥലം ഏറ്റെടുത്തത്<br>Written By: Star P John (Asst. Audit Officer, On 25-04-2022)<br>Last Updated By: T.N.Ajithan (Deputy Director, On 21-05-2022) | 1-30 |
| 31 | റോഡരികിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നത് തടയുന്നതിനായി നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ<br>Written By: Star P John (Asst. Audit Officer, On 07-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 21-05-2022) | 1-31 |
| 32 | ഒരേയിനം പ്രവൃത്തി രണ്ട് പദ്ധതികൾ മുഖേന നടപ്പാക്കി<br>Written By: Star P John (Asst. Audit Officer, On 07-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 25-05-2022) | 1-32 |

| | | |
|---|---|---|
| 33 | ഉടമസ്ഥാവകാശമില്ലാത്ത സ്ഥലത്ത് നിർമ്മാണം<br>Written By: Star P John (Asst. Audit Officer, On 26-04-2022)<br>Last Updated By: Star P John (Asst. Audit Officer, On 27-05-2022) | 1-33 |
| 34 | യാത്രി നിവാസ് വനിതാ സൗഹൃദ ടോയിലറ്റ് ,ഇലക്ട്രിസിറ്റി,വാട്ടർ കണക്ഷൻ തുടങ്ങിയ അനുബന്ധ സൗകര്യങ്ങൾ<br>Written By: Star P John (Asst. Audit Officer, On 25-04-2022)<br>Last Updated By: T.N.Ajithan (Deputy Director, On 25-05-2022) | 1-34 |
| 35 | അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യൽ (റിജക്റ്റഡ്)- അപാകതകൾ<br>Written By: Star P John (Asst. Audit Officer, On 25-04-2022)<br>Last Updated By: Star P John (Asst. Audit Officer, On 31-05-2022) | 1-35 |
| 36 | ഗാർഹിക മാലിന്യ സംസ്കരണത്തിന് റിംഗ് കംമ്പോസ്റ്റ്<br>Written By: Star P John (Asst. Audit Officer, On 25-04-2022)<br>Last Updated By: Sherly Joseph (Audit Officer (HG), On 06-06-2022) | 1-36 |
| 37 | കിണർ നിർമ്മാണം - ഗ്രാന്റ് തുക ഉപയോഗിച്ചത്<br>Written By: Star P John (Asst. Audit Officer, On 26-04-2022)<br>Last Updated By: Star P John (Asst. Audit Officer, On 23-05-2022) | 1-37 |
| 38 | ക്രിമറ്റോറിയം ഫീസ്<br>Written By: Sherly Joseph (Audit Officer (HG), On 04-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 17-05-2022) | 1-38 |
| 39 | ഇലക്ഷൻ മുന്നൊരുക്കം - അധികച്ചെലവ്<br>Written By: Sherly Joseph (Audit Officer (HG), On 04-05-2022)<br>Last Updated By: Sherly Joseph (Audit Officer (HG), On 31-05-2022) | 1-39 |
| 40 | തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്<br>Written By: Sherly Joseph (Audit Officer (HG), On 09-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 17-05-2022) | 1-40 |
| 41 | പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ്<br>Written By: Sherly Joseph (Audit Officer (HG), On 09-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 17-05-2022) | 1-41 |
| 42 | സർക്കാർ അനുമതിയില്ലാതെ കൺവയൻസ് അലവൻസ് അനുവദിച്ചത്<br>Written By: Sherly Joseph (Audit Officer (HG), On 04-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 17-05-2022) | 1-42 |
| 43 | പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം -അപാകതകൾ<br>Written By: Sherly Joseph (Audit Officer (HG), On 04-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-05-2022) | 1-43 |
| 44 | സാമൂഹ്യ സുരക്ഷാ മിഷന് സംഭാവന -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Sherly Joseph (Audit Officer (HG), On 10-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 25-05-2022) | 1-44 |
| 45 | ഷീപാഡ് പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Sherly Joseph (Audit Officer (HG), On 04-05-2022)<br>Last Updated By: Sherly Joseph (Audit Officer (HG), On 31-05-2022) | 1-45 |
| 46 | ഉദ്ദേശ്യത്തിന് വിരുദ്ധമായി പദ്ധതി നിർവ്വഹണം നടത്തി<br>Written By: Praveen V.N (Auditor, On 06-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-05-2022) | 1-46 |
| 47 | ആസ്തി രജിസ്റ്ററിന്റെ പരിപാലനം<br>Written By: Star P John (Asst. Audit Officer, On 07-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-05-2022) | 1-47 |
| 48 | എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യുന്നത്<br>Written By: Star P John (Asst. Audit Officer, On 07-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-05-2022) | 1-48 |
| 49 | പൊതു മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം<br>Written By: Star P John (Asst. Audit Officer, On 07-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-05-2022) | 1-49 |

| | | |
|---|---|---|
| 50 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്റ്റ് തയ്യാറാക്കി<br>Written By: Sherly Joseph (Audit Officer (HG), On 04-05-2022)<br>Last Updated By: Sherly Joseph (Audit Officer (HG), On 01-06-2022) | 1-50 |
| 51 | സ്വച്ഛ് ഭാരത് മിഷൻ (നഗരം)-ഗ്രാന്റ് തുക പൂർണ്ണമായും ചെലവഴിക്കാത്തത്<br>Written By: Sherly Joseph (Audit Officer (HG), On 04-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-05-2022) | 1-51 |
| 52 | മഴക്കാല പൂർവ്വ ശുചീകരണം - രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Sherly Joseph (Audit Officer (HG), On 04-05-2022)<br>Last Updated By: Sherly Joseph (Audit Officer (HG), On 01-06-2022) | 1-52 |
| 53 | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല<br>Written By: Sherly Joseph (Audit Officer (HG), On 21-05-2022)<br>Last Updated By: Star P John (Asst. Audit Officer, On 25-05-2022) | 1-53 |
| 54 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ ഫയലുകൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Praveen V.N (Auditor, On 11-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-05-2022) | 1-54 |
| 55 | സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും<br>Written By: Shyni P M (Senior Grade Auditor, On 10-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-05-2022) | 1-55 |
| 56 | ദുരിതാശ്വാസ നിധി<br>Written By: Sherly Joseph (Audit Officer (HG), On 09-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-05-2022) | 1-56 |
| 57 | ക്ഷേമ പെൻഷൻ തുക മരണപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടുന്നു<br>Written By: Praveen V.N (Auditor, On 11-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-05-2022) | 1-57 |
| 58 | ടൗൺഹാൾ പ്രവർത്തന സജ്ജമല്ല<br>Written By: Sherly Joseph (Audit Officer (HG), On 12-05-2022)<br>Last Updated By: Sherly Joseph (Audit Officer (HG), On 25-05-2022) | 1-58 |
| 59 | അവകാശങ്ങൾക്കായുള്ള നിയമ വ്യവസ്ഥകളുടെ പാലനം<br>Written By: Sherly Joseph (Audit Officer (HG), On 09-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-05-2022) | 1-59 |
| 60 | പി.എം.എ.വൈ.ലൈഫ് ഭവന പദ്ധതി- വീടിന്റെ പണി പൂർത്തിയാക്കിയില്ല<br>Written By: Sherly Joseph (Audit Officer (HG), On 13-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-05-2022) | 1-60 |
| 61 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്<br>Written By: Shyni P M (Senior Grade Auditor, On 12-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-05-2022) | 1-61 |
| 62 | തെരുവുവിളക്കുകൾക്ക് സ്പെയർപാർട്സ് വാങ്ങൽ -മാർഗ്ഗരേഖ പാലിക്കുന്നില്ല<br>Written By: Sherly Joseph (Audit Officer (HG), On 21-05-2022)<br>Last Updated By: Sherly Joseph (Audit Officer (HG), On 01-06-2022) | 1-62 |
| 63 | ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക ഒടുക്കിയത്<br>Written By: Shyni P M (Senior Grade Auditor, On 12-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-05-2022) | 1-63 |
| 64 | ശമ്പള കുടിശ്ശിക അധികം അനുവദിച്ചു<br>Written By: Sherly Joseph (Audit Officer (HG), On 25-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 25-05-2022) | 1-64 |
| | ഭാഗം **2** | |
| 1 | ലൈസൻസ് പുതുക്കാതെ പ്രവർത്തിച്ചത്<br>Written By: Shyni P M (Senior Grade Auditor, On 12-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 06-06-2022) | 2-1 |

| | | |
|---|---|---|
| 2 | പെർമിറ്റ് കാലാവധി കഴിഞ്ഞ കെട്ടിടത്തിന് ഫീസ് ഈടാക്കാതെ വസ്തുനികുതി നിർണ്ണയം നടത്തി നമ്പർ അനുവദിച്ചു<br>Written By: Praveen V.N (Auditor, On 11-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 06-06-2022) | 2-2 |
| 3 | വാർഷിക വസ്തുനികുതി തുക ഈടാക്കിയതിൽ കറവ്<br>Written By: Praveen V.N (Auditor, On 11-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 06-06-2022) | 2-3 |
| 4 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്<br>Written By: Shyni P M (Senior Grade Auditor, On 12-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-05-2022) | 2-4 |
| ഭാഗം **3** | | |
| 1 | ശമ്പള കുടിശ്ശിക അധികം അനുവദിച്ചു<br>Written By: Sherly Joseph (Audit Officer (HG), On 10-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 10-06-2022) | 3-1 |
| 2 | ക്ഷേമ പെൻഷൻ തുക മരണപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടുന്നു<br>Written By: Praveen V.N (Auditor, On 11-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 19-05-2022) | 3-2 |
| 3 | എസ്റ്റിമേറ്റ് നിരക്കിനേക്കാൾ ഉയർന്ന തുക അനുവദിച്ചു<br>Written By: Star P John (Asst. Audit Officer, On 12-05-2022)<br>Last Updated By: Sherly Joseph (Audit Officer (HG), On 06-06-2022) | 3-3 |
| 4 | ഇലക്ഷൻ മുന്നൊരുക്ക പ്രവർത്തനങ്ങൾ- അധികച്ചെലവ്<br>Written By: Sherly Joseph (Audit Officer (HG), On 12-05-2022)<br>Last Updated By: Sherly Joseph (Audit Officer (HG), On 06-06-2022) | 3-4 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Star P John (Asst. Audit Officer, On 21-04-2022)<br>Last Updated By: Sherly Joseph (Audit Officer (HG), On 13-06-2022) | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Star P John (Asst. Audit Officer, On 06-05-2022)<br>Last Updated By: Sherly Joseph (Audit Officer (HG), On 17-05-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Star P John (Asst. Audit Officer, On 09-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 23-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Star P John (Asst. Audit Officer, On 21-04-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-05-2022) | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ്<br>Written By: Star P John (Asst. Audit Officer, On 21-04-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-05-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Star P John (Asst. Audit Officer, On 09-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Star P John (Asst. Audit Officer, On 09-05-2022)<br>Last Updated By: Star P John (Asst. Audit Officer, On 09-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Star P John (Asst. Audit Officer, On 21-04-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-05-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Star P John (Asst. Audit Officer, On 21-04-2022)<br>Last Updated By: T.N.Ajithan (Deputy Director, On 18-05-2022) | 4-9 |

| | | |
|---|---|---|
| 10 | സംക്ഷിപ്ത വിവരം<br>Written By: Star P John (Asst. Audit Officer, On 09-05-2022)<br>Last Updated By: T.N.Ajithan (Deputy Director, On 10-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Star P John (Asst. Audit Officer, On 20-04-2022)<br>Last Updated By: Sherly Joseph (Audit Officer (HG), On 03-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം ആന്റ് എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

24.03.2020 തീയതിയിൽ ചേർന്ന കൗൺസിൽ യോഗത്തിന്റെ ഒന്നാം നമ്പർ തീരുമാന പ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 17.02.2021 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരുപ്പ് | 4007786 | 6940951 |
| വരവ് | 357710300 | 320618965 |
| ആകെ | 361718086 | 327559916 |
| ചെലവ് | 351962200 | 320287723 |
| നീക്കിയിരുപ്പ് | 9755886 | 7272193 |

ബഡ്ജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ 4.12.2019 -ൽ സെക്ഷനിൽ ആരംഭിച്ചു. എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും ഓഫീസ് സെക്ഷനുകൾക്കും ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിക്കാനാവശ്യപ്പെട്ട് നോട്ടീസ് നൽകിയെങ്കിലും കാര്യമായ പ്രതികരണം ലഭിക്കാത്തതിനാൽ 03.01.2020-ൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റികളോടും ബഡ്ജറ്റ് നിർദ്ദേശങ്ങൾ നൽകുവാൻ ആവശ്യപ്പെട്ടു. വിദ്യാഭ്യാസം, പൊതുമരാമത്ത്, ക്ഷേമകാര്യം എന്നീ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഇതനുസരിച്ച് നിർദ്ദേശങ്ങൾ നൽകി. കൈമാറിക്കിട്ടിയ എല്ലാ സ്ഥാപനങ്ങളും മിക്കവാറും എല്ലാ ഓഫീസ് സെക്ഷനുകളും ബഡ്ജറ്റ് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ബഡ്ജറ്റ് നിർദ്ദേശങ്ങൾ പരിശോധിച്ച് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തയ്യാറാക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് 13.03.2020 ൽ ചേർന്ന യോഗം അംഗീകരിച്ച് കൗൺസിലിലേയ്ക്ക് ശുപാർശ ചെയ്തു. മുൻ വർഷങ്ങളിലേതു പോലെ തൻവർഷവും ബഡ്ജറ്റ് പ്രകാരമുള്ള വരവും ചെലവും വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവു ചെലവുകളുമായി വളരെ വ്യത്യാസപ്പെട്ടിരിക്കുന്നു. യഥാർത്ഥമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകുവാൻ മറ്റു സ്റ്റാന്റിംഗ് കമ്മിറ്റികൾ, കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ, ഓഫീസ് സെക്ഷനുകൾ എന്നിവർ ശ്രദ്ധിക്കേണ്ടതും യഥാർത്ഥമായ കണക്കുകളുടെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബഡ്ജറ്റ് തയ്യാറാക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 31.07.2021 | - | - |

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനക്ക് വിധേയമാക്കിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. റെസീപ്റ്റ് ആന്റ് പെയ്മെന്റിൽ RP-40 (B) Bank ഷെഡ്യൂളിൽ 450210100 -SBT Own Fund ഹെഡിലുള്ള ബാങ്ക് അക്കൗണ്ടിന്റെ (തനത് ഫണ്ട് അക്കൗണ്ട്) 31.03.2021 ൽ തയ്യാറാക്കിയിരിക്കുന്ന ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ താഴെപ്പറയുന്ന അപാകതകളുണ്ട്.

(A) ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് ബുക്ക് ബാലൻസും പാസ്സ് ബുക്ക് ബാലൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല. 85,971.84/- രൂപയുടെ വ്യത്യാസം ഉണ്ട്. 31.03.2021 ലെ ബാങ്ക് ബുക്ക് ബാലൻസ് തുകയായ 63,72,211.96/- രൂപയുടെ കൂടെ Cheque Issued But Not Presented Into Bank തുകയായ 25,52,155.10/- രൂപ കൂട്ടി അതിൽ നിന്നും Cheque Deposited But Not Collected തുകയായ 7,48,149.10/- രൂപ കുറയ്ക്കുമ്പോൾ 81,76,217.96 രൂപയാണ് ലഭിക്കുന്നത് എന്നാൽ പാസ്സ് ബുക്ക് ബാലൻസ്

തുക 82,62,189.80/- രൂപയാണ്.

(B) റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ Cheque Issued But Not Presented Into Bank-ൽ 25,52,155.10/- രൂപയുടെ ചെക്കുകൾ ബാങ്കിൽ നിന്നും പണമാകാതെ അവശേഷിക്കുന്നതായി കാണുന്നു. ഇതിൽ നഗരസഭയിൽ നിന്നും 05.04.2011 മുതൽ 30.03.2021 വരെ നൽകിയിട്ടുള്ള ചെക്കുകൾ ഉൾപ്പെട്ടിട്ടുണ്ട്. മൂന്ന് മാസം വരെയാണ് ചെക്കുകൾക്ക് കാലാവധിയുള്ളൂ. എന്നാൽ 2011 മുതൽ നൽകിയിട്ടുള്ള ചെക്കുകൾ ഇപ്പോഴും റീക്കൺസിലിയേഷൻ വിൻഡോയിൽ തുടരുന്നു. നിശ്ചിത കാലം കഴിഞ്ഞിട്ടും ചെക്കിന്റെ അവകാശി പുതിയ ചെക്കിനായി സമീപിക്കുന്നില്ലായെങ്കിൽ കാലാവധി കഴിഞ്ഞ ചെക്കുകൾ (Stale Cheques) ബാങ്കിൽ പണമായിട്ടില്ലെന്ന് ഉറപ്പ് വരുത്തി നഗരസഭ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭ ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. എന്നാൽ കാലാവധി കഴിഞ്ഞ ചെക്കുകൾ റീകൺസിലിയേഷൻ വിൻഡോയിൽ നിന്ന് ഒഴിവാക്കുന്നതിന് നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

(C) റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ Cheque Deposited But Not Collected ൽ 7,48,149.10/- രൂപയുടെ ചെക്കുകൾ ബാങ്കിൽ പണമായി മാറി ലഭിക്കാതെ അവശേഷിക്കുന്നു. ഇതിൽ നഗരസഭയ്ക്ക് 04.01.2013 മുതൽ 31.03.2021 വരെയുള്ള തീയതികളിൽ ലഭിച്ച ചെക്കുൾ വരെ ഉൾപ്പെട്ടിട്ടുണ്ട്. വിവിധ നികുതി ഇനങ്ങൾ ഉൾപ്പെടെ വ്യക്തികൾ നഗരസഭയ്ക്ക് നൽകുന്ന ചെക്കുകളാണ് ഇത്തരത്തിൽ ബാങ്കിൽ പണമാകാതെ മടങ്ങിയിട്ടുള്ളത്. പണമാകാത്ത ചെക്കുകൾ പരിശോധിച്ച് ആയതിന്റെ രസീതുകൾ ക്യാൻസൽ ചെയ്ത് ടി വ്യക്തികളിൽ നിന്നും പണം ഈടാക്കേണ്ടതാണ് എന്നാൽ 2013 മുതൽ പണമാകാത്ത ചെക്കുകൾ റീകൺസിലിയേഷൻ വിൻഡോയിൽ തുടരുന്നു. നഗരസഭയ്ക്ക് ലഭിക്കേണ്ട പ്രസ്തുത തുകകൾ ബാങ്കിൽ പണമായി മാറി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

(D) എല്ലാ മാസങ്ങളിലും ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

2. റെസീപ്റ്റ് ആന്റ് പെയ്മെന്റിൽ RP-40 (B) Bank ഷെഡ്യൂളിൽ 450610100-Indian Overseas Bank (IHSDP) ബാങ്ക് അക്കൗണ്ടിന്റെ 31.03.2021 ലെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം പാസ്സ് ബുക്ക് ബാലൻസ് 64,44,982.75/- രൂപയാണ് എന്നാൽ ബാങ്ക് പാസ്സ് ബുക്ക് (ബാങ്ക് സ്റ്റേറ്റ്മെന്റ്) പ്രകാരം ബാലൻസ് 74,635.66/- രൂപയാണ് ഇവ തമ്മിൽ 63,70,347.09/- രൂപയുടെ വ്യത്യാസം ഉണ്ട്.

3. റസീപ്റ്റ് ആന്റ് പെയ്മെന്റിൽ RP(40-b) ബാങ്ക് ഷെഡ്യൂളിലെ 450450100 ഹെഡ്ഡിലെ ട്രഷറി അക്കൗണ്ടിന്റെ ബാലൻസ് തുക 8997/-രൂപയാണ് എന്നാൽ പ്രസ്തുത അക്കൗണ്ടിന്റെ പാസ്ബുക്ക്/സ്റ്റേറ്റ്മെന്റ് ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

4. അസിസ്റ്റന്റ് എഞ്ചിനീയർ, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി, പെരുമ്പാവൂർ നഗരസഭ (AUEGS) ലഭ്യമാക്കിയിട്ടുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം പ്രവൃത്തികൾക്കും ഭരണചെലവുകൾക്കുമായി ആകെ 61,69,149.97/- രൂപയുടെ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ റെസീപ്റ്റ് ആന്റ് പെയ്മെന്റ് RP-14 Porgramme Expenses ഷെഡ്യൂളിൽ 250200100 Expenditure On Poverty Eradication Programme ഹെഡ്ഡിൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് 58,64,002/- രൂപയാണ്. ഇവ തമ്മിൽ 3,05,147.97/- രൂപയുടെ വ്യത്യാസം ഉണ്ട്.

5. റെസീപ്റ്റ് ആന്റ് പെയ്മെന്റിൽ RP-11 Administrative Expenses ഷെഡ്യൂളിൽ തനത് ഫണ്ടിൽ നിന്നുള്ള ഭരണചെലവുകളാണ് രേഖപ്പെടുത്തേണ്ടത്. എന്നാൽ ലൈബ്രറി പുസ്തകങ്ങൾ വാങ്ങിയ ഇനത്തിൽ 2,500/- രൂപ (ചെക്ക് നം.520199, 2.04.2020) ചെലവഴിച്ചിട്ടുള്ളത് തെറ്റായി ഈ ഷെഡ്യൂളിലെ 220200100-Books & Periodicals ഹെഡ്ഡിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

6. ബാലൻസ് ഷീറ്റിലെ B18-Loans, Advances And Deposits ഷെഡ്യൂളിൽ ലോൺ, അഡ്വാൻസ് എന്നീ ഇനങ്ങളിൽ നഗരസഭ നൽകിയിട്ടുള്ള തുകകളെ സാധൂകരിക്കുന്ന വിവരങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ നിന്നും ലഭ്യമല്ല. വർഷങ്ങളായി ഒരേ നീക്കിബാക്കി തുക തന്നെയായി തുടരുന്ന അഡ്വാൻസുകളുടെ

വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സാംഖ്യ ഹെഡ് | വാർഷിക ധനകാര്യ പത്രിക (AFS) പ്രകാരം നീക്കി ബാക്കി തുക | | 2020-21നീക്കി ബാക്കി തുക (AFS പ്രകാരം) |
|---|---|---|---|---|
| | | വർഷം | തുക | |
| 1 | 460500203-Advance To Implementing Agencies-Special Funds | 2015-16 | 22,51,981 | 22,51,981 |
| 2 | 460509901-Other Advances-Municipal Funds | 2016-17 | 2,04,906 | 2,04,906 |
| 3 | 460500201-Advance To Implementing Agencies-Municipal Funds | 2017-18 | 5,50,000 | 5,50,000 |
| 4 | 460400101-Advance To Suppliers-Advance Paid-Municipal Fund | 2018-19 | 5,82,006 | 5,82,006 |

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന ഹെഡ്ഡുകളിൽ 2015-16 മുതൽ തുടരുന്ന നീക്കി ബാക്കി തുക തന്നെയാണ് 2020-21 വർഷത്തിലും പല ഹെഡ്ഡുകളിലും തുടരുന്നത്, ഇവയിലുള്ള തുകകൾ ക്രമീകരിക്കുന്നതിനോ, ഈടാക്കുവാനോ, പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഇവയെ അഡ്വാൻസിൽ നിന്നും ഒഴിവാക്കി ആസ്തിയാക്കി മാറ്റുന്നതിനാവശ്യമായ യാതൊരു തുടർ നടപടികളും സ്വീകരിച്ചിട്ടില്ല.

7. ബാലൻസ് ഷീറ്റിലെ B7-Deposits Received എന്ന ഷെഡ്യൂളിൽ വിവിധ ഇനങ്ങളിൽ നഗരസഭയ്ക്ക് ലഭിച്ചിട്ടുള്ള ഡെപ്പോസിറ്റുകൾ ഉൾപ്പെട്ടിട്ടുണ്ട് എന്നാൽ പ്രസ്തുത തുകകളെ സാധൂകരിക്കുന്ന രജിസ്റ്ററുകൾ/അനുബന്ധ രേഖകൾ കാലികമാക്കി (Upto Date) സൂക്ഷിക്കുന്നില്ല. കേരള ഫിനാൻഷ്യൽ കോഡ് (വാള്യം 1) ആർട്ടിക്കിൾ 282 (1) പ്രകാരം 3 വർഷ കാലാവധി പൂർത്തിയാക്കിയ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്കു മുതൽക്കൂട്ടേണ്ടതാണ്. എന്നാൽ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ നഗരസഭ ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നില്ല. വർഷങ്ങളായി ഒരേ നീക്കിബാക്കി തുക തന്നെയായി തുടരുന്ന ഡെപ്പോസിറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സാംഖ്യ ഹെഡ് | വാർഷിക ധനകാര്യ പത്രിക (AFS) പ്രകാരം നീക്കി ബാക്കി തുക | | 2020-21നീക്കി ബാക്കി തുക (AFS പ്രകാരം) |
|---|---|---|---|---|
| | | വർഷം | തുക | |
| 1 | 340100100-Earnest Money Deposit | 2015-16 | 3900 | 3900 |
| 2 | 340100303-Contractors Retension Money - Special Funds | 2015-16 | 71657 | 71657 |
| 3 | 340100302-Contractors Retension Money - Specific Grants | 2016-17 | 1,51,292 | 1,51,292 |
| 4 | 340809900-Other Deposits Received | 2016-17 | 5,58,608 | 5,58,608 |

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന ഹെഡ്ഡുകളിൽ 2015-16 മുതൽ തുടരുന്ന നീക്കി ബാക്കി തുക തന്നെയാണ് 2020-21 വർഷത്തിലും പല ഹെഡ്ഡുകളിലും തുടരുന്നത്, ഇവയിലുള്ളതും മറ്റ് ഹെഡ്ഡുകളിലുമായി കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകളെ കണ്ടെത്തി നഗരസഭ ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനാവശ്യമായ തുടർ

നടപടികൾ സ്വീകരിച്ചിട്ടില്ല.

8. ബാലൻസ് ഷീറ്റിലെ B9-Other Liabilities (Sundry Creditors) എന്ന ഷെഡ്യൂളിൽ വിവിധ ഇനങ്ങളിൽ (റിക്കവറി, ടാക്സ്, സെസ്സ്) നഗരസഭ ഈടാക്കിയിട്ടുള്ള ബാധ്യതകളായിട്ടുള്ള തുകകളാണ് ഉൾപ്പെട്ടിട്ടുള്ളത് എന്നാൽ പ്രസ്തുത തുകകളെ സാധൂകരിക്കുന്ന രജിസ്റ്ററുകൾ /അനുബന്ധ രേഖകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല. സർക്കാരിലേക്ക് അടയ്ക്കേണ്ട തുകകൾ കൃത്യസമയത്ത് അടവാക്കിയിട്ടില്ലെങ്കിൽ പിഴ ഉൾപ്പെടെ അടവാക്കേണ്ടി വരുമെന്നതിനാൽ അവ അതാത് സമയത്ത് തന്നെ അടവാക്കേണ്ടതാണ്. എന്നാൽ വർഷങ്ങളായി ഒരേ നീക്കിബാക്കി തുക തന്നെയായി തുടരുന്ന ബാധ്യതകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സാംഖ്യാ ഹെഡ് | വാർഷിക ധനകാര്യ പത്രിക (AFS) പ്രകാരം നീക്കി ബാക്കി | | 2020-21നീക്കി ബാക്കി തുക (AFS പ്രകാരം) |
|---|---|---|---|---|
| | | വർഷം | തുക | |
| 1 | 350419900-Advance Collection Of Revenues-Other Revenue | 2017-18 | 2,71,550 | 2,71,550 |
| 2 | 350300500-Service Tax Payable | 2017-18 | 53667 | 53667 |
| 3 | 350200215-Recoveries Payable-Kerala Construction Workers Welfare Fund -Specific Grants | 2017-18 | 8776 | 8776 |
| 4 | 350410399-Advance Collection Of Revenues-Other Fees | 2018-19 | 3,42,760 | 3,42,760 |
| 5 | 350400104-Refund Payable-Service Cess | 2018-19 | 1,60,049 | 1,60,049 |
| 6 | 350309900-Others Payable | 2018-19 | 32860 | 32860 |
| 7 | 350200209-Recoveries Payable-Value Added Tax-Municipal Fund | 2018-19 | 1,88,749.50 | 1,88,749.50 |
| 8 | 350300400-VAT Payable | 2019-20 | 1,77,587 | 1,77,587 |

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന ഹെഡ്ഡുകളിൽ 2017-18 മുതൽ തുടരുന്ന നീക്കി ബാക്കി തുക തന്നെയാണ് 2020-21 വർഷത്തിലും പല ഹെഡ്ഡുകളിലും തുടരുന്നത്. എന്നാൽ വർഷങ്ങളായി ഈ ഷെഡ്യൂളിൽ ബാലൻസായി അവശേഷിക്കുന്ന പ്രസ്തുത തുകകൾ സർക്കാരിലേക്ക് അടവാക്കുകയോ, അഡ്വാൻസായി ലഭിച്ചിട്ടുള്ള തുകകളിൽ ജേർണൽ എൻട്രി മുഖേനയുള്ള ക്രമീകരണങ്ങൾ നടത്തുകയോ ചെയ്തിട്ടില്ല.

9. ബാലൻസ് ഷീറ്റിലെ B-5 Secured Loans ഷെഡ്യൂളിലെ അപാകതകൾ:-

(A) 330500201 Loans From KURDFC ഹെഡ്ഡിലെ ലോൺ ബാലൻസ് തുക 1,18,76,657/- രൂപയാണ് എന്നാൽ കേരള അർബൻ & റൂറൽ ഡെവലപ്പ്മെന്റ് ഫൈനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്-ൽ നിന്നും ലഭിച്ചിട്ടുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2021 ലെ ബാലൻസ് തുക 1,18,65,640/-രൂപയാണ് ഇവ തമ്മിൽ 11,017/- രൂപയുടെ വ്യത്യാസം ഉണ്ട്.

(B) 330500202 Loans From HUDCO ഹെഡ്ഡിലെ ലോൺ ബാലൻസ് തുകയെ സാധൂകരിക്കുന്ന വിവരങ്ങൾ HUDCO ലോൺ രജിസ്റ്ററിൽ നിന്നും ലഭ്യമല്ല.

(C) 330500202 Loans Under National Slum Development Project ഹെഡ്ഡിലെ ലോൺ ബാലൻസ് തുകയെ സാധൂകരിക്കുന്ന രജിസ്റ്ററുകൾ/രേഖകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല.

10. ബാലൻസ് ഷീറ്റിലെ B-11 Fixed Assets ഷെഡ്യൂൾ അപാകതകൾ :-

(A) ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ആസ്തികളുടെയും ആസ്തി രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല.

(B) നിർമ്മാണത്തിലിരിക്കുന്ന ആസ്തി രൂപീകരണ പ്രവൃത്തികളുടെ പാർട്ട് ബിൽ ചെലവുകൾ Capital Work In Progress ഹെഡ്ഡുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

(C) വിവിധ ഹെഡ്ഡുകളിലായി രേഖപ്പെടുത്തുന്ന ആസ്തികളുടെ ഡിപ്രീസിയേഷൻ രേഖപ്പെടുത്തുന്നത് വളരെ കുറച്ച് ഹെഡ്ഡുകളിലാണ്. ഓരോ ആസ്തികൾക്കും വ്യത്യസ്തമായ ഡിപ്രീസിയേഷൻ നിരക്കുകൾ നിശ്ചയിച്ചിട്ടുള്ളതിനാൽ ആയതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കിലെടുക്കേണ്ടത്. നിലവിൽ അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ ഹെഡ്ഡുകൾ ഉള്ള ആസ്തികൾ ഒഴിച്ച് ബാക്കി ആസ്തികൾ എല്ലാം അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ അദർ ഫിക്സഡ് അസറ്റ് എന്ന ഹെഡ്ഡിൽ ചേർക്കുന്നതുകൊണ്ട് ആസ്തികളുടെ ശരിയായ മൂല്യം കണക്കാക്കുവാൻ സാധിക്കുയയില്ല. കൂടാതെ ഈ ഷെഡ്യൂളിൽ Concrete Roads, Black Topped Roads, Other Roads, Bridges, Culverts എന്നിവയുടെ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല.

11. (A) വസ്തു നികുതിയുടെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡിമാന്റ് തുക തൻവർഷ ഇൻകം & എക്സ്പെൻഡീച്ചർ ഷെഡ്യൂൾ (I-1)-മായി പൊരുത്തപ്പെടുന്നില്ല.

(B). സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ് തുക തൻവർഷ ഇൻകം & എക്സ്പെൻഡീച്ചർ ഷെഡ്യൂൾ (I-1)-മായി പൊരുത്തപ്പെടുന്നില്ല.

(C). വാടക രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ് തുക തൻവർഷ ഇൻകം & എക്സ്പെൻഡീച്ചർ ഷെഡ്യൂൾ (I-3)-മായി പൊരുത്തപ്പെടുന്നില്ല.

(D). ഡി&ഒ രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ് തുക തൻവർഷ ഇൻകം & എക്സ്പെൻഡീച്ചർ ഷെഡ്യൂൾ (I-4(b))-മായി പൊരുത്തപ്പെടുന്നില്ല.

(വാർഷിക ധനകാര്യ പത്രിക പരിശോധനക്ക് വിധേയമാക്കിയതിൽ കണ്ടെത്തിയ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി 18.02.2022 ലെ കെ.എസ്.എ- പി.ബി.എം-എ2- 24/2022 നമ്പർ പ്രകാരം കത്ത് നൽകിയിരുന്നു. ഇതുപ്രകാരം നഗരസഭ ലഭ്യമാക്കിയ മറുപടി പരിഗണിച്ചതിന് ശേഷമുള്ള അപാകതകളാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്).

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 27896477.26 |
| വരവ് | 258869357.00 |
| ആകെ | 286765834.26 |
| ചെലവ് | 257038155.00 |
| നീക്കിയിരിപ്പ് | 29727679.26 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | | 0 | 32764287 | 32764287 | 32764287 | 0 |
| വികസന ഫണ്ട് എസ്.സി.പി. | | 0 | 5233011 | 5233011 | 5233011 | 0 |
| വികസന ഫണ്ട് ടി.എസ്.പി | | 0 | 57000 | 57000 | 57000 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | | 0 | 34086225 | 34086225 | 34086225 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | | 0 | 6333307 | 6333307 | 6333307 | 0 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 27319085 | 27319085 | 27319085 | 0 |
| പെർഫോമൻസ് ഗ്രാന്റ് KLSGDP | | 0 | 5487943 | 5487943 | 5487943 | 0 |
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസ നിധി | | 112925 | 84709 | 197634 | 150000 | 47634 |
| അയ്യ കാളി നഗര തൊഴിലുറപ്പ് പദ്ധതി | തൊഴിലാളികളുടെ കൂലി | 12106.55 | 7599185 | 7611291.55 | 5471602.58 | 1555219 |
| | ഭരണ ചെലവ് | - | - | - | 584469.97 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| പി.എം.എ.വൈ | | 6044369 | 7119339 | 13163708 | 7160697 | 6003011 |
| എൻ.യു. എൽ.എം | | 868429 | 1292620 | 2161049 | 1611792 | 549257 |
| ശുചിത്വ മിഷൻ | | 3910118 | 0 | 3910118 | 353396 | 3556722 |
| IDSMT | | 7889 | 218 | 8107 | 0 | 8107 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | 0 | 0 | 0 | 0 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | | 0 | 0 | 0 | 0 | 0 |
| ബി ഫണ്ട് | | 0 | 49322000 | 49322000 | 49322000 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 13282587 | 13282587 | 13282587 | 0 |
| തനത് ഫണ്ട് | എസ്. ബി. ഐ. | 1761881.96 | 104726809 | 106488690.96 | 100116479 | 6372211.96 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ട്രഷറി അ ക്കൗ ണ്ട് | PF/ TPI-145 | 5211319 | 9903165 | 15114484 | 15014484 | 100000 |
| | | TPA -163 (RP) | 158761 | 6348 | 165109 | 0 | 165109 |
| | | TPA-108 (CP) | 442980 | 17724 | 460704 | 0 | 460704 |
| എച്ച്.ഡി. എഫ്.സി. | | | 23814 | 7971628 | 7995442 | 2734200 | 5261242 |
| ഇന്ത്യൻ ഓവർസീസ് ബാങ്ക് (IHSDP) | | | 72313.75 | 2380 | 74693.75 | 58 | 74635.75 |
| മറ്റിനം | | 3734494.55 | | 37497683 | 41232177.55 | 35444434 | 5787743.55 |
| ക്യാഷ് | | 206100 | | 179306887 | 179512987 | 178171685 | 1341302 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 307 | 173436457 | 234 | 113134486 | 0 | 73 | 76.04 |

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2020-21 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2020-21 വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 34 | 18277449 | 28 | 14404534 | 78.81 |
| 2 | മുനിസിപ്പൽ എഞ്ചിനിയർ | 6 | 18879043 | 4 | 7730607 | 40.95 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 190 | 90467524 | 148 | 61414371 | 67.89 |
| 4 | കൃഷി ഓഫീസർ | 9 | 4208336 | 9 | 3075969 | 73.09 |
| 5 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 369000 | 1 | 64400 | 17.45 |
| 6 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 1550000 | 1 | 1500000 | 96.77 |
| 7 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 400000 | 1 | 400000 | 100 |
| 8 | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 1285000 | 0 | 0 | 0 |
| 9 | വെറ്റിനറി സർജൻ | 5 | 1822950 | 5 | 607950 | 33.35 |
| 10 | പ്രൊജക്ട് ഓഫീസർ നഗര ദാരിദ്ര്യ ലഘൂകരണ സെൽ | 22 | 16262528 | 13 | 8138033 | 50.04 |
| 11 | ഹെൽത്ത് ഓഫീസർ | 13 | 7495039 | 10 | 5776433 | 77.07 |

| | | | | | | |
|---|---|---|---|---|---|---|
| 12 | മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ | 9 | 4230846 | 7 | 3447441 | 81.48 |
| 13 | ഹെഡ് മാസ്റ്റർ | 1 | 150000 | 0 | 0 | 0 |
| 14 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 11 | 7938742 | 6 | 6474748 | 81.56 |
| 15 | പ്രിൻസിപ്പാൾ, ഗവ.ഹയർ സെക്കണ്ടറി സ്കൂൾ | 1 | 100000 | 1 | 100000 | 100 |
| | ആകെ | 307 | 173436457 | 234 | 113134486 | 65.23 |

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 12106.55 | 7500000.00 | 7611291.55 | 584469.97 | 1555219.00 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | | | 5471602.58 | |
| പലിശ | | 99185.00 | | - | |
| | 12106.55 | 7599185.00 | 7611291.55 | 6056072.55 | 1555219.00 |

പദ്ധതി നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| തൊഴിൽ കാർഡ് എടുത്തവർ | പട്ടിക ജാതി വിഭാഗത്തിൽ പ്പെട്ടവർ | 29 |
| | പട്ടിക വർഗ്ഗ വിഭാഗത്തിൽ പ്പെട്ടവർ | 0 |
| | മറ്റുള്ളവർ | 141 |
| | ആകെ | 170 |
| തൊഴിൽ ആവശ്യപ്പെട്ടവരുടെ എണ്ണം | | 252 |
| തൊഴിൽ ലഭിച്ചവരുടെ എണ്ണം | | 252 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | പട്ടിക ജാതി വിഭാഗത്തിൽ പ്പെട്ടവർ | 2920 |
| | പട്ടിക വർഗ്ഗ വിഭാഗത്തിൽ പ്പെട്ടവർ | 0 |
| | മറ്റുള്ളവർ | 13664 |
| | ആകെ | 16584 |
| 100 ദിവസം തൊഴിൽ ലഭിച്ചവർ | | 60 |
| സാങ്കേതികാനുമതി ലഭിച്ച ആകെ പ്രവൃത്തികൾ | | 90 |
| പൂർത്തീകരിച്ച പ്രവൃത്തികൾ | | 90 |

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ള ചെലവ് തുകയിലും നീക്കിയിരുപ്പ് തുകയിലും വ്യത്യാസമുണ്ട്.ക്യാഷ് ബുക്ക് പ്രകാരം ആകെ ചെലവ് 6169149.97 രൂപയും നീക്കിയിരുപ്പ് തുക 1442141.58 രൂപയുമാണ്. ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ

കൊടുക്കുന്നു. (ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങളാണ് താഴെ ചേർത്തിട്ടുള്ളത്).

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 17,84,900 | 121 |
| വിധവാ പെൻഷൻ | 1,42,73,900 | 1037 |
| വാർദ്ധക്യകാല പെൻഷൻ | 2,85,97,100 | 2154 |
| വികലാംഗ പെൻഷൻ | 42,05,100 | 299 |
| 50 വയസു കഴിഞ്ഞ അവിവാഹി തരായ വനിതകൾക്കുള്ള ധന സഹായം | 4,61,000 | 40 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധന സഹായം | 60,000 | 2 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.04.2022 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസായ 173823/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സാംഖ്യ സോഫ്റ്റ് വെയറിലാണ് നഗരസഭയുടെ അക്കൗണ്ടിങ്ങ് ജോലികൾ നിർവ്വഹിക്കപ്പെടുന്നത്. ബഡ്ജറ്റ് പ്രൊവിഷൻ സാംഖ്യ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്താത്ത സാഹചര്യത്തിൽ ബഡ്ജറ്റ് പരിധി പിന്നിടുന്ന ചെലവിനെ തിരിച്ചറിഞ്ഞ് നിയന്ത്രിക്കുന്നതിന് സോഫ്റ്റ് വെയർ സഹായകമാകുന്നില്ല. ഈ സാഹചര്യത്തിൽ ആവർത്തന ചെലവുകളടക്കം തനതു ഫണ്ടിൽ നിന്നുള്ള ചെലവുകളുടെ കണ്ടിൻജന്റ് ബില്ലുകളിൽ ബഡ്ജറ്റ് പ്രൊവിഷനും അതുവരെ ആയിനത്തിലുള്ള ചെലവും രേഖപ്പെടുത്തി നിയന്ത്രിക്കുന്നതിന് സ്ഥാപനം ശ്രദ്ധ വച്ചിട്ടില്ല.
പദ്ധതി രൂപീകരണം പൂർത്തിയാക്കി വാർഷിക പദ്ധതി ജില്ലാ ആസൂത്രണസമിതി അംഗീകരിച്ച ശേഷം നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ള വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പദ്ധതികൾ ഫലപ്രദമായി മോണിറ്റർ ചെയ്യണമെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.02.2018 -ലെ ജി.ഒ. (പി) നം 17/2018 ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട് (ഖ3.1.2 (ബി) 13). എന്നാൽ നഗരസഭയിൽ തൻവർഷം നടപ്പാക്കിയ പദ്ധതികളൊന്നും തന്നെ മോണിറ്ററിംഗ് കമ്മിറ്റി മോണിറ്റർ ചെയ്തതായി കാണുന്നില്ല. മോണിറ്ററിംഗിന്റെ അഭാവത്തിൽ പദ്ധതി നടത്തിപ്പിലെ പോരായ്മകൾ യഥാസമയം ശ്രദ്ധയിൽപ്പെടാതെ പോയത് ഈ റിപ്പോർട്ടിൽ പരാമർശമായി ഉൾപ്പെടുത്തിയിട്ടുണ്ട്.
പിരിവു ജോലിയുമായി ബന്ധപ്പെട്ട ജീവനക്കാർക്ക് കൃത്യമായ നിർദ്ദേശങ്ങൾ നൽകി തനതു വരുമാനം കാലഹരണപ്പെട്ടു പോകാതെ പിരിച്ചെടുക്കുന്നതിന് കൃത്യമായ ഇടവേളകളിൽ റവന്യൂ മീറ്റിംഗ്, റിവ്യൂ മീറ്റിംഗ് എന്നിവ നടത്തുന്നില്ല. വിവിധ കുത്തകാവകാശങ്ങൾ ലേലം ചെയ്തവർ നഗരസഭയുമായി കരാർ വച്ചിട്ടില്ല. സംസ്ഥാന സർക്കാറിനു ലഭിക്കേണ്ട സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിലെ വരുമാനം നഷ്ടമാകുന്നതിനു പുറമെ കുടിശ്ശിക വരുത്തുന്നവരിൽ നിന്ന് നിയമ നടപടിയിലൂടെ തുക ഈടാക്കുന്നതിനുള്ള സാധ്യതയും ഇതു മൂലം ഇല്ലാതാകുന്നു. കിസ്തിളവ് അനുവദിക്കേണ്ട സാഹചര്യമുണ്ടായാൽ കരാർ വയ്ക്കാത്തവരുടെ ഇളവ് അനുവദിക്കൽ അപേക്ഷ പരിഗണിക്കുവാനും സാധിക്കുകയില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.06.2016 മുതൽ 2.07.2016 വരെ | 2014-15 & 2016-16 | ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.02.2020 | 2017-18 മുതൽ 2018-19 വരെ | 20.05.2020 |

1-11 പെൻഷൻ ഫണ്ട്

1.റഗുലർ ജീവനക്കാരുടെ പെൻഷൻ വിതരണം - സെൻട്രൽ ഫണ്ടിൽ നിന്നും തുക ലഭിക്കുന്നില്ല.

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം -റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം (6) പ്രകാരം രൂപീകരിച്ച സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി ഒടുക്കേണ്ടതാണ് (ചട്ടം7(2). ശമ്പളബില്ലിന്റെ തുക പെൻഷൻ വിഹിതം ഉൾപ്പെടെ ഒന്നായി പിൻവലിക്കേണ്ടതും അറ്റ ശമ്പളമായി പിൻവലിക്കാൻ പാടില്ലാത്തതുമാണ്. പെൻഷൻ വിഹിതം കൃത്യമായി അടച്ചിട്ടും സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും അർഹതപ്പെട്ട പെൻഷൻ അലോട്ട്മെന്റ് ലഭിക്കാത്തതിനാലും മുനിസിപ്പൽ ഫണ്ടിന്റെ അപര്യാപ്തത മൂലവും 2009 സെപ്റ്റംബർ മാസം മുതൽ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് പെൻഷൻ വിഹിതം അടവാക്കിയിട്ടില്ല. റഗുലർ ജീവനക്കാരുടെ പെൻഷൻ വിതരണത്തിനായി പെരുമ്പാവൂർ നഗരസഭയിൽ റ്റി.പി.എ. അക്കൗണ്ട് (റ്റി.പി.എ 163) ഉണ്ട്. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് ആവശ്യത്തിനു തുക അനുവദിക്കാത്തതിനാൽ നഗരസഭാ ഫണ്ടിൽ നിന്ന് റ്റി.പി.എ അക്കൗണ്ടിലേയ്ക്ക് തുക മാറ്റിയിട്ടാണ് പെൻഷൻ നൽകുന്നത്. 31.03.2021 ൽ 76 റഗുലർ പെൻഷൻകാരാണ് നഗരസഭയിൽനിന്ന് പെൻഷൻ കൈപ്പറ്റുന്നത്.

പെൻഷൻ ഇനത്തിൽ തൻവർഷം 1,59,32,448 രൂപ ചെലവായപ്പോൾ 46,58,799 രൂപ മാത്രമാണ് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നു ലഭിച്ചിട്ടുള്ളത്. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് പെൻഷൻ വിതരണത്തിനുള്ള തുക ലഭിക്കാത്തതിനാൽ മുനിസിപ്പൽ ഫണ്ടിൽ നിന്ന് പെൻഷൻ നൽകേണ്ടി വരുന്നതു് നഗരസഭയ്ക്ക് അധിക ബാധ്യതയാകുന്നു. . ശമ്പളത്തോടൊപ്പം പെൻഷൻ നൽകുന്നതിനും തുക കണ്ടെത്തേണ്ടി വരുന്നതിനാൽ നഗരസഭാ ഫണ്ട് വികസന പ്രവർത്തനങ്ങൾക്കു വിനിയോഗിക്കുന്നതിന് പര്യാപ്തമാകുന്നില്ല. വാർഷിക കണക്കിലെ ബി 9 ഷെഡ്യൂളനുസരിച്ച് നഗരസഭ 2,31,13,039 രൂപ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് അടവാക്കാനുണ്ട്.

2.കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് രൂപീകരണം

1994 ലെ കേരള മുനിസിപ്പൽ നിയമം വകുപ്പ് 222(1), 565(1) എന്നിവയിലെ അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ 1997 ലെ കേരള മുനിസിപ്പൽ കണ്ടിൻജന്റ് എംപ്ലോയീസ് ഡെത്ത് കം റിട്ടയർമെന്റ് ബെനഫിറ്റ് റൂൾസ് രൂപീകരിക്കുകയും തദ്ദേശ ഭരണ വകുപ്പിന്റെ 3.5.1997 ലെ ജി.ഒ.(പി) 96/97 ഉത്തരവായി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ജീവനക്കാരന്റെ മൊത്ത ശമ്പളത്തിന്റെ 15% എന്ന നിരക്കിൽ നഗരസഭ പ്രതിമാസ വിഹിതം പെൻഷൻ ഫണ്ടിനായി രൂപീകരിക്കുന്ന ട്രഷറി സേവിംഗ്സ് ബാങ്കിൽ നിക്ഷേപിക്കണമെന്നും പെൻഷൻ അംശദാനം പ്രതിമാസ ശമ്പള ബില്ലിന്റെ ഒരു ഭാഗമായിത്തന്നെ പിൻവലിക്കണമെന്നും ഈ ഉത്തരവിൽ നിർദ്ദേശമുണ്ട്. എന്നാൽ നഗരസഭയിൽ ഇപ്രകാരം പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല. പെൻഷൻ വിതരണത്തിന് ട്രഷറിയിൽ ആരംഭിച്ച റ്റി.പി.എ. (റ്റി പി എ 108)അക്കൗണ്ടിലേക്ക് എല്ലാ മാസവും നഗരസഭാ ഫണ്ടിൽ നിന്നും പെൻഷൻ വിതരണത്തിനുള്ള തുക ട്രാൻസ്ഫർ ചെയ്തു ശേഷം പിൻവലിച്ചാണ് പെൻഷൻ നൽകി വരുന്നത്. പെൻഷൻ അംശദാനം കൂടി ചേർത്ത് മൊത്ത ശമ്പളം പിൻവലിക്കുന്നുമില്ല. 54 കണ്ടിൻജന്റ് പെൻഷൻകാർക്ക് തൻവർഷം പെൻഷൻ നൽകുന്നതിന് 94,24,048 രൂപ നഗരസഭ ചെലവഴിച്ചിട്ടുണ്ട്.

1-12 സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം

1.ധനകാര്യം

1994 -ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 22, ഉപവകുപ്പ് 1 (ഡി) 1 മുതൽ 10 വരെയാണ് മുനിസിപ്പൽ കൗൺസിലിന്റെ ധനകാര്യസ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ അധികാരങ്ങളും ചുമതലകളും വിശദമാക്കിയിട്ടുള്ളത്. ധനകാര്യസ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 2020-21 വർഷത്തെ മിനിട്സ്

പരിശോധിച്ചതിന്റെ വിശദാംശം താഴെ ചേർക്കുന്നു. ബഡ്ജറ്റ് ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച് മേൽനോട്ടം വഹിക്കുകയും നഗരസഭയ്ക്ക് കിട്ടേണ്ടതായ എല്ലാ തുകകളുടെയും യഥാസമയത്തുള്ള തിട്ടപ്പെടുത്തലും ഈടാക്കലും ശ്രദ്ധാപൂർവ്വം നിരീക്ഷിക്കുകയും ചെയ്യേണ്ടത് ഉപവകുപ്പ് 1 (ഡി ) (1) പ്രകാരമുള്ള ചുമതലയാണ്. ബഡ്ജറ്റ് ഗ്രാന്റുകളുടെ വിനിയോഗം വിലയിരുത്തുന്ന ഒരു അജൻഡ പോലും തൻവർഷം കമ്മിറ്റി ചർച്ചയ്ക്കെടുത്തിട്ടില്ല. നഗരസഭയ്ക്കു കിട്ടേണ്ടതായ നികുതി, ഫീസ്, വാടക, മറ്റു തുകകൾ എന്നിവ യഥാസമയം തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നതിൽ സ്റ്റാന്റിങ്ങ് കമ്മിറ്റി ശ്രദ്ധ വയ്ക്കുന്നില്ല. ഉദാ: ടൗൺ ഹാൾ,സുഭാഷ് മൈതാൻ, വല്ലം റസ്റ്റ് ഹൗസ് എന്നിവിടങ്ങളിലെ വാടക വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച അജൻഡ 12.05.2020 -ൽ ചേർന്ന യോഗം വിശദമായ പഠനത്തിനു മാറ്റി വച്ചു. എന്നാൽ പിന്നീട് ഈവിഷയം പരിഗണിച്ചിട്ടില്ല.

മുനിസിപ്പൽ കൗൺസിൽ ചെലവാക്കാനുദ്ദേശിക്കുന്ന ഏതൊരു തുകയും കൗൺസിൽ അംഗീകരിച്ച ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതാണോയെന്നും അതിലേയ്ക്ക് ആവശ്യമായ തുകയുണ്ടോയെന്നും പരിശോധിക്കേണ്ടത് ഉപവകുപ്പ് (1) (ഡി )(8) പ്രകാരമുള്ള ചുമതലയാണ്. ചെലവനുവാദത്തിനായി കമ്മിറ്റിയുടെ പരിഗണനയ്ക്കുവരുന്ന അജൻഡകളിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ യും ഇതിനകം വന്ന ചെലവിന്റെയും വിവരം കുറിപ്പായി ചേർക്കുന്നില്ല. അതിനാൽ വിഹിതം ഉണ്ടോയെന്ന് പരിശോധിക്കാതെയാണ് ചെലവുകൾ അംഗീകരിച്ച് കമ്മിറ്റി തീരുമാനമെടുക്കുന്നത്. നികുതി സംബന്ധമായ അപ്പീലുകൾ തീർപ്പാക്കുന്നതിനും നികുതി ചുമത്തുന്നതിൽ നിന്നും വിട്ടുപോയ കേസുകളിൽ നികുതി ചുമത്തുന്നതിലേയ്ക്കും മൂല്യം കുറച്ച് നികുതി ചുമത്തിയ കേസുകൾ പുന:പരിശോധിക്കുന്നതിലേയ്ക്കും സെക്രട്ടറിക്ക് നിർദ്ദേശം നൽകേണ്ടത് ഉപവകുപ്പ് (1) (ഡി)(10) പ്രകാരമുള്ള കമ്മിറ്റിയുടെ ചുമതലയാണ് നികുതി സംബന്ധമായ അപ്പീലുകൾ കമ്മിറ്റി പരിഗണിക്കുന്നുണ്ടെങ്കിലും നികുതി ചുമത്തുന്നതിൽനിന്നും വിട്ടുപോയ കേസുകളിൽ നികുതി ചുമത്തുന്നതിലേയ്ക്കും മൂല്യം കുറച്ച് നികുതി ചുമത്തിയ കേസുകൾ പുന:പരിശോധിക്കുന്നതിലേയ്ക്കുമുള്ള അജൻഡകൾ കമ്മിറ്റി പരിഗണിച്ചിട്ടില്ല.

നഗരസഭയുടെ സാമ്പത്തികസ്ഥിതി വളരെ ശോചനീയമാണ്.സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള തീരുമാനങ്ങളോ നിർദ്ദേശങ്ങളോ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. മിനിട്സ് പരിശോധിച്ചതിൽ 2020-21 സാമ്പത്തികവർഷം ഒരു തവണ മാത്രമാണ്കമ്മിറ്റി സാമ്പത്തികസ്ഥിതി പരിശോധിച്ച് വിലയിരുത്തിയതായി കാണുന്നത്. 29.09.2020 -ൽ ചേർന്ന യോഗം നഗരസഭയുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്ന വിഷയം ചർച്ച ചെയ്യുകയും ബിൽ കളക്ടർമാർക്ക് ടാർജറ്റ് നിശ്ചയിച്ചുകൊടുത്ത് റവന്യൂ ഓഫീസർ പരിശോധിച്ച് മാസാവസാനം സെക്രട്ടറി മുഖേന ധനകാര്യകമ്മിറ്റിക്ക് സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ പിന്നീട് ഈ വിഷയം കമ്മിറ്റി പരിഗണിച്ചിട്ടില്ല.

2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് റൂൾസ്, റൂൾ 23-ൽ മുനിസിപ്പാലിറ്റി പിരിച്ചെടുത്ത ഏതെങ്കിലും തുകയുടെ മടക്കി നൽകലിനെപ്പറ്റി വിശദീകരിക്കുന്നു. തിരിച്ചുനൽകൽ പരമാവധി ഭാവിയിൽ ലഭിക്കാനുള്ള തുകയിൽ തട്ടിക്കിഴിച്ച് ക്രമീകരിക്കേണ്ടതാണെന്ന് ചട്ടം വ്യക്തമാക്കുമ്പോൾ തിരിച്ചു നൽകാനാണ് സ്റ്റാന്റിങ്ങ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളത്.

2.പൊതുമരാമത്ത്

2020-21 കാലയളവിൽ നഗരസഭയുടെ മരാമത്ത് കാര്യ സ്റ്റാൻറിംഗ് കമ്മിറ്റി മരാമത്ത് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് എടുത്ത തീരുമാനങ്ങളും തുടർ പ്രവർത്തനങ്ങളും ചുവടെ കൊടുക്കുന്നു.

(എ). 08.07.2020 ലെ മരാമത്ത് കാര്യ സ്റ്റാൻറിംഗ് കമ്മറ്റി തീരുമാന പ്രകാരം നഗരസഭ പരിധിയിലെ വിവിധ ഹൈമാസ്റ്റ് ലൈറ്റുകൾ പ്രവർത്തിക്കുന്നില്ലായെന്നും ആയത് അടിയന്തിരമായി പ്രവർത്തന ക്ഷമ മാക്കണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ തുടർ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ കമ്മിറ്റിക്ക് സാധിച്ചിട്ടില്ല.

(ബി).15.07.2020-ലെ 6-മത്തെ അജണ്ടയായി ഉൾപ്പെടുത്തിയ നഗരസഭയിൽ മുൻകാലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള എൽ.ഇ.ഡി. ലൈറ്റുകളിൽ ഭൂരിഭാഗം ലൈറ്റുകളും കത്താതെ നിൽക്കുന്നതിനാൽ ടി-

ലൈറ്റുകളുടെ പാർട്സുകൾ മാറ്റുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കുവാൻ കമ്മിറ്റി തീരുമാനിച്ചെങ്കിലും തുടർ നടപടികളുണ്ടായില്ല.

(സി).27.08.2020-ലെ അജണ്ട 6-പ്രകാരം മുനിസിപ്പൽ മാൾ ഷോപ്പിംഗ് കോംപ്ലക്സിലെ കെട്ടിട മുറികൾ വൃത്തിഹീനമായി കിടക്കുന്നതിനാൽ കട മുറികളിൽ കച്ചവടം നടത്തുവാൻ യോഗ്യമല്ലായെന്ന് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ നാളിതുവരെ തുടർ നടപടികൾ സ്വീകരിക്കുകയോ, അപാകതക്ക് പരിഹാരം കണ്ടെത്താനോ സാധിച്ചിട്ടില്ല. 7-മത്തെ അജണ്ടപ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ 20-521-പദ്ധതിയിൽ പ്രത്യേക പരിഗണന നല്കേണ്ട പന്ത്രണ്ടിന പരിപാടികളിൽ പൊതു ടോയലറ്റുകളും, ടേക്ക് – എ. ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തി പൊതു ശുചിമുറികളുടെ നിർമ്മാണവും നവീകരണവും സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ടുള്ള ബഹു.കേരള സർക്കാരിന്റെ 27/07/2020 -ലെ 1401/20, ത.സ്വ.ഭ.വ ഉത്തരവ് പരിഗണന വിധേയമാക്കേണ്ടതാണെന്ന് കാണിച്ച് നിർദ്ദേശങ്ങൾ വന്നെങ്കിലും പരിഗണന വിധേയമായിട്ടില്ല. പ്രത്യേകിച്ച സ്ത്രീകൾക്കും യാത്രക്കാർക്കും ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ ദേശീയ സംസ്ഥാന പാതയോരങ്ങളിലും, പാതയോരങ്ങളിൽ സ്ഥിതിചെയ്യുന്ന സർക്കാർ പൊതുമേഖല സ്ഥാപനങ്ങളുടെ പരിസരങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഓഫീസ് പരിസരം, വാണിജ്യ കേന്ദ്രങ്ങൾ, ബസ്സ്റ്റാൻെറ് /ബസ് സ്റ്റോപ്പ് -പരിസരങ്ങൾ എന്നിവിടങ്ങളിലാണ് 2020-21 വർഷം പദ്ധതി നടപ്പാക്കേണ്ടിയിരുന്നത്. ആയതിലെ തുടർ നടപടി നാളിതുവരെ സ്വീകരിച്ചിട്ടില്ല.

(ഡി) 29.09.2020-ലെ അജണ്ട 1-പ്രകാരം നഗരസഭയുടെ ന്യൂപ്രൈവറ്റ് ബസ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ കട മുറികൾ വാടകയ്ക്ക് എടുത്തിരുന്ന കരാറുകാരിൽ ചിലർ നഗരസഭയുടെ അറിവോ, സമ്മതമോ കൂടാതെ വരാന്ത അടച്ചുകെട്ടി എടുത്തിട്ടുണ്ടെന്ന പരാതിയുടെ അടിസ്ഥാനത്തിൽ വാടകക്കാരായ 22-പേർക്ക് എതിരെ നോട്ടീസ് നല്കിയതിൽ തുടർനടപടികൾ വ്യക്തമാക്കിയിട്ടില്ല.

(ഇ) 30.10.2020-ലെ അജണ്ട 6 പ്രകാരം വാർഡ് 15-ൽ ഉൾപ്പെട്ട നാഗഞ്ചേരി മന പ്രദേശത്ത് സാമൂഹിക വിരുദ്ധരുടെ ശല്യം മൂലം, മനയുടെ നിലനില്പിനും മനയിലും പരിസര പ്രദേശങ്ങളിലും സി.സി.ടി.വി. സ്ഥാപിക്കണമെന്ന പരാതിയിന്മേൽ തീരുമാനം തുടർ നടപടികളിലൂടെ പരിഗണന വിധേയമാക്കിയിട്ടില്ല.

(എഫ്) 25.02.21-ലെ അജണ്ട 3- പ്രകാരം നഗരസഭ പരിധിയിലെ തെരുവു വിളക്കുകൾക്ക് പകരം എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുന്ന 'നിലാവ് ' പദ്ധതിയുടെ നിർവഹണം തീരുമാനത്തിൽ മാത്രം ഒതുങ്ങി.

അജണ്ട 11-പ്രകാരം "തോടുകളുടെ സംരക്ഷണഭിത്തി നിർമ്മാണം" 370/20-21- ൽ ആകെ അടങ്കൽ തുകയായ 1499999/- രൂപയായി നിശ്ചയിച്ചെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട തോടുകളുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി കൗൺസിലിലേക്ക് ശുപാർശ ചെയ്തെങ്കിലും തുടർ നടപടികളോ, പദ്ധതി നടത്തിപ്പോ ഉണ്ടായിട്ടില്ല.

## 1-13 കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

### 1.കമ്മ്യൂണിറ്റി കിച്ചൺ

കൊവിഡ് വ്യാപനത്തെത്തുടർന്ന് ലോക്ക് ഡൗൺ പ്രഖ്യാപിച്ച സമയത്ത് സർക്കാർ ഉത്തരവിൽ (26.03.2020-ലെ 713/2020, 03.04.2020 -ലെ 733/2020 തസ്വഭവ) നിർദ്ദേശിച്ച പ്രകാരം നഗരസഭയിലെ ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ കമ്മ്യൂണിറ്റി കിച്ചൺ 27.03.2020 മുതൽ പ്രവർത്തനമാരംഭിച്ചു. ഉത്തരവിലെ നിർദ്ദേശമനുസരിച്ച് മോണിട്ടറിങ്ങ് കമ്മിറ്റി രൂപീകരിക്കുകയും അടുക്കളയുടെ നടത്തിപ്പിന്റെ ചുമതല നഗരസഭയിലെ ഹെൽത്ത് വിഭാഗത്തിന് ഏല്പിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. അടുക്കളയിലേയ്ക്ക് പണമായും, ഭക്ഷ്യ വസ്തുക്കളായും സംഭാവനകൾ ലഭിച്ചിരുന്നു. വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സംഭാവനയായി 2,46,610/- രൂപ ലഭിച്ചു. ഈ തുകയ്ക്ക് രസീത് നല്കി തനതു ഫണ്ടിൽ വരവു വച്ചിട്ടുണ്ട്. സംഭാവനയായി ലഭിച്ചതും നഗരസഭ വാങ്ങിയതുമായ ഭക്ഷ്യവസ്തുക്കളും സ്റ്റോക്കിലെടുത്തിട്ടുണ്ട്.

ലോക്ക് ഡൗൺ പിൻവലിച്ച ശേഷം 03.05.2020 ൽ കമ്മ്യൂണിറ്റി കിച്ചണിന്റെ പ്രവർത്തനം അവസാനിപ്പിച്ചു. നഗരസഭ ഹാജരാക്കിയ രേഖകളനുസരിച്ച് കമ്മ്യൂണിറ്റി കിച്ചണിന്റെ നടത്തിപ്പിനായി 2,58,268/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ ഒരു ലക്ഷം രൂപ പച്ചക്കറി വിത്തുകളും തൈകളും വാങ്ങി വിതരണം ചെയ്തയിനത്തിൽ സ്റ്റേറ്റ് സീഡ് ഫാം ഒക്കലിന് അനുവദിച്ച തുകയാണ്.

കമ്മ്യൂണിറ്റി കിച്ചണിന്റെ പ്രവർത്തനം അവസാനിപ്പിച്ച ശേഷം ബാക്കി വന്ന ഭക്ഷ്യയോഗ്യമായ 1360 കിലോ അരി ലേലം ചെയ്ത് തുക ചെയർമാന്റെ ദുരിതാശ്വാസനിധിയിൽ വരവുവയ്ക്കുന്നതിന് 22.02.2021 -ൽ ചേർന്ന കൗൺസിൽ യോഗം തീരുമാനമെടുത്തു (തീരുമാനം 32 ). 02.03.2021 -ൽ നടന്ന ലേലത്തിൽ കൂടിയ തുക ക്വോട്ടു ചെയ്ത (കിലോഗ്രാമിന് 8/- രൂപ) മുണ്ടേത്ത് അഗ്രോ മിൽസിന് ലേലം ഉറപ്പിച്ചു നൽകുകയും ലഭിച്ച 10880/- രൂപ 08.03.2021 ൽ ദുരിതാശ്വാസ നിധി അക്കൗണ്ടിൽ വരവു വയ്ക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യകതയുടെ അഭാവത്തിൽ പ്രവർത്തനം നിർത്തി വെച്ച കമ്മ്യൂണിറ്റി കിച്ചണുകളിൽ സംഭാവനയായും സ്പോൺസർഷിപ്പ് മുഖേനയും ലഭിച്ച ഭക്ഷ്യ വസ്തുക്കളിൽ ശേഷിക്കുന്നവ കെയർ ഹോമുകൾക്കും അഗതി രഹിത കേരളം പദ്ധതിയിൽ അതത് തദ്ദേശ സർക്കാരുകൾ തെരഞ്ഞെടുത്തിട്ടുള്ളവർക്കും തദ്ദേശ സ്ഥാപനതല മോണിട്ടറിങ്ങ് കമ്മിറ്റിയുടെ അംഗീകാരത്തിനു വിധേയമായി വിതരണം ചെയ്യണമെന്നാണ് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 01.06.2020 -ലെ ഐ.എ 1/ *116* / 2020 നം. സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളതെന്ന വിവരം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2.കൊവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ

കൊവിഡ് 19 സ്ഥിരീകരിച്ചിട്ടുള്ള രോഗികളെ പരിചരിക്കുന്നതിനായി നഗരസഭയുടെ ഇ.എം.എസ്. ടൗൺഹാളിൽ കൊവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ സജ്ജീകരിച്ച് 20.07.2020 മുതൽ പ്രവർത്തനമാരംഭിച്ചു. പ്രവർത്തന ചെലവിലേയ്ക്കായി വാർഷിക പദ്ധതിയിൽ പ്രത്യേക പദ്ധതി രൂപീകരിച്ച് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. (പ്രോജക്റ്റ് നം.0315/2021). കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നു ലഭിച്ച 10 ലക്ഷം രൂപ ചെയർമാന്റെയും നോഡൽ ഓഫീസറുടെയും പേരിൽ ഫെഡറൽ ബാങ്കിൽ തുടങ്ങിയ അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ട് അതിൽ നിന്നും പദ്ധതി വിഹിതത്തിൽ നിന്നുമാണ് ചെലവുകൾ നടത്തിയിട്ടുള്ളത്. ജില്ലാ ഭരണ കൂടത്തിൽ നിന്നു ലഭിച്ച തുകയിൽ നിന്ന് 994277/- രൂപ ചെലവാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടിൽ പലിശയുൾപ്പെടെ 7992/- രൂപ 31.03.2021 ൽ നീക്കിയിരുപ്പുണ്ട്. പദ്ധതി വിഹിതത്തിൽ നിന്ന് 41,83,070/- രൂപ കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ചെലവാക്കിയിട്ടുണ്ട്. 24.03.2021 ൽ സി.എഫ്. എൽ.റ്റി.സി യുടെ പ്രവർത്തനം അവസാനിപ്പിച്ചു.

## 1-14 ലൈസൻസ് പുതുക്കാതെ പ്രവർത്തിച്ചത്

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ഭേദഗതി ഉത്തരവ് പ്രകാരം മുനിസിപ്പാലിറ്റികളിൽ 30.11.2020 നിലവിൽ വന്നിട്ടുണ്ട്. ഭേദഗതി പ്രകാരമുള്ള ലൈസൻസ് ഫീസ് നടപ്പാക്കാത്തതിനാൽ നിലവിലുണ്ടായിരുന്ന പഴയ രീതി തുടരുകയാണ് ചെയ്തിട്ടുള്ളത്. 2011-ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ 6-ാംചട്ട പ്രകാരം അനുവദിക്കപ്പെട്ട ഒരു ലൈസൻസ് അതിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പ് ചട്ടം 11-ലെ വ്യവസ്ഥകളനുസരിച്ച് പുതുക്കേണ്ടതാണ്. എന്നാൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കാതെ പ്രവർത്തിച്ചു വരുന്നു.ഇതുപ്രകാരം നഗരസഭയ്ക്ക് 7000/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഓരോ വാർഡിലേയും ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കാത്തതിനാൽ ഡി.&ഒ. ലൈസൻസ് ഈടാക്കിയതിലെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല.വിശദവിവരം ഖണ്ഡിക 2-1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-15 പെർമിറ്റ് കാലാവധി കഴിഞ്ഞ കെട്ടിടത്തിന് ഫീസ് ഈടാക്കാതെ വസ്തുനികുതി നിർണ്ണയം നടത്തി നമ്പർ അനുവദിച്ചു

2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ അദ്ധ്യായം II- ചട്ടം 15(3) പ്രകാരം പെർമിറ്റ് കാലാവധി കഴിഞ്ഞ കെട്ടിടങ്ങളുടെ പെർമിറ്റ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള ഫീസ് കാലാവധി ദീർഘിപ്പിച്ച് നൽകുന്ന സമയത്ത് നിലവിലുള്ള പെർമിറ്റ് ഫീസിന്റെ 10% ആയിരിക്കുന്നതാണ്. എന്നാൽ ശ്രീ. കെ.കെ മുഹമ്മദ്, കാനാമ്പുറം, ഇരിങ്ങോൾ പി.ഒ എന്ന വ്യക്തിയുടെ പെരുമ്പാവൂർ വില്ലേജിൽ സർവ്വേ നം. S-260/10B R-3 ൽ 1853.47ച.മീറ്റർ പ്ലിന്ത് ഏരിയയുള്ള വ്യത്യസ്ത ഉപയോഗ ക്രമമുള്ള കെട്ടിടത്തിന് പെർമിറ്റ് കാലാവധി കഴിഞ്ഞതിന് ശേഷം സാധുതാ കാലയളവിനുള്ളിൽ കാലാവധി ദീർഘിപ്പിക്കാതെയാണ് വസ്തുനികുതി നിർണ്ണയം നടത്തി നമ്പർ അനുവദിച്ചിട്ടുള്ളത്. ഇതുപ്രകാരം നഗരസഭയ്ക്ക് 1853/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 2-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-16 വാർഷിക വസ്തുനികുതി തുക ഈടാക്കിയതിൽ കുറവ്

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 6 പട്ടിക 2 പ്രകാരം കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയം നടത്തുമ്പോൾ കെട്ടിടത്തിലേക്കുള്ള പ്രവേശന മാർഗ്ഗമായിട്ടുള്ള റോഡിന്റെ വീതി അഞ്ചു മീറ്ററോ അതിൽ കൂടതലോ ആണെങ്കിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് കണക്കാക്കേണ്ടതുണ്ട്. എന്നാൽ ശ്രീ. ഷിറാസ് എൻ.എ, നാനേത്താൻ, എരൂർ നോർത്ത്, എരൂർ പി.ഒ. എറണാകുളം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള പെരുമ്പാവൂർ വില്ലേജിൽ റീസർവ്വേ നം. 8,9 ൽ പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടത്തിന് 03.12.2020-ൽ വസ്തുനികുതി നിർണ്ണയ പ്രകാരം 24/356 A,B എന്നീ കെട്ടിട നമ്പർ നല്കിയിട്ടുള്ളത് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവ് കണക്കാക്കാതെയാണ്. ഇതുപ്രകാരം നഗരസഭയ്ക്ക് 441/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 2-3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-17 ഒറ്റ തവണ കെട്ടിട നികുതി അടവാക്കാതെ വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചത്

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന കെട്ടിടങ്ങൾക്ക് പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ അങ്ങനെ കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തുനികുതി ഈടാക്കുമ്പോഴും 1975-ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5 (1) പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു പ്രകാരം ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറ വിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണെന്ന് തദ്ദേശ സ്വയം ഭരണ (ആർ.ഡി) വകുപ്പിന്റെ 09.07.2015 ലെ സ.ഉ. (എം.എസ്.) നം. 231/15/തസ്വഭവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

എന്നാൽ പെരുമ്പാവൂർ നഗരസഭയിൽ 2020-21 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് മുകളിൽ പറഞ്ഞിരിക്കുന്ന ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിൽ നിന്നും ലഭ്യമാകുന്ന ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ / റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ സ്വീകരിക്കാതെയാണ് വസ്തുനികുതി നിർണ്ണയം നടത്തി പുതിയതായി നമ്പർ അനുവദിച്ചിരിക്കുന്നത് . വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര്, മേൽവിലാസം | കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|
| 1 | 1/133/B | ജോസ് വർഗ്ഗീസ്, വാളൂക്കാരൻ, റയോൺപുരം | പാർപ്പിടം |
| 2 | 5/233/B മുതൽ 233/F വരെ | ഹരിഹരൻ നായർ, ചക്കംപറമ്പിൽ, | വാണിജ്യം |

| | | | |
|---|---|---|---|
| | | കാഞ്ഞിരക്കാട് | |
| 3 | 7/529/A മുതൽ 529G വരെ | വി.എ.ഫിറോസ്, വാരിക്കാടൻ, വെങ്ങോല | വാണിജ്യം |
| 4 | 8/654/A | ഉണ്ണികൃഷ്ണൻ, പറമ്പത്ത്, പെരുമ്പാവൂർ | പാർപ്പിടം |
| 5 | 9/116/B | സന്തോഷ് എസ്, സിത്താര, പൂപ്പാനി | പാർപ്പിടം |
| 6 | 12/148/A | ഇക്ബാൽ, കരുമക്കാട്ട്, ഒന്നാംമൈൽ, പെരുമ്പാവൂർ | പാർപ്പിടം |
| 7 | 13/411/A | ജഗദീഷ് കുമാർ, കായത്ത്, ഇരിങ്ങോൾ പി.ഒ | പാർപ്പിടം |
| 8 | 15/152/B | അനിൽ പി.വർഗ്ഗീസ്, പുളിപ്പറമ്പിൽ, ഇരിങ്ങോൾ പി.ഒ | പാർപ്പിടം |
| 9 | 17/88/B,C | സണ്ണി കുര്യാക്കോസ്, അറയ്ക്കൽ, പട്ടാൽ | പാർപ്പിടം |
| 10 | 18/327/A | സർജു.ബി & സന്ധ്യ, ലക്ഷ്മി നിവാസ്, കുമ്മനോട് | പാർപ്പിടം |
| 11 | 19/431/B,C | കെ.എം.മുഹമ്മദ്, കാനാമ്പുറം, പെരുമ്പാവൂർ | പാർപ്പിടം |
| 12 | 20/711/A,B,C | വി.കെ ജനാർദ്ദനൻ നായർ, വടക്കേ പുത്തൻപുര, വാരപ്പെട്ടി പി.ഒ | വാണിജ്യം |
| 13 | 21/2925/A | മാഹിൻകുട്ടി, കോക്കാടൻ, അല്ലപ്ര | വാണിജ്യം |
| 14 | 22/56A | ഷാബിറ, നാനേത്താൻ, റയോൺപുരം | ഗോഡൗൺ |
| 15 | 22/655/D,E | സൗദ യൂസഫ്, ആലങ്ങായിൽ, മുടിക്കൽ പി.ഒ | വാണിജ്യം |
| 16 | 23/311/C | സതീഷ് കെ.കെ, കുട്ടമഠം, രായമംഗലം | പാർപ്പിടം |
| 17 | 23/388/A | എം.എം.കുഞ്ഞുമുഹമ്മദ്, മേച്ചേരി, വെങ്ങോല | വാണിജ്യം |
| 18 | 24/364/A | അൻസാരി യൂസഫ്, മേടയിൽ, പെരുമ്പാവൂർ | പാർപ്പിടം |
| 19 | 24/144/B | ബഷീർ, തെക്കേക്കുടിയിൽ, വല്ലം | പാർപ്പിടം |
| 20 | 24/271/A | സിബിൻ.വി.എ, വടക്കേക്കരപറമ്പ്, കട്ടവാൾ പി.ഒ | പാർപ്പിടം |
| 21 | 24/37/B,C,D,E,F, G | ടി.എച്ച് ഫാസിൽ, തെക്കേക്കുടി, വല്ലം | പാർപ്പിടം |
| 22 | 25/77/A | റഹിയ റിനാബ്, പുത്തൻ മാളിയേക്കൽ, സൗത്ത് വല്ലം | പാർപ്പിടം |
| 23 | 156/B | അലി വി.കെ, വെള്ളേംവേലി, സൗത്ത് വല്ലം | പാർപ്പിടം |
| 24 | 27/157/B | അമർ മൻസൂർ, നീനാലി, റയോൺപുരം പി.ഒ | വാണിജ്യം |

| | | | |
|---|---|---|---|
| 25 | 27/372/A | മാഹിൻ അബൂബക്കർ, കാരക്കുന്നൻ, റയോൺപുരം പി.ഒ | പാർപ്പിടം |
| 26 | 27/356/A | ബീമ, കാരക്കുന്നൻ, വല്ലം | പാർപ്പിടം |
| 27 | 168/C,D,E | ബാലകൃഷ്ണൻ, കോച്ചേരി, പട്ടാൽ, ഇരിങ്ങോൾ പി.ഒ | വാണിജ്യം |
| 28 | 2558/A2,B7,A5,C6,B3 | ബോബി വർഗ്ഗീസ്, തുരുത്തി വീട്, അല്ലപ്ര പി.ഒ | വാണിജ്യം |

സർക്കാർ ഉത്തരവിന് വിരുദ്ധമായി മുകളിൽ സൂചിപ്പിച്ചിരിക്കുന്ന കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 16.04.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിട നമ്പർ അനുവദിക്കുന്നതിനായി കെട്ടിട ഉടമ സമർപ്പിക്കുന്ന വസ്തുനികുതി റിട്ടേണിനോടൊപ്പം (ഫോറം -2) ഗവൺമെന്റ് ഉത്തരവുകൾ പ്രകാരമുള്ള അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാതെയാണ് കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളത്. ഇത്തരത്തിലുള്ള സർക്കാർ ഉത്തരവുകളുടെ ലംഘനം നികുതി ഇനത്തിൽ സർക്കാരിലേക്ക് ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടുവാൻ കാരണമാകുന്നു. മുകളിൽ സൂചിപ്പിച്ചിരിക്കുന്ന കെട്ടിട ഉടമകളിൽ നിന്നും ഒറ്റത്തവണ കെട്ടിട നികുതി അടവാക്കിയ രസീതിന്റെ പകർപ്പ് ലഭ്യമാക്കാൻ തുടർ നടപടികൾ സ്വീകരിക്കുകയും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-18 വസ്തു നികുതി നിർണ്ണയം നടത്തി നമ്പർ അനുവദിച്ചിട്ടുള്ള കെട്ടിടങ്ങളുടെ ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം 2020-21-സാമ്പത്തിക വർഷത്തിൽ നഗരസഭയിൽ താഴെപ്പറയുന്ന വ്യക്തികളുടെ/ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയം നടത്തി പുതിയതായി നമ്പർ അനുവദിച്ചിട്ടുള്ളതിൽ, താഴെപ്പറയുന്ന ഫയലുകൾ ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കാത്തതിനാൽ ഓഡിറ്റിന് പരിശോധന വിധേയമാക്കാൻ സാധിച്ചിട്ടില്ല.വിശദ വിവരം ചുവടെ-

| ക്രമ നം. | വാർഡ് | കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് |
|---|---|---|---|
| 1 | 7 | 412N,M | പ്രസിഡന്റ് കുന്നത്തുനാട് എൻ.എസ്.എസ്. യൂണിയൻ, പെരുമ്പാവൂർ |
| 2 | 21 | 2875/A,B | സ്റ്റെലിസ് ഇ.എസ്, ഇടത്തോട്ടിൽ, മലയാറ്റൂർ പി.ഒ |
| 3 | 22 | 681/A ,B,C, D | ഡോ. മേരി ജോർജ്ജ്, കാട്ടുകുടി, ചെറുകുന്നം, കുറുപ്പംപടി പി.ഒ |
| 4 | 22 | 542/A | അലി, പുതുക്കാടൻ, പെരുമ്പാവൂർ |

| | | | |
|---|---|---|---|
| 5 | 24 | 347/B | പി.എ.ഇബ്രാഹിം, പാളിപറമ്പിൽ, പെരുമ്പാവൂർ പി.ഒ |

വസ്തുനികുതി നിർണ്ണയം നടത്തി നമ്പർ അനുവദിച്ചിട്ടുള്ളതിന്റെ ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ 21.03.2022 ലെ ഓഡിറ്റ് റിക്വിസിഷൻ നമ്പർ 5 പ്രകാരവും 16.04.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 25- പ്രകാരവും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മുകളിൽ സൂചിപ്പിച്ചിട്ടുള്ള ഫയലുകൾ ഒഴികെ മറ്റ് ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന ഫയലുകൾ പരിശോധിച്ച് വരുന്നതും ഉടൻ ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്ന് നഗരസഭ മറുപടി നൽകിയിട്ടുണ്ട്. ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

## 1-19 അനുബന്ധ രേഖകൾ ലഭ്യമാക്കാതെ വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചു

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം വസ്തുനികുതി നിർണ്ണയം നടത്തി പുതിയതായി നമ്പർ അനുവദിച്ചിട്ടുള്ള കെട്ടിടങ്ങളുടെ ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(1) 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ അദ്ധ്യായം XX-ചട്ടം 93 പ്രകാരം ക്രമവൽക്കരണത്തിനുള്ള അപേക്ഷയോടൊപ്പം ഒരു പുതിയ കെട്ടിട നിർമ്മാണ പെർമിറ്റിന്റെ കാര്യത്തിലെന്നപോലെ പ്ലോട്ടിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന പ്രമാണവും സൈറ്റ് പ്ലാനും എലവേഷനും കെട്ടിട പ്ലാനും മറ്റ് വിശദാംശങ്ങളും സമർപ്പിക്കേണ്ടതാണ്. ക്രമവൽക്കരണം മുഖേന നമ്പർ അനുവദിച്ചതിന്റെ വിവരങ്ങൾ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ ഫയലുകളിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ക്രമവൽക്കരണത്തിനുള്ള അപ്പൻഡിക്സ് A1 ഫോറത്തിലുള്ള അപേക്ഷയും മറ്റ് അനുബന്ധ രേഖകളും ഫയലിൽ ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര്, മേൽവിലാസം | കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|
| 1 | 20/712/A | ബിജി എൻ, തെക്കുംകുടി, പെരുമ്പാവൂർ | വാണിജ്യം |
| 2 | 24/364/A | അൻസാരി യൂസഫ്, മേടയിൽ, പെരുമ്പാവൂർ | പാർപ്പിടം |

(2) വസ്തുനികുതി നിർണ്ണയം നടത്തി നമ്പർ അനുവദിച്ചിട്ടുള്ള കെട്ടിടങ്ങളുടെ ഫയലുകളിൽ കംപ്ലീഷൻ പ്ലാൻ ഉൾപ്പെടെയുള്ള അനുബന്ധ രേഖകൾ ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര്, മേൽവിലാസം | കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|
| 1 | 6/164/B | എൽ.സി. സുകുമാരൻ നായർ, ലക്ഷ്മി വിലാസം, അടിമാലി | പാർപ്പിടം |
| 2 | 7/529/A, B,C,D,E,F,G | വി.എ. ഫിറോസ്, വാരിക്കാടൻ, വെങ്ങോല പി.ഒ. | വാണിജ്യം |
| 3 | 19/366/D | ഐബിൻ ഐസക്, പാച്ചാം പറമ്പിൽ, വളയൻചിറങ്ങര | വാണിജ്യം |

മേൽ സൂചിപ്പിച്ച അനുബന്ധ രേഖകൾ ലഭ്യമാക്കാതെ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചു നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 04.05.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 34 ലെ മേൽ സൂചിപ്പിച്ചിട്ടുള്ള ഫയലുകൾ ഒഴികെ മറ്റു ഫയലുകളും മറുപടിയും ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിട നമ്പർ അനുവദിക്കുന്നതിനായി കെട്ടിട ഉടമ സമർപ്പിക്കുന്ന വസ്തുനികുതി റിട്ടേണിനോടൊപ്പം (ഫോറം-2) വകുപ്പുകളും ചട്ടങ്ങളും പ്രകാരമുള്ള അനുബന്ധ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത കെട്ടിടങ്ങളുടെ ക്രമവൽക്കരണത്തിനുള്ള അപേക്ഷ കംപ്ലീഷൻ പ്ലാൻ എന്നിവ ലഭ്യമാക്കുവാൻ തുടർ

നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-20 അനധികൃത കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കാത്തത്

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക നമ്പർ നൽകി അവയെ സംബന്ധിച്ച വിവരങ്ങൾ ഫോറം 10 ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. നഗരസഭ പരിധിയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ചിട്ടുള്ള അനധികൃത കെട്ടിടങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന അൺ ഓതറൈസ്ഡ് (യു.എ) രജിസ്റ്ററിൽ വിവിധ വാർഡുകളിലായി പാർപ്പിടം, വാണിജ്യം, ഓഡിറ്റോറിയം, ആശുപത്രി, വിദ്യാഭ്യാസം എന്നീ ആവശ്യങ്ങൾക്കായി അനധികൃതമായി നിർമ്മിച്ചിട്ടുള്ള 161കെട്ടിടങ്ങൾക്ക് യു.എ നമ്പർ അനുവദിച്ചിട്ടുള്ളതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ യു.എ നമ്പറിലുള്ള 50 കെട്ടിടങ്ങളുടെ വിവരങ്ങൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്, ഇവ രണ്ടും തമ്മിൽ 111 എണ്ണത്തിന്റെ വ്യത്യാസമുണ്ട്. ഉദാഹരണത്തിനായി വാർഡ് 2 ലെ യു.എ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള UA-1 നമ്പരിലുള്ള ശ്രീ. കുഞ്ഞുമുഹമ്മദ് ചെറുവള്ളിക്കുടി, UA- 184 നമ്പരിലുള്ള ശ്രീമതി. പി.ഐ. സഫിയബീവി വെള്ളാപ്പിള്ളി എന്നിവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെട്ടിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | യു.എ. രജിസ്റ്റർ പ്രകാരം അനധികൃത കെട്ടിടങ്ങളുടെ എണ്ണം | സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം അനധികൃത കെട്ടിടങ്ങളുടെ എണ്ണം | വ്യത്യാസം |
|---|---|---|---|
| 1 | 6 | 0 | 6 |
| 2 | 3 | 1 | 2 |
| 3 | 3 | 0 | 3 |
| 5 | 2 | 1 | 1 |
| 6 | 3 | 1 | 2 |
| 7 | 1 | 0 | 1 |
| 8 | 3 | 2 | 1 |
| 9 | 3 | 2 | 1 |
| 11 | 11 | 1 | 10 |
| 12 | 13 | 0 | 13 |
| 14 | 1 | 0 | 1 |
| 15 | 11 | 1 | 10 |
| 16 | 41 | 10 | 31 |
| 17 | 41 | 16 | 25 |

| | | | |
|---|---|---|---|
| 18 | 3 | 2 | 1 |
| 19 | 5 | 3 | 2 |
| 20 | 10 | 2 | 8 |
| 21 | 1 | 5 | -4 |
| 27 | 0 | 3 | -3 |
| ആകെ | 161 | 50 | 111 |

1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 242- നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് നികുതി ഈടാക്കൽ -(1) പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ, അയാൾക്കെതിരെ സ്വീകരിക്കാവുന്ന നടപടിക്ക് ഹാനി കൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ അത് 233-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ, ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ച് മാറ്റുന്ന തീയതി വരെ, പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, വസ്തുനികുതിയായി നൽകുവാൻ ആയാൾ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്. എന്നാൽ യു.എ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങളും സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുകയോ ഈ കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

(2) അൺ ഓതറൈസ്ഡ് (യു.എ) രജിസ്റ്ററിലെ താഴപ്പറയുന്ന അനധികൃത കെട്ടിടങ്ങൾ റഗുലറൈസ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത വിവരങ്ങൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല കൂടാതെ എന്ന് മുതലാണ് ഈ കെട്ടിടങ്ങൾ റഗുലറൈസ് ചെയ്തിട്ടുള്ളത് എന്നതിന്റെ വിവരവും രേഖപ്പെടുത്തിയിട്ടില്ല. വിശദീകരണം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | യു.എ രജിസ്റ്റർ പേജ് നമ്പർ |
|---|---|---|---|
| 5 | 109 | ശ്രീമതി. സുലേഖ, പുതുക്കാടൻ, കാഞ്ഞിരക്കാട് | 16 |
| 11 | 355 A | ശ്രീ. പി.ജി. ബാലകൃഷ്ണൻ നായർ, പുതിയേടത്ത്, ഇരിങ്ങോൾ പി.ഒ | 39 |
| 11 | 125 D | ശ്രീമതി. വിജയ രാജൻ, പുതിയേടത്ത്, ഇരിങ്ങോൾ പി.ഒ | 39 |
| 17 | 1124 A,1124 A1 മുതൽ A8 വരെ | ശ്രീ. ലത്തീഫ് വി.എ, വാരിക്കാടൻ | 70,71 |
| 17 | 1203 G മുതൽ J വരെ | ശ്രീ. ജോൺ ജേക്കബ്, ചെന്നിലത്ത് | 71 |
| 17 | 1203 Z5 | ശ്രീ. അബ്ദുൾ ലത്തീഫ്, വരിക്കാടൻ | 73 |
| 19 | 19/2 | ശ്രീമതി. മേരി ചാക്കോ, പുത്തൻപുരയിൽ | 83 |

മുകളിൽ പറഞ്ഞിരിക്കുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 22.02.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 4 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും പ്രത്യേക കെട്ടിട നമ്പർ നൽകപ്പെട്ടതും 406-ാം വകുപ്പ് പ്രകാരമുള്ള നടപടിക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനോ വ്യാപാരത്തിനായോ വ്യവസായാവശ്യത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന്, മുനിസിപ്പാലിറ്റി അനുമതിയോ ലൈസൻസോ നൽകാൻ പാടില്ലാത്തതുമാണ്. അനധികൃത കെട്ടിടങ്ങൾക്ക് വ്യാപാരാവശ്യത്തിനും മറ്റ് ആവശ്യങ്ങൾക്കും അനുമതിയോ ലൈസൻസോ നൽകുവാൻ

പാടില്ലാ എന്നതുകൊണ്ട് ഇതു സംബന്ധിച്ച വിവരങ്ങൾ ലഭിക്കുന്നതിന് യു.എ രജിസ്റ്റർ അപ്ഡേറ്റ് ചെയ്ത് സൂക്ഷിക്കേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. യു.എ. രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങളും പരിശോധന നടത്തി അപ്ഡേറ്റ് ചെയ്ത് സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി വസ്തുനികുതി ഈടാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 ഒഴിവാക്കപ്പെട്ട കെട്ടിടത്തിന്റെ ഗണത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയം നടത്തി നികുതി തുക ഈടാക്കത്തത്

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 8/412നമ്പരിൽ അസിസ്റ്റന്റ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് സെക്ഷൻ പെരുമ്പാവൂരിന്റെ ഉടമസ്ഥതയിലുള്ള 471 ച.മീറ്റർ തറ വിസ്തീർണ്ണമുള്ള കെട്ടിടവും, 5/137/A നമ്പരിൽ കേരള വാട്ടർ അതോറിറ്റി, പെരുമ്പാവൂരിന്റെ ഉടമസ്ഥതയിലുള്ള 100 ച.മീറ്റർ തറവിസ്തീർണ്ണമുള്ള കെട്ടിടവും നികുതി, ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടത്തിന്റെ ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 1994ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്, വകുപ്പ് 235-നികുതി, ഉപ നികുതി മുതലായവയിൽ നിന്ന് ഒഴിവാക്കൽ- ഉപവകുപ്പ് (1) പ്രകാരം ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ ഗണത്തിൽ പ്രസ്തുത കെട്ടിടങ്ങൾ ഉൾപ്പെടുന്നില്ല. പ്രസ്തുത കെട്ടിടങ്ങളെ നികുതി, ഉപ നികുതി എന്നിവയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടത്തിന്റെ ഗണത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 22.02.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10- ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത കെട്ടിങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയം നടത്തി നികുതി തുക ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-22 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 245 പ്രകാരം ഏതെങ്കിലും അർദ്ധ വർഷങ്ങളിൽ ആകെ കൂടി 60ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് തൊഴിൽ ചെയ്യുകയോ തൊഴിൽ സംരംഭത്തിൽ ഏർപ്പെടുകയോ ചെയ്യുന്ന ഏതൊരാളും തൊഴിൽ നികുതി അടക്കേണ്ടതാണ്. അല്ലെങ്കിൽ മറ്റേതെങ്കിലും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ 487 സ്ഥാപനങ്ങളുടെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും 392 സ്ഥാപനങ്ങളിൽ നിന്ന് മാത്രമേ തൊഴിൽ നികുതി ഈടാക്കിയത്. ബാക്കി 95 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കേണ്ടത് |
|---|---|---|
| 1 | ഹെഡ്മിസ്ട്രസ്, സെന്റ് തെരേസാസ് സ്കൂൾ | രണ്ടാം അർദ്ധവർഷം |
| 2 | വി.എം അലിയാർ, വി.എ.എം പ്ലൈവുഡ്, പെരുമ്പാവൂർ | ഒന്നും രണ്ടും അർദ്ധവർഷം |
| 3 | പ്രൊപ്രൈറ്റർ, ജാസ്മിൻ വുഡ് ഇൻഡസ്ട്രീസ് | ഒന്നും രണ്ടും അർദ്ധവർഷം |
| 4 | ഡോ. ജോൺ ജോസഫ്, ജെ.ജെ.ഡെന്റൽ ക്ലിനിക് | രണ്ടാം അർദ്ധവർഷം |
| 5 | മാനേജർ,ലക്ഷ്മി വിലാസ് ബാങ്ക് | രണ്ടാം അർദ്ധവർഷം |
| 6 | പ്രൊപ്രൈറ്റർ കൊട്ടാരം ട്രേഡേഴ്സ് | രണ്ടാം അർദ്ധവർഷം |

| | | |
|---|---|---|
| 7 | മാനേജർ,നീതി മെഡിക്കൽ സ്റ്റോർ | ഒന്നും രണ്ടും അർദ്ധവർഷം |
| 8 | മോഹനൻ,ശാസ്ത ഏജൻസീസ് | രണ്ടാം അർദ്ധവർഷം |
| 9 | ആഡ് മെരിറ്റ് ക്രിയേഷൻസ് | രണ്ടാം അർദ്ധവർഷം |
| 10 | പ്രിൻസിപ്പാൽ എം.ഇ.റ്റി. പബ്ളിക് സ്കൂൾ/ പ്രഗതി അക്കാദമി | ഒന്നും രണ്ടും അർദ്ധവർഷം |
| 11 | ഹെഡ്മിസ്ട്രസ്, അമൃത വിദ്യാലയം | രണ്ടാം അർദ്ധവർഷം |
| 12 | അസി.എക്സി.എഞ്ചിനീയർ,PVIPസെക്ഷൻ 1/II | രണ്ടാം അർദ്ധവർഷം |
| 13 | അസി.എക്സി.എഞ്ചിനീയർ,PVIPസബ് ഡിവിഷൻ 2 | രണ്ടാം അർദ്ധവർഷം |
| 14 | ഡെന്നി ജോയി, റ്റിവിഎസ് മോഡേൺ മോട്ടോഴ്സ്, സെന്റിനോ മോട്ടോഴ്സ് | ഒന്നും രണ്ടും അർദ്ധവർഷം |
| 15 | മാനേജിംഗ് പാർട്ണർ, മന്ന റെസിഡൻസി & ബാർ | രണ്ടാം അർദ്ധവർഷം |
| 16 | ജനറൽ മാനേജർ, കെ.വി.പരീത് കുന്നത്താൻ റസിഡൻസി | ഒന്നും രണ്ടും അർദ്ധവർഷം |
| 17 | സെക്രട്ടറി, കുറുപ്പംപടി സർവ്വീസ് സഹകരണ ബാങ്ക്, നീതി മെഡിക്കൽ സ്റ്റോർ | ഒന്നും രണ്ടും അർദ്ധവർഷം |
| 18 | മാനേജർ,എച്ച്.ഡി.എഫ്.സി. ലൈഫ് ഇൻഷ്വറൻസ് | ഒന്നും രണ്ടും അർദ്ധവർഷം |
| 19 | കെ.ആർ.ഓമന,കൃഷ്ണ മെഡിക്കൽസ് | ഒന്നും രണ്ടും അർദ്ധവർഷം |
| 20 | എം.എസ്.ത്യാഗരാജൻ,എസ്.ഡി.എ. ക്ലിനിക്ക് | രണ്ടാം അർദ്ധവർഷം |
| 21 | ജോസ് കൃപ മെഡിക്കൽസ് | ഒന്നും രണ്ടും അർദ്ധവർഷം |
| 22 | ബ്രാഞ്ച് മാനേജർ, ഹാൻഡെക്സ് ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷം |
| 23 | മുജീബ് റഹ്മാൻ, എം.ആർ പ്ലൈ &ബോർഡ് | രണ്ടാം അർദ്ധവർഷം |
| 24 | ശ്രീകുമാർ, കുമാർ ബേക്കറി &റസിഡൻസി | ഒന്നും രണ്ടും അർദ്ധവർഷം |
| 25 | പ്രൊപ്രൈറ്റർ,വിജയ് ഡിജിറ്റൽ കളർ സ്റ്റുഡിയോ | രണ്ടാം അർദ്ധവർഷം |
| 26 | മാനേജർ,എ.പി.കെ. റസിഡൻസി | ഒന്നും രണ്ടും അർദ്ധവർഷം |
| 27 | ബോണീസ് സ്റ്റീൽസ് ആർക്കിടെക്റ്റ്സ് | ഒന്നും രണ്ടും അർദ്ധവർഷം |
| 28 | മാനേജർ, ശ്രീ ശരവണഭവൻ | രണ്ടാം അർദ്ധവർഷം |
| 29 | മാനേജർ,എെ.സി.എെ.സി.എെ. ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷം |
| 30 | നൂഹ്,ജാസ്മിൻ ടൂറിസ്റ്റ് ഹോം | ഒന്നും രണ്ടും അർദ്ധവർഷം |
| 31 | കെ.പി.സേവ്യർ,നമ്പർ 1 കളക്ഷൻസ് | രണ്ടാം അർദ്ധ വർഷം |
| 32 | മിനി സെവ്യർ,സ്വരാജ് ഫാർമ | ഒന്നും രണ്ടും അർദ്ധവർഷം |
| 33 | എൻ.കെ.ഷാജി,എൻ.പി.കെ.ജ്വല്ലറി | രണ്ടാം അർദ്ധ വർഷം |
| 34 | റീന കുര്യൻ, ചോയ്സ് ജ്വല്ലറി &ഫിനാൻസ് | രണ്ടാം അർദ്ധവർഷം |
| 35 | ഉസ്മാൻ, മംഗല്യ സിൽക്സ് & സാരീസ് | ഒന്നും രണ്ടും അർദ്ധ വർഷം |
| 36 | ഡോ. പത്രോസ് ഓർത്തോ കെയർ പ്രൊഡക്ട് | രണ്ടാം അർദ്ധവർഷം |
| 37 | ലിൻസി ഷാജു, സതേൺ എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ട് | ഒന്നും രണ്ടും അർദ്ധ വർഷം |
| 38 | ഹലീമ ബീവി, ഗോൾഡൻ മൊബൈൽസ് | രണ്ടാം അർദ്ധ വർഷം |
| 39 | സി.എ.റഫീക്ക്, ഗോൾഡൻ ടിമ്പർ ഇൻഡസ്ട്രീസ് | രണ്ടാം അർദ്ധവർഷം |

| | | |
|---|---|---|
| 40 | സി.എ.അബ്ദുൾഖാദർ, ഗോൾഡൻ ടിമ്പേഴ്സ് | രണ്ടാം അർദ്ധ വർഷം |
| 41 | സി.പി.മുഹമ്മദ്കുഞ്ഞ്, ഇഞ്ചക്കുടി മെഡിക്കൽസ് | ഒന്നം രണ്ടും അർദ്ധ വർഷം |
| 42 | പ്രൊപ്രൈറ്റർ,ഭീമ മെഡിക്കൽസ് | ഒന്നം രണ്ടും അർദ്ധ വർഷം |
| 43 | പ്രൊപ്രൈറ്റർ, ഫ്രണ്ട്സ് മെഡിക്കൽസ് | രണ്ടാം അർദ്ധ വർഷം |
| 44 | മാനേജർ, ക്രിസ്റ്റൽ ഹൈപ്പർമാർക്കറ്റ് | രണ്ടാം അർദ്ധ വർഷം |
| 45 | പ്രൊപ്രൈറ്റർ, ദേവൻ & കമ്പനി | രണ്ടാം അർദ്ധവർഷം |
| 46 | മാനേജർ, ജയരാജ് ബാർ | രണ്ടാം അർദ്ധ വർഷം |
| 47 | പി.പി.സലിം, തത്തപ്പിള്ളി പ്ലൈവുഡ്സ് | ഒന്നം രണ്ടും അർദ്ധവർഷം |
| 48 | കെ. പത്മം, കുമാർ ബേക്കറി, യാത്രി നിവാസ് | ഒന്നം രണ്ടും അർദ്ധ വർഷം |
| 49 | വി.ജെ.ജോഷി,ഡ്രീം പാന്റ്സ് | ഒന്നം രണ്ടും അർദ്ധ വർഷം |
| 50 | മാനേജർ, സതേൺ സിൽക്സ് | ഒന്നം രണ്ടും അർദ്ധ വർഷം |
| 51 | ഡോ. എം.ഐ.ജോർജ്ജ്, മുണ്ടയ്ക്കൽ സ്കിൻ & അലർജി ക്ലിനിക്ക് | ഒന്നം രണ്ടും അർദ്ധവർഷം |
| 52 | മാനേജർ, ഫ്ലോറ റസിഡൻസി | ഒന്നം രണ്ടും അർദ്ധ വർഷം |
| 53 | ജിനേഷ് ഗോപി, മില്ലേനിയം മോട്ടോഴ്സ് | രണ്ടാം അർദ്ധവർഷം |
| 54 | സിയാദ്, സൈസന ഫുഡ് പ്രൊഡക്ട്സ് | ഒന്നം രണ്ടും അർദ്ധ വർഷം |
| 55 | അബ്ദുൾ റഹ്മാൻ, വിനീർ യൂണിറ്റ് | ഒന്നം രണ്ടും അർദ്ധ വർഷം |
| 56 | കെ.എസ്.അബൂബക്കർ, എ.ബി.എസ്. പ്രൈവുഡ് 21/187C | ഒന്നം രണ്ടും അർദ്ധവർഷം |
| 57 | പ്രൊപ്രൈറ്റർ, സൽമാൻ വുഡ് ഇൻഡസ്ട്രീസ് | രണ്ടാം അർദ്ധ വർഷം |
| 58 | മാനേജർ, ക്യാപ്റ്റൽ പ്ലൈവുഡ് | രണ്ടാം അർദ്ധ വർഷം |
| 59 | എൻ.കെ.ബഷീർ, ഹിമാലയ പ്ലാസ്റ്റിക്സ് 21/ 188A | ഒന്നം രണ്ടും അർദ്ധവർഷം |
| 60 | എ.കരിം & ഹാഷിം, പുത്തിരി ഇൻഡസ്ട്രീസ് | ഒന്നം രണ്ടും അർദ്ധ വർഷം |
| 61 | പി.കെ.അബ്ദുൾറഹിം, എക്സൽ പ്ലാസ്റ്റിക്സ് I/150A | ഒന്നം രണ്ടും അർദ്ധ വർഷം |
| 62 | ഷൈനാസ് ഫാസിൽ, സുമി ഇലക്ട്രിക്കൽസ് | ഒന്നം രണ്ടും അർദ്ധവർഷം |
| 63 | ജോൺസൻ, എടപ്പുളവൻ | ഒന്നം രണ്ടും അർദ്ധ വർഷം |
| 64 | അലിയാർ, അലിയാർ ടിമ്പർ ഇൻഡസ്ട്രീസ് | ഒന്നം രണ്ടും അർദ്ധ വർഷം |
| 65 | ഷിഹാബ്, കമ്പാനിയൻ വുഡ് ഇൻഡസ്ട്രീസ് | ഒന്നം രണ്ടും അർദ്ധ വർഷം |
| 66 | ടി.എച്ച്. ഫാസിൽ, സയൻ ഇൻഡസ്ട്രീസ് | ഒന്നം രണ്ടും അർദ്ധ വർഷം |
| 67 | നൗഫൽ പി.എ, സുബൈദ പ്ലൈവുഡ്സ് | ഒന്നം രണ്ടും അർദ്ധ വർഷം |

| | | |
|---|---|---|
| 68 | പ്രൊപ്രൈറ്റർ, ഹസ്സൻ പ്ലൈവുഡ് | ഒന്നും രണ്ടും അർദ്ധവർഷം |
| 69 | പ്രൊപ്രൈറ്റർ, സുബൈദ കമ്പനി | ഒന്നും രണ്ടും അർദ്ധ വർഷം |
| 70 | കെ.എസ്.സലീം, പീലിംഗ് യൂണിറ്റ് | ഒന്നും രണ്ടും അർദ്ധവർഷം |
| 71 | ജലാലുദ്ദീൻ, ട്രാവൻകൂർ പീലിംഗ് യൂണിറ്റ് | ഒന്നും രണ്ടും അർദ്ധവർഷം |
| 72 | പ്രൊപ്രൈറ്റർ, ജെ.എസ്.എ. എഞ്ചിനിയറിംഗ് വർക്ക്ഷോപ്പ് | ഒന്നും രണ്ടും അർദ്ധവർഷം |
| 73 | പ്രൊപ്രൈറ്റർ, കുന്നത്താൻ പ്ലൈവുഡ്സ് 21/133B | ഒന്നും രണ്ടും അർദ്ധവർഷം |
| 74 | പ്രൊപ്രൈറ്റർ, എസ്.എൻ. പ്ലൈവുഡ്സ് | ഒന്നും രണ്ടും അർദ്ധവർഷം |
| 75 | ആർ. നാരായണസ്വാമി, പെട്രോൾ പമ്പ് | ഒന്നും രണ്ടും അർദ്ധവർഷം |
| 76 | സി.സി.ബെന്നി, ഉരുത്തിയിൽ ഫാഷൻ ജ്വല്ലറി | രണ്ടാം അർദ്ധവർഷം |
| 77 | സ്പെഷ്യൽ തഹസീൽദാർ (LA) ലാന്റ് അക്വിസിഷൻ റെയിൽവേ, പെരുമ്പാവൂർ | രണ്ടാം അർദ്ധവർഷം |
| 78 | മാനേജർ, കുര്യൻ ഓപ്ടിക്കൽസ് | രണ്ടാം അർദ്ധവർഷം |
| 79 | മാനേജർ, ദേവി സ്കാൻ സെന്റർ | രണ്ടാം അർദ്ധവർഷം |
| 80 | സനീർ, റോയൽ ബേക്കറി, എം.സി.റോഡ് | ഒന്നും രണ്ടും അർദ്ധവർഷം |
| 81 | പ്രൊപ്രൈറ്റർ, ഗോപാലപണിക്കർ & സൺസ് | ഒന്നും രണ്ടും അർദ്ധവർഷം |
| 82 | പ്രൊപ്രൈറ്റർ, പോളിനോവ ഇൻഡസ്ട്രീസ് | ഒന്നും രണ്ടും അർദ്ധവർഷം |
| 83 | പ്രൊപ്രൈറ്റർ, നാപസൺ പ്ലാസ്റ്റിക്സ് | ഒന്നും രണ്ടും അർദ്ധവർഷം |
| 84 | മാനേജർ, ഹോട്ടൽ ഗ്രീൻപാർക്ക് | ഒന്നും രണ്ടും അർദ്ധവർഷം |
| 85 | മാനേജർ, ജയരാജ് ബാർ | ഒന്നും രണ്ടും അർദ്ധവർഷം |
| 86 | പ്രൊപ്രൈറ്റർ, ചിപ്പി ടെക്സ്റ്റയിൽസ് | ഒന്നും രണ്ടും അർദ്ധവർഷം |
| 87 | മാനേജർ, ഫെയ്മസ് ഫുട് വെയർ & ബാഗ്സ് | ഒന്നും രണ്ടും അർദ്ധവർഷം |
| 88 | മാനേജർ, ടാസിൽ ടെക്സ്റ്റയിൽസ് | ഒന്നും രണ്ടും അർദ്ധവർഷം |
| 89 | പ്രൊപ്രൈറ്റർ, ഹോട്ടൽ രാജലക്ഷ്മി | ഒന്നും രണ്ടും അർദ്ധവർഷം |
| 90 | മാനേജർ, കാളവയൽ കള്ള്ഷോപ്പ് | ഒന്നും രണ്ടും അർദ്ധവർഷം |
| 91 | മാനേജർ, കാഞ്ഞിരക്കാട് കള്ള്ഷോപ്പ് | ഒന്നും രണ്ടും അർദ്ധവർഷം |
| 92 | മാനേജർ, പിട്ടാപ്പള്ളിൽ ഏജൻസീസ് | രണ്ടാം അർദ്ധവർഷം |
| 93 | മാനേജർ, ഐ.സി.ഐ.സി.ഐ. പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് | രണ്ടാം അർദ്ധവർഷം |
| 94 | മാനേജർ, ത്രിവേണി സൂപ്പർമാർക്കറ്റ് | ഒന്നും രണ്ടും അർദ്ധവർഷം |
| 95 | എ.റ്റി.റ്റി. ഹോളിഡേയ്സ് | രണ്ടാം അർദ്ധവർഷം |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന് ഓഡിറ്റ് എൻക്വയറി (നം.12/ 24.2.2022)പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടിയൊന്നും നൽകിയില്ല. ജീവനക്കാരുടെ

തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-23 സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 245, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടം 3(2) പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിൽ സ്വയം തൊഴിൽ ചെയ്യുന്നവർ കമ്പനികൾ, ബിസിനസ് നടത്തുന്നവർ മുതലായവരിൽ നിന്ന് ഒരു വർഷം പരമാവധി 2500/- (1250 X 2) രൂപ തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. 2020-21 സാമ്പത്തിക വർഷത്തിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | കെ.ഒ.ജോയ്, പെട്രോൾ പമ്പ് (2/42) |
| 2 | മാനേജർ, കോർപ്പറേഷൻ ബാങ്ക് (7/401) |
| 3 | ഗീവർഗ്ഗീസ് ടോമി, സെൻട്രൽ ഫിനാൻസിയേഴ്സ് 7/1125,1126 |
| 4 | മാനേജിംഗ് പാർട്ണർ, ഇൻഫ്രാസ്ടക്ച്ചർ സി.കെ.കെ.കമ്പനി |
| 5 | സീനിയർ ഡിവിഷണൽ മാനേജർ, യൂണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് |
| 6 | സെക്രട്ടറി, കുറുപ്പംപടി സർവ്വീസ് കോ ഓപ്പറേറ്റിവ് ബാങ്ക് |
| 7 | സൂസി മോഹൻ, ഡയഗ്നോസ്റ്റിക് & സ്കാനിംഗ് |
| 8 | സഹകരണസംഘം 8/392A |
| 9 | കെ.എസ്.ഇ.ബി. റീജിയണൽ ഓഡിറ്റ് ഓഫീസ് 8/422 |
| 10 | സെക്രട്ടറി, അഗ്രികൾച്ചർ പെരുമ്പാവൂർ |
| 11 | മാനേജർ, എസ്.ബി.റ്റി 18/176 |
| 12 | മാനേജർ, ഇൻഡസിക് ബാങ്ക് 19/454 |
| 13 | മാനേജർ, കാത്തലിക് സിറിയൻ ബാങ്ക് (10/420,418) |
| 14 | മാനേജർ, ഇൻഡസിസി ബാങ്ക് 19/176<br>മാർക്കറ്റിംഗ് & ഫിനാൻഷ്യൽ സർവ്വീസ്സ് (20/1002B) |
| 15 | പ്രൊപ്രൈറ്റർ, ആശീർവാദ് മൈക്രോഫിനാൻസ് ലിമിറ്റഡ് (10/B(1) |
| 16 | മാനേജർ, എച്ച്.ഡി.എഫ്.സി. സ്റ്റാൻഡേർഡ് ലൈഫ് ഇൻഷുറൻസ് 20/1153 |
| 17 | സീനിയർ ഡിവിഷണൽ മാനേജർ, ബി.എസ്.എൻ.എൽ. 21/80 |
| 18 | മാനേജർ, നാഷണൽ ഇൻഷുറൻസ് കമ്പനി 21/370 |
| 19 | മാനേജർ, ലക്കി തീയേറ്റർ |
| 20 | മാനേജർ, മഹീന്ദ്ര ഫിനാൻസ് സർവ്വീസിംഗ് ലിമിറ്റഡ് |
| 21 | മാനേജർ, ചെമ്മണ്ണൂർ ക്രെഡിറ്റ് ഇൻവെസ്റ്റ്മെന്റ് ലിമിറ്റഡ് 21/2950 |
| 22 | സെക്രട്ടറി, കാർഷിക ഗ്രാമവികസന ബാങ്ക് 22/245 |
| 23 | മാനേജർ, എെ.സി.എെ.സി.എെ. ബാങ്ക് 22/414 |
| 24 | എച്ച്.ഡി.എഫ്.സി. ലൈഫ് ഇൻഷുറൻസ് 23/403D |
| 25 | മാനേജിംഗ് ഡയറക്ടർ, ഹെർബിക്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് 18/75 |
| 26 | മാനേജർ, ബാങ്ക് ഓഫ് ബറോഡ 18/149B |
| 27 | മാനേജർ, ലക്ഷ്മിവിലാസ് ബാങ്ക് |
| 28 | കേരള ഗ്രാമീൺ ബാങ്ക് |
| 29 | ആക്സിസ് ബാങ്ക് |
| 30 | ഇൻഡ്യൻ ഓവർസീസ് ബാങ്ക് |
| 31 | സൗത്ത് ഇന്ത്യൻ ബാങ്ക് |

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/ 24.02.2022) മറുപടിയൊന്നും നൽകിയില്ല. തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം നൽകുകയും ചെയ്യേണ്ടതാണ്.

## 1-24 ഭേദഗതി ചെയ്ത ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് ഈടാക്കിയില്ല

2020 ഒക്ടോബർ 30ാം തിയതിലെ തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ സ.ഉ.(പി) നമ്പർ 62/2020 /ത.സ്വ.ഭ.വ പ്രകാരം 2011 ലെ കേരള മുനിസിപ്പാലിറ്റി ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ എന്നത് വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ എന്ന് ഭേദഗതി വരുത്തിയിട്ടുണ്ട്. മേൽ ഗസറ്റ് വിജ്ഞാപന പട്ടിക പ്രകാരം വാർഷിക ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിൻറ അടിസ്ഥാനത്തിൽ 5 സ്ലാബുകളായി തരം തിരിച്ചിട്ടുള്ളതും ആയതിനെ അടിസ്ഥാനമാക്കി വാർഷിക ലൈസൻസ് ഫീസ് ചുമത്താവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

മുനിസിപ്പാലിറ്റിയിൽ മേൽ ഭേദഗതി ചട്ടങ്ങൾ പ്രകാരം മൂലധന നിക്ഷേപത്തിനെ അടിസ്ഥാനമാക്കിയുള്ള ലൈസൻസ് ഫീസ് ഇത് വരെയും നടപ്പിലാക്കിയിട്ടില്ല. വ്യവസായികൾ സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് നിശ്ചയിച്ചാൽ നഗരസഭയ്ക്ക് വരുമാന നഷ്ടം ഉണ്ടാകാൻ സാധ്യതയുള്ളതായും , മൂലധന നിർണ്ണയം നടത്തുവാൻ പ്രായോഗികമായി സാധിക്കാത്ത അവസ്ഥയിലാണെന്നും, നഗരസഭ മർച്ചൻസ് അസോസിയേഷന്റെ കത്തിൽ വളരെ പഴയ വ്യാപാര സ്ഥാപനങ്ങളുടെ നിക്ഷേപം നിലവിലുള്ള മാർക്കറ്റ് വാല്യൂ പ്രകാരമാണോ, പഴയ മൂലധന നിക്ഷേപ പ്രകാരമാണോ എന്നത് തർക്കമായി ഉന്നയിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ വ്യക്തത വരുത്തുന്നതിന് വേണ്ടി സർക്കാരിനെ സമീപിക്കുകയാണ് ചെയ്തിട്ടുള്ളത്.

മുനിസിപ്പൽ കൗൺസിലിന്റെ 22.02.2021 ലെ 31-ാം നമ്പർ (PH2-13978/20)യോഗ തീരുമാന പ്രകാരം ഭേദഗതി ചട്ടത്തിന് വ്യക്തത ഇല്ലാത്തതിനാൽ നിലവിലുള്ള സ്ഥാപനങ്ങൾക്ക് പഴയ രീതിയിലുള്ള ലൈസൻസ് നിരക്കും പുതുതായി തുടങ്ങുന്ന സ്ഥാപനങ്ങൾക്ക് പുതിയ ഉത്തരവ് പ്രകാരമുള്ള നിരക്കും ഈടാക്കുന്നതിന് തീരുമാനിച്ചു. സർക്കാർ ഉത്തരവിന് വ്യക്തത വരുത്തുന്നതിനായി 03.04.2021 ലെ PH2-13978/20 പ്രകാരം സർക്കാരിലേക്ക് കത്തയച്ചു. നാളിതു വരെ മറുപടി ലഭിച്ചതായി ഫയലിൽ കണ്ടില്ല. ഇക്കാര്യത്തിലുള്ള തുടർ നടപടികൾ വേഗത്തിലാക്കുവാൻ ശ്രദ്ധിക്കേണ്ടതും നഗരസഭയ്ക്ക് ഭേദഗതി ചട്ട പ്രകാരമുള്ള ലൈസൻസ് ഫീസിനത്തിൽ വരുമാന നഷ്ടം ഉണ്ടാകാതിരിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-25 കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയതിലെ അപാകതകൾ

(1) 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ അദ്ധ്യായം II ചട്ടം 9- സൈറ്റിന്റെയും സൈറ്റ് പ്ലാനിന്റെയും അംഗീകാരവും പെർമിറ്റ് നൽകൽ ഉപചട്ടം -2 പ്രകാരം സൈറ്റ് പരിശോധിച്ചും സൈറ്റ് പ്ലാനും രേഖകളും വിലയിരുത്തിയും, സൈറ്റിന്റെ ഉടമസ്ഥാവകാശവും സൈറ്റ് പ്ലാൻ, ഡ്രോയിംഗുകൾ, സ്പെസിഫിക്കേഷനുകൾ എന്നിവ സൈറ്റുമായി പൊരുത്തപ്പെടുന്നുണ്ടെന്നും ബോധ്യപ്പെട്ടാൽ സൈറ്റും പ്ലാനും അംഗീകരിച്ച് അപ്പന്റിക്സ് J2 വിലേതുപോലെ സൈറ്റ് പ്ലാനിൽ സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ചട്ടപ്രകാരമുള്ള സൈറ്റ് പ്ലാൻ പരിശോധനകൾ നടത്താതെയും സാക്ഷ്യപ്പെടുത്തലുകൾ വരുത്താതെയും കെട്ടിടത്തിന് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചിട്ടുള്ളതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

ശ്രീ. നിഷാദ്, ഇലവുംകുടി, ഇരിങ്ങോൾ പി.ഒ എന്ന വ്യക്തി പെരുമ്പാവൂർ നഗരസഭയിൽ 15-ാം വാർഡിൽ (പെരുമ്പാവൂർ വില്ലേജിൽ റീസർവ്വേ നമ്പർ 32/2 സ്ഥലത്ത്) 139.93 ച.മീറ്റർ (ബിൽഡ് അപ് ഏരിയ) വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടം പണിയുന്നതിനായി 01.07.2020 ൽ ബിൽഡിംഗ്

പെർമിറ്റിന് അപേക്ഷ സമർപ്പിക്കുകയും തദ്ദേശ സ്വയം ഭരണ വകുപ്പ് ഓവർസിയറുടെ 06.07.2020 ലെ റിപ്പോർട്ട് പ്രകാരം പെരുമ്പാവൂർ മുനിസിപ്പാലിറ്റി അസിസ്റ്റന്റ് എഞ്ചിനീയർ 22.07.2020 ലെ PW2-8017/2020 (BA-8017/2020) നമ്പർ പ്രകാരം 139.93 ച.മീറ്റർ വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടം പണിയുന്നതിനായി ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുകയും റവന്യൂ ഓഫീസർ 23.07.2021 ൽ വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിടത്തിന് പുതിയതായി 15/173A നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

അപ്പന്റിക്സ് A1 അപേക്ഷ ഫോറത്തോടൊപ്പം ഹാജരാക്കിയിട്ടുള്ള കെട്ടിടത്തിന്റെ പ്ലാനിൽ പ്രവേശന മാർഗ്ഗമായി മുനിസിപ്പാലിറ്റി റോഡ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നാൽ ഹാജരാക്കിയിരിക്കുന്ന ആധാരത്തിന്റെ പകർപ്പിൽ ഗതാഗത സ്വാതന്ത്ര്യമുള്ള സ്വകാര്യ വഴി എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിൽ നിന്നും പ്രസ്തുത റോഡുമായി ബന്ധപ്പെട്ട് അവ്യക്തത നിലനിൽക്കുന്നുണ്ട്. ടി കെട്ടിടത്തിലേക്കുള്ള റോഡ് നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉണ്ടോ എന്ന് പരിശോധിക്കുന്നതിനായി 05.07.2021 അസിസ്റ്റന്റ് എഞ്ചിനീയർ നിർദ്ദേശിച്ചത് പ്രകാരം ടി റോഡ് നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല എന്ന് ഓവർസിയർ 07.07.2021 ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രസ്തുത റോഡുമായി ബന്ധപ്പെട്ട് ബഹു. പെരുമ്പാവൂർ മുൻസിഫ് കോടതിയിൽ IA No.1/2021 In OS No.113/2021 നമ്പരിൽ ശ്രീ. നിഷാദ്, ഇലവുംകുടി, ഇരിങ്ങോൾ പി.ഒ എന്ന വ്യക്തി കേസ് ഫയൽ ചെയ്തിട്ടുള്ളതുമാണ്. പ്ലാനിൽ നൽകിയിട്ടുള്ള റോഡിന്റെ തെറ്റായ രേഖപ്പെടുത്തലുകൾ പരിശോധിക്കാതെ ചട്ടങ്ങൾക്ക് വിരുദ്ധമായിട്ടാണ് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചിട്ടുള്ളതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 16.04.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 23- ന് കെട്ടിട നിർമ്മാണ അപേക്ഷ പ്രകാരം സൈറ്റ് പരിശോധന സമയത്ത് പരാമർശിത വഴി പൊതുവഴിയായി കാണപ്പെടുകയും, ടി വഴി മാത്രമാണ് നിർദ്ദിഷ്ട വസ്തുവിലേക്കുള്ള ഏക ഗതാഗത മാർഗ്ഗമായി കാണുന്നതെന്നും നിർദ്ദിഷ്ട കെട്ടിട നിർമ്മാണ അനുമതിക്ക് ചട്ടങ്ങൾ പാലിക്കുന്ന വിധത്തിലുള്ള വസ്തു ആയതിനാൽ പെർമിറ്റ് അനുവദിക്കുകയാണ് ഉണ്ടായതെന്നും പരാമർശിത വഴി അപേക്ഷകന് ഉപയോഗിക്കാനുള്ള സ്വാതന്ത്ര്യമുണ്ടെന്ന് ബഹു. മുൻസിഫ് കോടതിയിൽ നിന്ന് ഉത്തരവുള്ളതിൻ പ്രകാരം ടി കെട്ടിടത്തിന് നമ്പർ നൽകുകയും ചെയ്തിട്ട ള്ളതെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ നിന്നും പെർമിറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കിയിരിക്കുന്ന പ്ലാനിൽ പ്രവേശന മാർഗ്ഗമായി മുനിസിപ്പാലിറ്റി റോഡ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്താതെയാണ് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിരിക്കുന്നത് എന്ന് വ്യക്തമാണ്. പ്ലാനിലെ തെറ്റായ രേഖപ്പെടുത്തലുകൾ കണ്ടെത്തി പ്രസ്തുത അപാകത പരിഹരിക്കുന്നതിനായി അപേക്ഷകന് കത്ത് നൽകുകയോ റിവൈസഡ് പ്ലാൻ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പരാമർശിത വഴി അപേക്ഷകന് ഉപയോഗിക്കാനുള്ള സ്വാതന്ത്ര്യമുണ്ടെന്ന് ബഹു. മുൻസിഫ് കോടതിയിൽ നിന്ന് ഉത്തരവ് ലഭിച്ചിട്ടുണ്ട് എന്ന് മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ളതിന്റെ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത അപാകതകൾ സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### 1-26 കെട്ടിട നിർമ്മാണ പെർമിറ്റ്-അനധികൃത കെട്ടിട നിർമ്മാണം കണ്ടെത്തുന്നതിന് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് കാര്യക്ഷമമായി നടത്തുന്നില്ല

2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ അദ്ധ്യായം II ചട്ടം 21 പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് - പ്രകാരം രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 ച.മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ഗ്രൂപ്പ് G1, G2, I ഒക്യുപൻസി ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ്. പെരുമ്പാവൂർ നഗരസഭ പരിധിയിൽ വിവിധ വാർഡുകളിൽ 2020-21 സാമ്പത്തിക വർഷത്തിൽ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചിരിക്കുന്നതിന്റെ ഫയൽ പരിശോധിച്ചതിൽ ബിൽഡിംഗ് പെർമിറ്റ് ലഭിച്ചിരിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും നിർമ്മാണം പൂർത്തീകരിച്ച് ഒക്യുപൻസി

സർട്ടിഫിക്കറ്റും കെട്ടിട നമ്പറും നേടിയതിന് ശേഷം പ്രസ്തുത കെട്ടിടത്തിനോട് ചേർന്ന് അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുള്ളിന്റെ വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

(1) ശ്രീ. ഇ.കെ.കെ മുഹമ്മദ്, ഇഞ്ചക്കുടി, ഒക്കൽ പി.ഒ എന്ന വ്യക്തി (ത്രീസ്റ്റാർ അലുമിനിയം സെന്റർ, പെരുമ്പാവൂർ) പെരുമ്പാവൂർ നഗരസഭയിൽ 7-ാം വാർഡിൽ (പെരുമ്പാവൂർ വില്ലേജിൽ റീസർവ്വേ നമ്പർ 8/5, 8/3, 8/2-2, 8/4-3, 8/1-2, 7/1 സ്ഥലത്ത്) 299.21 ച.മീറ്റർ (ബിൽഡ് അപ് ഏരിയ) വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടം പണിയുന്നതിനായി 15.03.2021 ൽ ബിൽഡിംഗ് പെർമിറ്റിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് ഓവർസിയറുടെ 30.03.2021 ലെ റിപ്പോർട്ട് പ്രകാരം പെരുമ്പാവൂർ മുനിസിപ്പാലിറ്റി അസിസ്റ്റന്റ് എഞ്ചിനീയർ 31.03.2021 ലെ BA-239/ 20-21 (PW2- 4908/21) നമ്പർ പ്രകാരം 299.21 ച.മീറ്റർ വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടം പണിയുന്നതിനായി ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത ബിൽഡിംഗ് പെർമിറ്റ് പ്രകാരം 322.25 ച.മീറ്റർ (ബിൽഡ് അപ് ഏരിയ) കെട്ടിടം പണി പൂർത്തീകരിച്ചിട്ടുള്ളതാണെന്നും ആയതിന് നമ്പർ അനുവദിക്കുന്നതിനായി ശ്രീ. ഇ.കെ.കെ. മുഹമ്മദ് 09.09.2021 ൽ അപേക്ഷ സമർപ്പിക്കുയും ചെയ്തിട്ടുണ്ട്. പെരുമ്പാവൂർ മുനിസിപ്പാലിറ്റി ഓവർസിയറുടെയും അസിസ്റ്റന്റ് എഞ്ചിനീയറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അധികമായി നിർമ്മിച്ചിട്ടുള്ള 23.04 ച. മീറ്ററിന് തുക ഈടാക്കി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 13.10.2021 ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിക്കയും ചെയ്തു. റവന്യൂ ഓഫീസർ 29.10.2021 ൽ വസ്തു നികുതി നിർണ്ണയം നടത്തി കെട്ടിടത്തിന് പുതിയതായി 7/56B നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ടി കെട്ടിടത്തിൽ അനധികൃത നിർമ്മാണം നടക്കുന്നത് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുവാനായി 26.11.2021 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർദ്ദേശിച്ചത് പ്രകാരം ഓവർസിയർ കെട്ടിടം പരിശോധിക്കുകയും 616.39 ച.മീറ്റർ കെട്ടിടം അനധികൃതമായി നിർമ്മിച്ചിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(2) ശ്രീ. പരീത് വി.എ, വെള്ളേംമ്പേലി, വല്ലം, റയോൺപുരം പി.ഒ. എന്ന വ്യക്തി പെരുമ്പാവൂർ നഗരസഭയിൽ 25-ാം വാർഡിൽ (പെരുമ്പാവൂർ വില്ലേജിൽ റീസർവ്വേ നമ്പർ 59/2-2 സ്ഥലത്ത്) 149.57 ച.മീറ്റർ (ബിൽഡ് അപ് ഏരിയ) സ്റ്റോറേജ് ആവശ്യത്തിനുള്ള കെട്ടിടം പണിയുന്നതിനായി 11.09.2020 ൽ ബിൽഡിംഗ് പെർമിറ്റിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് ഓവർസിയറുടെ റിപ്പോർട്ട്, കൗൺസിൽ തീരുമാനം എന്നിവ പ്രകാരം പെരുമ്പാവൂർ മുനിസിപ്പാലിറ്റി അസിസ്റ്റന്റ് എഞ്ചിനീയർ 11.11.2020 ലെ BA-84/ 20-21 (PW2-10307/ 20) നമ്പർ പ്രകാരം 149.57 ച.മീറ്റർ സ്റ്റോറേജ് ആവശ്യത്തിനുള്ള കെട്ടിടം പണിയുന്നതിനായി ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത ബിൽഡിംഗ് പെർമിറ്റ് പ്രകാരം 115.92 ച.മീറ്റർ (ബിൽഡ് അപ് ഏരിയ) കെട്ടിടം പണി പൂർത്തീകരിച്ചിട്ടുള്ളതാണെന്നും ആയതിന് നമ്പർ അനുവദിക്കുന്നതിനായി ശ്രീ. പരീത് വി.എ 19.07.2021 ൽ അപേക്ഷ സമർപ്പിക്കുയുണ്ടായി. പെരുമ്പാവൂർ മുനിസിപ്പാലിറ്റി ഓവർസിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ 02.08.2021 ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിക്കയും റവന്യൂ ഓഫീസർ 18.08.2021 ൽ കെട്ടിടത്തിന് പുതിയതായി 25/82A നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ. എം.പി. അബൂബക്കർ & ശ്രീമതി. റീന അബൂബക്കർ മൂക്കട, പാറപ്പുറം എന്നിവർ 23.09.2021 ൽ അനധികൃത നിർമ്മാണം സംബന്ധിച്ച് വിവരാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിക്കുകയും ഒക്യുപൻസി അനുവദിച്ചതിന് ശേഷം അനധികൃതമായി ഷെഡ് നിർമ്മിച്ചിട്ടുള്ളതായി ഓവർസിയർ റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്.

ഇതിൽ നിന്നും മുകളിൽ സൂചിപ്പിച്ചിരിക്കുന്ന രണ്ട് കെട്ടിടങ്ങളും ഒക്യുപൻസി സർട്ടിഫിക്കറ്റും കെട്ടിട നമ്പറും ലഭിച്ചതിന് ശേഷം തൊട്ടടുത്ത മാസത്തിലാണ് അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാണ്. മുനിസിപ്പാലിറ്റിയിൽ ലഭിച്ചിട്ടുള്ള പരാതികളുടെ അടിസ്ഥാനത്തിൽ മാത്രമാണ് അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ച പരിശോധനകൾ നടത്തിയിട്ടുള്ളത്. 2020-21 സാമ്പത്തിക വർഷത്തിൽ പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരവും

ഇത്തരത്തിലുള്ള അനധികൃത കെട്ടിട നിർമ്മാണങ്ങൾ തടയുന്നതിന് നഗരസഭ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കുന്നതിനുമായി 16.04.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 22 ന് ഫീൽഡ് പരിശോധനയ്ക്ക് നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ അവർക്ക് ചുമതലയുള്ള വാർഡുകളിൽ പെർമിറ്റ്, ഒക്യുപൻസി, വർക്ക് എന്നിവയുമായി ബന്ധപ്പെട്ട് നിരന്തരമായി പരിശോധന നടത്താറുള്ളതും പരിശോധന വേളയിൽ ഒക്യുപൻസി നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ച് വരുന്നതുമാണെന്നും ശ്രീ. ഇ.കെ.കെ മുഹമ്മദ്, ഇഞ്ചക്കുടി എന്ന വ്യക്തിയുടെ കെട്ടിടത്തിൽ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തിയിട്ടുള്ളത് ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിലാണെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തനത് വരുമാനം കുറവായ പെരുമ്പാവൂർ നഗരസഭയെ സംബന്ധിച്ചിടത്തോളം ഇത്തരത്തിലുള്ള അനധികൃത നിർമ്മാണങ്ങൾ നികുതിയിനത്തിലുള്ള വരുമാന നഷ്ടത്തിന് കാരണമാകുന്നു. അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനായി സമയ ബന്ധിതമായി പരിശോധനകൾ നടത്തേണ്ടതും അനധികൃത നിർമ്മാണങ്ങൾക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മുകളിൽ സൂചിപ്പിച്ചിരിക്കുന്ന കെട്ടിടങ്ങളുടെ അനധികൃത നിർമ്മാണങ്ങളിൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-27 യാത്രി നിവാസ് ബസ് ടെർമിനൽ നിർമ്മാണം

| | |
|---|---|
| പ്രോജക്ട് നം./ പേര് | S0243/20-21, യാത്രി നിവാസ് ബസ് ടെർമിനൽ നിർമ്മാണം |
| അടങ്കൽ | 7072516.00 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ്/ബിൽ നം | 456000.00 രൂപ / 85/27.09.2018,<br>1200000.00 രൂപ / 115/29.10.2018,<br>3332750.00 രൂപ / 96/20.05.2020,<br>1041883.00 രൂപ / 95/20.05.2020,<br>1041883.00 രൂപ / 403/25.03.2020 |
| നിർവ്വഹണം | മുനിസിപ്പൽ എഞ്ചിനീയർ |
| അളവ് പുസ്തകം | 1/pmb/18-19,2/pmb/18-19,3/pmb/18-19,<br>4/pmb/18-19 |
| എഗ്രിമെന്റ് നം. | 110/18-19തീ:13.03.2018 |
| പ്രവർത്തി ഏല്പിച്ച ഏജൻസി | ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് (അക്രിഡേറ്റഡ് ഏജൻസി-ഡെപ്പോസിറ്റ് വർക്ക്) |

2018-19 കാലയളവിൽ പദ്ധതി ആവിഷ്കരിച്ച്, സർക്കാർ അക്രിഡേറ്റഡ് ഏജൻസിയായ ഹാബിറ്റാറ്റിനെ പദ്ധതി നടപ്പിലാക്കാൻ ഏല്പിക്കുകയും ടെർമിനലിന്റെ പ്രവർത്തനം ആരംഭിക്കുകയുമാണ് ചെയ്തത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1). 19.05.2017-ലെ 15-ാം നമ്പർ തീരുമാന പ്രകാരം ഹാബിറ്റാറ്റിൽ നിന്നും അപ്രൂവ്ഡ് ആർകിടെക്ട് ആണെന്ന കാര്യത്തിൽ സാക്ഷ്യപത്രം വാങ്ങേണ്ടതും നിരക്ക് സംബന്ധിച്ച് നെഗോഷിയേറ്റ് ചെയ്യുന്നതിന് പൊതുമരാമത്ത് കമ്മിറ്റിയെ ചുമതലപ്പെടുത്തിയെങ്കിലും ആയത് സംബന്ധിച്ച് ഒരു തീരുമാനമോ, നടപടിയോ കമ്മിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല.

2). പദ്ധതി നടപ്പിലാക്കാൻ ടെൻഡർ നടപടികൾ സ്വീകരിച്ചില്ല. ആർകിടെക്ചറൽ ഡിസൈനും സ്ട്രക്ചറൽ ഡിസൈനും തയ്യാറാക്കുന്നതിനായി താൽപര്യപത്രം ക്ഷണിച്ചെങ്കിലും മറ്റാരും വരാത്തതിനാൽ ഹാബിറ്റാറ്റ് കമ്പനി ആ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുകയും തുടർന്ന് പദ്ധതി തന്നെ സ്ഥാപനം നടപ്പിലാക്കുകയുമാണ് ചെയ്തത്.

3).ജി.ഒ.(പി) നം.311/74/ഫിൻ, തീ.30.07.2014 പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ അക്രഡിറ്റഡ് ഏജൻസിയെ പ്രവൃത്തി ഏല്പിച്ചത് മാർഗ്ഗരേഖക്ക് വിരുദ്ധമാണ്. നഗര സഭക്ക് സ്വന്തമായി എൻജിനീയറിംഗ് വിഭാഗമുള്ള സ്ഥാപനങ്ങൾക്ക് തങ്ങളുടെ എഞ്ചിനീയറിംഗ് വിഭാഗത്തിന് സാങ്കേതിക പരിജ്ഞാനം ഇല്ലാത്ത മേഖലയിലുള്ള പ്രവൃത്തികൾ സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി മാത്രം

അക്രഡിറ്റഡ് ഏജൻസികളെ ഏല്പിക്കാവുന്നതാണ്. ഈ പദ്ധതിയിൽ അത്തരമൊരു തീരുമാനം നഗരസഭ കൈകൊണ്ടിട്ടില്ല.

4).പദ്ധതിയുടെ ആരംഭ ഘട്ടത്തിൽ അടങ്കൽ തുക 5000000.00 രൂപയായി നിശ്ചയിച്ചിരുന്നു. എന്നാൽ പ്രവൃത്തി പുരോഗമിക്കവേ ചെലവ് ഇരട്ടിയാവുകയും പദ്ധതിയുടെ നടത്തിപ്പിൽ വിഭാവനം ചെയ്യാതെ പല പ്രവൃത്തികളും നാളിതുവരെ നടപ്പിലാക്കാനും നഗരസഭക്ക് സാധിച്ചിട്ടില്ല. ഹാബിറ്റാറ്റിന്റെ എസ്റ്റിമേറ്റ് പ്രകാരം 7280000.00 രൂപയാണ് പ്രവൃത്തിക്കായി വകയിരുത്തിയിരുന്നത്. നഗരസഭയുടെ എസ്റ്റിമേറ്റിൽ സ്ട്രക്ചറൽ വർക്കുകൾ മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്. പെയിന്റിംഗ്, മറ്റു സൗന്ദര്യവൽക്കരണ പ്രവൃത്തികൾ, സൈൻബോർഡ്, വെർട്ടിക്കൽ ഗാർഡൻ എന്നിവ ഉൾപ്പെടുത്താതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്.

5).ജി.ഒ. (പി) നം.311/74/ഫിൻ, തീ.30.07.2014 പ്രകാരം പ്രോജക്ട് മാനേജ് മെന്റ് കൺസൾട്ടൻസി മാതൃകയിൽ നടപ്പാക്കുന്ന പ്രവൃത്തികൾക്ക് നല്കാവുന്ന സെന്റേജ് ചാർജ്ജ് എസ്റ്റിമേറ്റിന്റെ 2% -ൽ അധികരിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ സെന്റേജ് ചാർജ്ജായി 8% തുകയാണ് ഹാബിറ്റാറ്റിന് നല്കിയത്. അതായത് ആകെ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക7280000.00 രൂപ, അനുവദനീയമായ തുക 145600.00 (2%), നല്കിയത് 582400.00 രൂപ, അധികമായി അനുവദിച്ച തുക 436800.00 രൂപ.

6).യാത്രി നിവാസ് ബസ് ടെർമിനലുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന 9 പദ്ധതികൾ അനുബന്ധമായി നടപ്പിലാക്കിയവയാണ്.

| ക്രമ നം. | പ്രോജക്ട് നം., പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 0036/20-21,യാത്രി നിവാസ് ബസ് ടെർമിനൽ ടൈലിംഗ് | 1480000.00 | 1405143.00 |
| 2 | 0078/20-21, യാത്രി നിവാസിനു മുൻപിൽ ഡ്രെയിൻ നിർമ്മാണം | 1340000.00 | 1320249.00 |
| 3 | 0089/20-21, യാത്രി നിവാസ് മുൻഭാഗം ഡ്രൈനേജ് നിർമ്മാണം | 495000.00 | 419162.00 |
| 4 | 0090/20-21, ബസ് ടെർമിനൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ | 400000.00 | 398476.00 |
| 5 | 0185/20-21, യാത്രി നിവാസ് കാന നിർമ്മാണം | 50000.00 | 41272.00 |
| 6 | 0258/20-21, യാത്രി നിവാസ് ബസ്ബേ ടൈലിംഗ് | 490000.00 | 489585.00 |
| 7 | 0282/20-21, യാത്രി നിവാസിൽ വനിതാ സൗഹൃദ ടോയ് ലറ്റ് | 450560.00 | 449670.00 |
| 8 | 0300/20-21, യാത്രി നിവാസ് ബസ് ബേ നെയിം ബോർഡ് സ്ഥാപിക്കൽ | 4950000.00 | 421325.00 |
| 9 | 0302/20-21, യാത്രി നിവാസിൽ വനിതാ സൗഹൃദ ടോയിലറ്റിനു ഇലക്ട്രിസിറ്റി,വാട്ടർ തുടങ്ങിയ അനുബന്ധ സൗകര്യങ്ങൾ | 100000.00 | 88849.00 |

മേൽ പദ്ധതികളുടെ ആകെ ചെലവ് 12106247.00 രൂപയാണ്. പ്രധാന പ്രവൃത്തിയുടെ അനുബന്ധമായി വരുന്ന ചെറുപ്രവൃത്തികൾ മറ്റു കരാറുകാരെ ഏല്പിച്ച് വേറെ പ്രവൃത്തിയായി നടപ്പിലാക്കുന്നത് ക്രമ പ്രകാരമല്ല. ആയതിനാൽ തന്നെ പല പ്രവൃത്തികളും പൂർണ്ണ തോതിൽ പൂർത്തീകരണത്തിനും സാധ്യമല്ലാതായി തീരുന്നുണ്ട്. ആയതിനാൽ തന്നെ യാത്രക്കാർക്കുള്ള പ്രാഥമികവും അടിസ്ഥാനപരവുമായ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നഗരസഭക്ക് നാളിതുവരെ സാധിച്ചിട്ടില്ലായെന്ന് വ്യക്തമാണ്.

7.യാത്രി നിവാസിൽ പാനൽ ബോർഡ് (പ്രോജക്ട് നം.292/20-21 അടങ്കൽ 330000.00, ചെലവ്-ഇല്ല) സ്ഥാപിക്കേണ്ടത് സംബന്ധിച്ച് തുക വകയിരുത്താൻ നഗരസഭക്ക് സാധിച്ചിട്ടില്ല. ആയത് അധികമായി

വന്ന പ്രവൃത്തിയാണ്. അടങ്കലിൽ ഭേദഗതിയില്ലാതെ ഈ പ്രോജക്ടിൽ ഉൾപ്പെടുത്തി ഭേദഗതി ചെയ്യുന്ന വിഷയം കൗൺസിൽ അംഗീകാരം നേടിയിട്ടില്ല.

8.പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രകാരം ബസ് ടെർമിനലിനുള്ള ഷീറ്റ് 0.63mm- Gray Galvanised Roofing Sheet ആണ് നിശ്ചയിച്ചിരുന്നത്. Pw3/14165/11 ഫയൽ പരിശോധിച്ചതിൽ മേയാനുള്ള ഷീറ്റ് സൈറ്റിൽ വച്ച് പരിശോധിച്ചതിൽ ഷീറ്റിന്റെ കനം 0.45mm- മാത്രമാണെന്ന് കണ്ടെത്തുകയും ഹാബിറ്റാറ്റിനെ വിവരം അറിയിക്കുകയും ആയത് പരിശോധനാ വിധേയമാക്കാവുന്നതാണെന്ന് അറിയിച്ചെങ്കിലും 29/06/2019-ൽ സ്ഥല പരിശോധനയിൽ ഏകദേശം 80% -ത്തോളം 0.45mm- ഷീറ്റ് കൊണ്ട് മേഞ്ഞിട്ടുള്ളതായി കാണാൻ സാധിച്ചുവെന്ന് ഓവർസീയർ റിപ്പോർട്ട് ചെയ്യതിട്ടുണ്ട്. ഈ വിഷയം നിർവ്വഹണ ഉദ്യോഗസ്ഥനോ, നഗരസഭ കൗൺസിലോ പരിശോധനക്ക് വിധേയമാക്കിയിട്ടില്ല. ഷീറ്റിന്റെ കനത്തിൽ വന്ന വ്യതിയാനം ഷീറ്റിന്റെ വിലയെയും ബാധിച്ചിട്ടുണ്ട്. ആയത് പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടില്ല. ഇക്കാര്യം പരിശോധിക്കേണ്ടതാണ്.

9.ടെർമിനൽ നിർമ്മാണവുമായി ബന്ധപ്പെട്ട് വിജിലൻസ്, എറണാകുളത്തിന് ലഭിച്ച പരാതിയെ തുടർന്നുള്ള പരിശോധനയിൽ റൂഫിഗ് ഷീറ്റിന്റെ തരം സംബന്ധിച്ച് സംശയം ഉയരുകയും ആയത് സംബന്ധിച്ച് കൊച്ചിൻ ഷിപ്പ് യാർഡ്, കുസാറ്റ് എന്നി സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ഷീറ്റിന്റെ തരം സംബന്ധിച്ച് വ്യക്തതയില്ലായെന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. പദ്ധതിക്കായി നിലവിൽ ഏത് തരം ഷീറ്റാണ് (കനം,തരം) ഉപയോഗിച്ചിരിക്കുന്നത് എന്നതിൽ അവ്യക്തത തുടരുന്നു. മേൽ അപാകതകൾക്ക് മറുപടിയും വിശദീകരണവും ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറിനം. 39-പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭിച്ചിട്ടില്ല. മേൽ അപാകതകൾ നില നില്ക്കുന്നതിനാൽ പദ്ധതിക്കായി ചെലവഴിച്ച 7072516.00 രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-28 എസ്റ്റിമേറ്റ് നിരക്കിനേക്കാൾ ഉയർന്ന തുക അനുവദിച്ചു

നഗരസഭയിലെ റോഡുകളുടെ വശങ്ങളിലുള്ള കാനകളിലെ മണ്ണും, ചെളിയും കോരി മാറ്റുന്നതിനും കൊതുക് നശീകരണത്തിനും, ഫോഗിംഗ്, സ്പ്രേയിംഗ് എന്നിവ നടത്തുന്നതിനും വേണ്ടിയാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. PH2-10129/20 ഫയലിൽ വ്യക്തമാക്കുന്ന പ്രകാരം, പദ്ധതി നടത്തിപ്പിന്റെ ഭാഗമായി നഗരസഭയുടെ അസി.എഞ്ചിനീയർ തയ്യാറാക്കിയ ഡീറ്റെൽഡ് എസ്റ്റിമേറ്റിൽ ഒരു ദിവസത്തെ മനുഷ്യ പ്രയത്നത്തിനുള്ള കൂലി (Engaging Man Coolies Removing And Re-fixing Covering Slab) 597.93/- രൂപയാണ്. എന്നാൽ ആ നിരക്കിൽ നിന്നും വ്യത്യസ്തമായി CLR നിരക്കായ 660/- രൂപയ്ക്ക് മാത്രമേ തൊഴിലാഴികളെ പ്രവൃത്തി ചെയ്യാൻ ലഭ്യമാകുകയുള്ളൂ എന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ കത്തിന്റെ അടിസ്ഥാനത്തിൽ ഹെൽത്ത് സൂപ്രണ്ടിന്റെയും, ബഹു.നഗരസഭ ചെയർമാന്റെയും അനുമതിയുടേയും തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ പ്രവൃത്തി നടപ്പാക്കുകയും ചെയ്തു. ആയത് പ്രകാരമുള്ള നിരക്കിൽ തൊഴിലാളികൾക്ക് തുക കൈമാറുകയുമാണ് ചെയ്തിട്ടുള്ളത്. ഈയിനത്തിൽ അധികമായി അനുവദിച്ച 90250.00 രൂപയുടെ നഷ്ടം സംബന്ധിച്ച വിശദാംശം ഖണ്ഡിക 3-3-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-29 അംഗൻവാടി നിർമ്മാണം- ഉത്തരവിന് വിരുദ്ധമായി പദ്ധതി നടപ്പാക്കി

| | |
|---|---|
| പ്രോജക്ട് നം /പേര് | S0141/20 വാർഡ് 6-ലെ അംഗൻവാടി നിർമ്മാണം |
| അടങ്കൽ | 2255000.00 |
| ബിൽ നം./ ചെലവ്/ | 1).250/31.01.20 തുക 198665.00 രൂപ<br>2).372/13.03.20, തുക 469300.00രൂപ<br>3).352/24.02.21 തുക 777477.00 രൂപ |

| | |
|---|---|
| നിർവ്വഹണം | അസി. എക്സി.എഞ്ചിനീയർ |
| അളവ് പുസ്തകം | 73/19-20 |
| എഗ്രിമെൻറ് നം | 88/19-20,തീ:18.12.19 |
| കരാറുകാരൻ | മനോജ് .ജി .ഗോകുലം |

6-ാം വാർഡിലെ തുരുത്തിപ്പറമ്പ് അങ്കണവാടിയുടെ നിർമ്മാണത്തിനു വേണ്ടിയാണ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. ഐ.സി.ഡി.എസ്/ എ7-7264/19, തീ.23.03.2019 ഉത്തരവ് പ്രകാരം 31.03.2019 ന് നിർമ്മാണം തുടങ്ങാനാവാത്ത അങ്കണവാടികളുടെ നിർമ്മാണം ഇനി തുടങ്ങേണ്ടതില്ലായെന്നും ഇനി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന അങ്കണവാടി കെട്ടിടങ്ങൾ ഒരു ഏകീകൃത പ്ലാനിൽ ആയിരിക്കണമെന്നും, വനിതാ ശിശു വികസന വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ കെട്ടിട നിർമ്മാണം 31.03.2019 തീയതിക്കുള്ളിൽ ആരംഭിക്കാത്തവ ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ എല്ലാ പ്രവർത്തനങ്ങളും നിർത്തിവയ്ക്കുവാൻ നിർദ്ദേശിക്കുന്നതായും വ്യക്തമാക്കുന്നു. അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവിന് വിരുദ്ധമായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയും നിലവിലെ നിർമ്മാണത്തിന് ശിശു വികസന വകുപ്പ് ഡയറക്ടേറ്റിൽ നിന്നും അംഗീകാരം നേടാതെ പദ്ധതി നടപ്പിലാക്കിയതിനും വിശദീകരണം നൽകേണ്ടതാണ്. ഇക്കാര്യത്തിൽ ഓഡിറ്റ് എൻക്വയറി നം.15/ 04.04.2022- പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.സർക്കാർ മാനദണ്ഡങ്ങൾക്ക് പാലിക്കാതെ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത് ശരിയായ നടപടിയല്ല. മേൽ കാരണങ്ങളാൽ ചെലവഴിച്ച 1445442.00 രൂപ തടസ്സപ്പെടുത്തുന്നു.

1-30 റോഡ് ടൈൽ വിരിക്കൽ - സ്ഥലം ഏറ്റെടുത്തത്

| | |
|---|---|
| പ്രോജക്ട് നം / പേര് | S0235/21/ ടൗൺഹാൾ റോഡ് ടൈലിങ് |
| അടങ്കൽ | 496000.00 |
| ചെലവ്/ബിൽ നം | 365/ 08.03.2021 തുക 306593.00 രൂപ |
| നിർവ്വഹണം | അസി.എഞ്ചിനീയർ |
| അളവ് പുസ്തകം | 10/20-21 |
| എഗ്രിമെന്റ് നം | 05/20-21,തീ:13.07.20 |
| കരാറുകാരൻ | വൈ.ജോണി |

നഗരസഭ കൗൺസിലിന്റെ 30.03.20 ലെ 1ാം നമ്പർ തീരുമാന പ്രകാരവും, ടി.എസ്. നം. 24093/20-21 തീ.01.06.2020 പ്രകാരമുള്ള സാങ്കേതിക അംഗീകാരവും ലഭിച്ച് നടപ്പിലാക്കിയ പദ്ധതി നടത്തിപ്പിൽ താഴെ ചേർക്കുന്ന അപാകതകളുണ്ട്.

1. നഗരസഭ പെരുങ്കുളം പുഞ്ചയിൽ നിർമ്മിച്ചിരിക്കുന്ന ഇ.എം.എസ്. ടൗൺഹാളിലേക്ക് വഴി നിർമ്മിക്കുന്നതിനായി (കാള ചന്ത റോഡിൽ നിന്നും) പെരുമ്പാവൂർ വില്ലേജ്, ബ്ലോക്ക് നം.69/ റീസർവ്വേ നമ്പർ 87- ൽ ഉൾപ്പെട്ട 1.62 ആർ സ്ഥലം നഗരസഭ (സ്ഥല വിലയിനത്തിൽ 2874715/- രൂപയും, കണ്ടിജന്റ് & എസ്റ്റാബ്ലിഷ് മെന്റ് ചാർജ്ജിനത്തിൽ 1006150/- രൂപയും പത്ര പരസ്യയിനത്തിൽ 57269/- രൂപയും ഉൾപ്പെടെ ആകെ 3938134/- രൂപയോളം (2019-20 വരെ) പൊന്നും വില ഓഫീസർക്ക് തുടർ നടപടികൾക്കായി കൈമാറിയിട്ടുണ്ട്. ടി സ്ഥലം നഗരസഭയുടെ ആസ്തിയായി റവന്യൂ വകുപ്പിൻെറ രേഖകളിൽ ഉൾപ്പെടുത്തി പോക്കുവരവ് നടത്തുന്നതിനായി പെരുമ്പാവൂർ

വില്ലേജാഫീസർക്ക് കത്തയച്ചിട്ടുണ്ട്. വില്ലേജ് ഓഫീസറുടെ മറുപടിയിൽ പൊന്നും വില നടപടിയിലൂടെ ഏറ്റെടുത്ത വസ്തു സർക്കാർ പുറമ്പോക്ക് ആക്കിയിട്ടുള്ളതിനാൽ സർക്കാർ പുറമ്പോക്ക് വസ്തു നഗരസഭയുടെ പേരിൽ പോക്ക് വരവ് ചെയ്തു കൊടുക്കാൻ സാധ്യമല്ലായെന്നും അറിയിച്ചു. ഏറ്റെടുത്ത വസ്തു നഗരസഭയുടെ സ്വന്തം പേരിലേക്ക് വസ്തു കൈമാറ്റം നടത്താനോ, നികുതിയടച്ച് ആധാരമാക്കി സ്വന്തം ആസ്തിയിലേക്ക് മുതൽ കൂട്ടുവാനോ നഗരസഭക്ക് നാളിതുവരെ സാധിച്ചിട്ടില്ല. ഈ സ്ഥലത്തു തന്നെയാണ് നിലവിലെ റോഡ് ടൈൽ വിരിക്കൽ പ്രവൃത്തി നടത്തുവാനായി നഗരസഭ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നത്. ഇക്കാര്യം വിശദീകരിക്കേണ്ടതാണ്.

2).പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയ വേളയിൽ (കൗൺസിൽ അംഗീകാരം നേടിയപ്പോൾ 30.03.2020) പദ്ധതി നടപ്പിലാക്കിയ സ്ഥലം നഗരസഭക്ക് കൈമാറി നല്കിയിരുന്നോ എന്ന് നഗരസഭ വിലയിരുത്തിയിട്ടില്ല.

3).കൗൺസിൽ അംഗീകാരത്തിനു ശേഷം 01.06.2020- ലെ സാങ്കേതിക അനുമതി നല്കിയപ്പോൾ ടി- സ്ഥലം നഗരസഭയുടെ ആസ്തിയായി റവന്യുവകുപ്പിൽ നിന്നും പോക്കുവരവ് ചെയ്ത് ലഭിച്ചിരുന്നതായി ഉറപ്പാക്കിയിട്ടില്ല.

4).സ്വന്തം ആസ്തിയായി കൈമാറ്റം ലഭ്യമാകാത്ത പ്രദേശത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിന്റെ സാധുത വ്യക്തമല്ല. മേൽ അപാകതകൾക്ക് മറുപടിയും വിശദീകരണവും ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നം.11, തിയതി 24.02.2022 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 306593.00 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-31 റോഡരികിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നത് തടയുന്നതിനായി നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ

| | |
|---|---|
| പ്രോജക്ട് നം. , പേര് | S0233/20-21, റോഡരികിൽ മാലിന്യങ്ങൾ വലിച്ച് എറിയുന്നത് തടയുന്നതിനായി നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ |
| അടങ്കൽ | 1395487.00 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ്/ബിൽ നം. | 281250/- രൂപ /242/11.11.20, 281250രൂപ /426/ 29.03.21, 281250 രൂപ /475/31.03.21, 281250/487/31.03.21 |
| നിർവ്വഹണം | അസി.എഞ്ചിനീയർ |
| പ്രവൃത്തി ഏല്പിച്ച ഏജൻസി | പി.ഡബ്ല്യു.ഡി (ഇലക്ട്രോണിക്സ്) -ഡെപ്പോസിറ്റ് വർക്ക്) |

മേൽ പദ്ധതി വിഭാവനം ചെയ്യുന്നത് നഗരസഭയിലെ വിവിധ ഭാഗങ്ങളിൽ മാലിന്യം പൊതുജനം വലിച്ചെറിയുന്നത് കണ്ടെത്താനും അത് തടയുന്നതിനുമായി ക്യാമറകൾ സ്ഥാപിക്കുകയും, തന്മൂലം പൊതുസ്ഥലങ്ങളിലെ മാലിന്യ വ്യാപനം തടയാൻ സാധിക്കും എന്നതുമാണ്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1).1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 330- പ്രകാരം ചവറും മറ്റ് ഖരമാലിന്യങ്ങളും മുനിസിപ്പാലിറ്റിയുടെ സ്വത്തായിരിക്കുമെന്ന് വ്യക്തമാക്കുന്നുണ്ട്. മുനിസിപ്പാലിറ്റിയുടെ ജീവനക്കാരോ, കരാറുകാരോ ശേഖരിക്കുന്ന എല്ലാ ചവറും, ഖരമാലിന്യങ്ങളും, പൊതു സംഭരണികളിലും ഡിപ്പോകളിലും സ്ഥലത്തും അടിഞ്ഞുകൂടിയിട്ടുള്ള മൃഗശവങ്ങളും മുനിസിപ്പാലിറ്റിയുടെ സ്വത്ത് എന്ന ഗണത്തിലുൾപ്പെട്ടതാണ്. മാലിന്യം നിർമ്മാർജ്ജനം ചെയ്യാൻ നഗരസഭയുടെ ഭാഗത്തു നിന്നും കാര്യക്ഷമമായ നടപടികൾ സ്വീകരിക്കാതെ വരുന്നതും മാലിന്യങ്ങൾ വലിച്ച് എറിയുന്നതിന് കാരണമാകുന്നു. ജനങ്ങളിൽ അവബോധം വളർത്തുകയും ശരിയായ രീതിയിലുള്ള മാലിന്യ സംസ്കരണം സാധ്യമാക്കാനുള്ള മേഖലകൾ കണ്ടെത്തുകയെന്നതും നഗരസഭയുടെ ബാധ്യതയുമാണ്.

2). നഗരസഭയിൽ ഉണ്ടാകുന്ന മാലിന്യം എവിടെയാണ് നിക്ഷേപിക്കേണ്ടത് /ബദൽ മാർഗ്ഗങ്ങൾ എന്നതിൽ നഗരസഭയുടെ ഭാഗത്ത് നിന്നും ഒരു നടപടിയും സ്വീകരിച്ചിട്ടില്ല.

3).പദ്ധതി നടത്തിപ്പിന്റെ ഭാഗമായി പി.ഡബ്ളിയു.ഡി. (ഇലക്ട്രോണിക്സ്) വിഭാഗത്തിന് സെന്റേജ് ചാർജ്ജിനത്തിൽ അധികമായി നല്കേണ്ടി വന്ന 12671/- രൂപ പ്രോജക്ട് നം.0230/19-20 (ബയോഗ്യാസ് വിതരണം) വകമാറ്റി കണ്ടെത്തുന്നതിനായി കൗൺസിൽ 02/03/2020 ലെ 8-ാം നമ്പർ തീരുമാനം കൈകൊള്ളുകയും തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

4).പദ്ധതി പ്രകാരം സ്ഥാപിച്ച ക്യാമറകൾ നിലവിൽ പ്രവർത്തന സജ്ജമാണെന്ന് വിലയിരുത്താൻ സാധിച്ചിട്ടില്ല. ക്യാമറാ യൂണിറ്റിന്റെ കൺട്രോൾ സിസ്റ്റം എവിടെയാണ് സ്ഥാപിച്ചിരിക്കുന്നത് എന്ന് വ്യക്തമല്ല. നിലവിൽ ക്യാമറയുടെ പ്രവർത്തനം നിരീക്ഷിക്കാൻ നഗരസഭ ഏതെല്ലാം ജീവനക്കാരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമല്ല. മേൽ അപാകതകൾക്ക് മറുപടിയും വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറി നം.38 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകത നിലനിൽക്കുന്നതിനാൽ പദ്ധതിക്കായി ചെലവഴിച്ച 1125000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-32 ഒരേയിനം പ്രവൃത്തി രണ്ട് പദ്ധതികൾ മുഖേന നടപ്പാക്കി

1.

| | |
|---|---|
| പ്രോജക്ട് നം / പേര് | S0034/20-21 / അംഗൻവാടികളുടെ അറ്റകുറ്റപ്പണികൾ |
| അടങ്കൽ | 1000000.00 (CFC) |
| ബിൽ നം/ ചെലവ് തുക | 512/29.03.2019 തുക 278537 രൂപ<br>306/26.07.20 തുക 269279 രൂപ<br>365/08.03.2021തുക 269279 രൂപ |
| നിർവ്വഹണം | അസി.എഞ്ചിനീയർ |
| അളവ് പുസ്തകം | 207/18-19, 208/18-19, 209/18-19 |
| എഗ്രിമെൻറ് നം | 106/18-19-21, തീ:28.12.2018 |
| കരാറുകാരൻ | സുധീഷ്.വി |

2.

| | |
|---|---|
| പ്രോജക്ട് നം. , പേര് | S0045/20-21, അംഗൻവാടികളുടെ റിപ്പയറിംങ് |
| അടങ്കൽ | 800000.00(CFC) |
| ചെലവ്/ബിൽ നം | 782598.00രൂപ /375/13.03.2020, 292182 രൂപ 376/13.03.2020 |
| നിർവ്വഹണം | അസി.എഞ്ചിനീയർ |
| അളവ് പുസ്തകം | 37/19-20 |
| എഗ്രിമെൻറ് നം. | 78/19-20,തീ:28.11.2019 |
| കരാറുകാരൻ | എം.ഡി.ജോസ് |

ഏക വർഷ പദ്ധതികളായി ആവിഷ്കരിച്ച് നടപ്പാക്കിയ മേൽ പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാൻ സാധിക്കാതെ വരുകയും സ്പിൽ ഓവർ പ്രോജക്ടുകളായി മാറുകയാണ് ചെയ്തിട്ടുള്ളത്. ഈ പദ്ധതികൾ രണ്ടും ഓരേ സ്വഭാവമുള്ളതും തുല്യമായ രീതിയിൽ പൂർത്തീകരിക്കേണ്ടതുമായിരുന്നു. വിവിധ വർഷങ്ങളിലായി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയെങ്കിലും പദ്ധതിയുടെ ലക്ഷ്യവും പദ്ധതി പൂർത്തീകരിച്ചതും ഓരേ വർഷത്തിൽ തന്നെയാണ് എന്നതും ശ്രദ്ധേയമാണ്. പദ്ധതി നടത്തിപ്പിലെ

അപാകതകൾ ചുവടെ കൊടുക്കുന്നു.

1). S0034/20-21 അംഗൻവാടികളുടെ അറ്റകുറ്റപ്പണികൾ എന്ന പ്രവൃത്തിയിൽ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് പ്രകാരം OD137400/2018-19 ഇനം. നം.17 ആയി ചെയ്ത (MBno.209/ 18-19, Item No.17, Page No.9, 25, 44) Providing And Fixing Precoated Galvanised Iron Profile Sheets (Size, Shape And Pitch Of Corrugation As Approved By Engineer-in -Charge)0.35mm Etc ,Complete As Per Specification- എന്നയിനം വാർഡ് 1,4,13 എന്നിവയിലെ അംഗൻവാടികളിലാണ് ചെയ്തിരിക്കുന്നത്. (1st Part Bill- 23.621 X 392.47m2 =9270.53, 2nd Part Bill -23.621x392.47m2 = 9270.53, 3-rd And Final Bill- 23.621x392.47m2 = 9270.53 ആകെ-27811.59/- രൂപ ചെലവഴിച്ചിട്ടുണ്ട്.

2). S0045/20-21-അംഗൻവാടികളുടെ റിപ്പയറിംങ് - എന്ന പ്രവൃത്തിയിൽ ഡീറ്റെയൽഡ് എസ്റ്റിമേറ്റ് പ്രകാരം OD273224/ 2019-20- ഇനം. നം.20 ആയി ചെയ്ത (MBno.37/19-20, Item No.20, Page No.83, 93) Providing And Fixing Precoated Galvanised Iron Profile Sheets (Size, Shape And Pitch Of Corrugation As Approved By Engineer-in -Charge)0.35mm Etc , Complete As Per Specification- എന്നയിനം വാർഡ് 4,9,10,26 എന്നിവയിലെ അംഗൻവാടികളിലാണ് ചെയ്തിരിക്കുന്നത്. (1-st Part Bill- 176.57 X385.60m2 =68085.39, 2nd And Final Bill -52.556x385.60m2 =20265.59 ആകെ- 88350.99/- രൂപ ചെലവഴിച്ചിട്ടുണ്ട്. വാർഡ് നം.4-ൽ മേൽ രണ്ട് പദ്ധതികൾ മുഖേനയും ഒരേ പ്രവൃത്തി ചെയ്തു എന്ന് വ്യക്തമാണ്. അളവു പുസ്തകത്തിൽ എല്ലാ വാർഡുകളിലേയും ആകെ അളവുകൾ ഒരുമിച്ച് ചേർത്ത് രേഖപ്പെടുത്തുന്നതിനാൽ ഓരോ അംഗൻവാടിയിലും എത്ര അളവിലാണ് ചെയ്തതെന്ന് വ്യക്തമല്ല. മേൽ അപാകതക്ക് മറുപടിയും വിശദീകരണവും ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നം. 37പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ ഇനത്തിൽ വന്ന ഇരട്ടിപ്പിന്റെ മൂല്യം നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധനക്ക് വിധേയമാക്കുകയും ആയത് കണക്കാക്കി നഷ്ടം രണ്ടാമത് പ്രവൃത്തി ഏല്പിച്ച കരാറുകാരനിൽ നിന്നും ഈടാക്കി നഗരസഭയിൽ അടവാക്കേണ്ടതാണ്. ആയതിനാൽ മേൽ പദ്ധതിയിലെ ടിയിനങ്ങൾക്കായി ചെലവഴിച്ച 116163 രൂപ (27811.59 + 88350.99 = 116162.58) തടസ്സത്തിൽ വെയ്ക്കുന്നു.

## 1-33 ഉടമസ്ഥാവകാശമില്ലാത്ത സ്ഥലത്ത് നിർമ്മാണം

| | |
|---|---|
| പ്രോജക്ട് നം | S0139/20 |
| പദ്ധതി | വാർഡ് 5-ലെ ബ്രോഡ് വേ ബ്രാഞ്ച് റോഡ് (PVIP- കനാലിനു കുറുകെ) കലുങ്ക് നിർമ്മാണം |
| അടങ്കൽ | 300000.00 (വികസനഫണ്ട് / ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ്/ബിൽ നം | 255608.00 രൂപ 320/29.02.20 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| അളവ് പുസ്തകം | 94,95/19-20 |
| എഗ്രിമെൻെറ് നം | 96/19-20, തീ:03.01.20 |
| കരാറുകാരൻ | ടി.എ.എം.ബഷീർ |

നഗരസഭ 5-ാം വാർഡിലെ ബ്രോഡ് വേ ബ്രാഞ്ച് റോഡ് (പി.വി.ഐ.പി. കനാലിനു കുറുകെ) കലുങ്ക് നിർമ്മാണം എന്ന പ്രവൃത്തി 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. (5.2x4.20) നീളം, 3.30 വീതിയിൽ 2.15 ഉയരത്തിൽ ആണ് കലുങ്ക് നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. നിലവിലുള്ള ചെറിയ സ്ലാബ് ഉൾപ്പെടെ നീക്കംചെയ്ത് Concrete Culvert, Rcc Slab, Parapet Wall എന്നീ ഇനങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1).ഈ വേല നടപ്പിലാക്കിയിരിക്കുന്നത് പെരിയാർ വാലി ഇറിഗേഷൻ വകുപ്പിൻറ ഉടമസ്ഥതയിലുള്ള സ്ഥലത്താണ്. ആയതിനാൽ തന്നെ നഗരസഭയുടെ ആസ്തിയോ, ഉടമസ്ഥതയിലുള്ളതോ അല്ലാത്ത സ്ഥലമാണെന്ന് വ്യക്തമാണ്.

2).സർക്കാർ വകുപ്പിന്റെയോ / മറ്റൊരു സ്ഥാപനത്തിന്റെയോ ആസ്തിയിൽ ഉൾപ്പെട്ട പ്രദേശത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോൾ ബന്ധപ്പെട്ട വകുപ്പിന്റെയോ / സ്ഥാപനത്തിന്റെയോ നിരാക്ഷേപ പത്രം ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയത് ഈ പ്രവൃത്തിയിൽ പാലിക്കപ്പെട്ടിട്ടില്ല.

3).ടി വേലയിലൂടെ സൃഷ്ടിക്കപ്പെട്ട ആസ്തി നഗരസഭയുടെ ആസ്തിയിൽ ഉൾപ്പെടുത്തുവാൻ കഴിഞ്ഞില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നം.17/ 11.4.2022- പ്രകാരം വിശദീകരണം ആവശ്യപ്പെടുകയും ലഭ്യമാക്കിയ മറുപടിയിൽ നഗരസഭയുടെ ആസ്തിയല്ലായെന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ പരാമർശം നിലനിർത്തുന്നു.ആയതിനാൽ ക്രമ പ്രകാരമല്ലാതെ ചെലവഴിച്ച 255608.00 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-34 യാത്രി നിവാസ് വനിതാ സൗഹൃദ ടോയിലറ്റ് ,ഇലക്ട്രിസിറ്റി,വാട്ടർ കണക്ഷൻ തുടങ്ങിയ അനുബന്ധ സൗകര്യങ്ങൾ

| | |
|---|---|
| പ്രോജക്ട് നം / പേര് | S0302/21/ യാത്രിനിവാസ് വനിതാ സൗഹൃദ ടോയിലറ്റ് , ഇലക്ട്രിസിറ്റി, വാട്ടർ കണക്ഷൻ തുടങ്ങിയ അനുബന്ധ സൗകര്യങ്ങൾ |
| അടങ്കൽ | 100000.00 |
| ബിൽ നം./ ചെലവ് | 269/31.12.2020 തുക 54904.00 രൂപ (വികസന ഫണ്ട്) ,<br>227/03.11.2020 തുക 33945.00 രൂപ (തനത് ഫണ്ട്) |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| അളവ് പുസ്തകം | 14/20-21 |
| എഗ്രിമെൻ്റ് നം | 1). 107/19-20, തീ:20.02.20 (പ്ലബിംഗ്),<br>2). 08/20-21, തീ:14.08.20 (ഇലക്ട്രിഫിക്കേഷൻ) |
| കരാറുകാരൻ | 1). മനോജ് .ജി. ഗോകുലം (പ്ലബിംഗ്),<br>2).ടി.കെ.അലിയാർ (ഇലക്ട്രിഫിക്കേഷൻ) |

നഗരസഭയിലെ യാത്രി നിവാസിനോട് ചേർന്നുള്ള വനിതാ സൗഹൃദ ടോയിലറ്റിന് ഇലക്ട്രിസിറ്റി, വാട്ടർ കണക്ഷൻ തുടങ്ങിയ അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് വേണ്ടിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്.നിലവിലുള്ള ടോയിലറ്റിന് മുകളിൽ വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനും ആവശ്യമായ ജല സംവിധാനം നടത്തുന്നതിനുമുള്ള പി.വി.സി. പൈപ്പുകൾ, ക്ലോസറ്റ് തുടങ്ങിയവ സ്ഥാപിക്കുന്നതിനും വേണ്ടിയുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത്. കൗൺസിലിന്റെ 08.07.2020- ലെ 5-ാം നമ്പർ തീരുമാന പ്രകാരം പദ്ധതിക്ക് ആവശ്യമായി വരുന്ന അധിക തുകയായ 30000/- രൂപ തനത് ഫണ്ടിൽ നിന്നും കണ്ടെത്തി മറ്റൊരു പ്രവൃത്തി ചെയ്യാൻ തീരുമാനിച്ചു.

ഇലക്ട്രിസിറ്റി കണക്ഷൻ സജ്ജമാക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ 50000/- രൂപ അടങ്കലുള്ള പ്രവൃത്തിക്ക് 11.08.20- ലെ 49-ാം കൗൺസിൽ തീരുമാനപ്രകാരം അംഗീകാരം നല്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1). 2020-21 വർഷത്തിൽ ശ്രീ.സെയ്ദ് മുഹമ്മദ് ടി.എം. എന്ന വ്യക്തി കംഫർട്ട് സ്റ്റേഷൻ കുത്തകയ്ക്ക് എടുക്കുകയും, കുത്തകയ്ക്ക് എടുത്ത കാലം മുതൽ നാളിതുവരെ വെള്ളം ലഭിക്കാത്തതിനാലും ടോയിലറ്റ് സൗകര്യപ്രദമായി ഉപയോഗിക്കാൻ സാധിക്കാതെ വരുകയും ചെയ്ത സാഹചര്യത്തിൽ കുത്തക ഒഴിവാക്കാൻ നഗരസഭക്ക് കരാറുകാരൻ കത്ത് നല്കിയിട്ടുണ്ട്. ആയതിന്റെ സാഹചര്യം വ്യക്തമല്ല. ജലം, വൈദ്യുതി എന്നിവയുടെ ലഭ്യത പദ്ധതി നടപ്പിലാക്കിയതിനു ശേഷം നഗരസഭ വിലയിരുത്തിയിട്ടില്ല.

2). മേൽ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനു വേണ്ടി പദ്ധതി ആവിഷ്കരിച്ച് തുക ചെലവഴിച്ചിട്ടും പ്രയോജനകരമായി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ഇക്കാര്യം പരിശോധനക്ക് വിധേയമാക്കിയതായി

ഫയലിൽ കണ്ടില്ല.

3). കരാറുകാരന്റെ പ്രവൃത്തിയിലെ അപാകതയാണെങ്കിൽ നഗരസഭ വിലയിരുത്തി തുടർ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല.

4).പൊതുജനോപകാരപ്രദമായ മേൽ പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ട മാർഗ്ഗങ്ങൾ വിലയിരുത്തുകയോ, കണ്ടെത്തുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നം.14/11.04.2022- പ്രകാരം വിശദീകരണം ആവശ്യപ്പെടുകയും ആയത്പ്രകാരം മറുപടി ലഭ്യമാക്കിയെങ്കിലും, തൃപ്തികരമല്ലാത്ത മറുപടിയായതിനാൽ പദ്ധതിക്കായി ചെലവഴിച്ച ആകെത്തുകയായ 88849.00 രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

1-35 അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യൽ (റിജക്ടഡ്)- അപാകതകൾ

| | |
|---|---|
| പദ്ധതി നം. /പേര് | S0361/20-21 അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യൽ (റിജക്ടഡ്) |
| അടങ്കൽ | 500000/- |
| ചെലവ്/ബിൽ നം,തീ | തുക 163387/- രൂപ 366/10.03.21 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| നിർവ്വഹണം | ഹെൽത്ത് സൂപ്പർവൈസർ,നഗരസഭ |

ഫയൽ നം.PH1-646/2021 പ്രകാരം ഹരിത കർമ്മസേന വഴി വേർതിരിച്ച് കളക്ട് ചെയ്യുന്ന അജൈവ മാലിന്യങ്ങളിൽ തിരസ്കരിക്കപ്പെട്ടവ നീക്കം ചെയ്യുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതി പ്രകാരം കിലോഗ്രാമിന് 10/- രൂപയും + ജി.എസ്.ടി.യും ഉൾപ്പെട്ട നിരക്കിൽ നിലവിൽ മാലിന്യം നീക്കം ചെയ്യുന്ന ക്ലീൻ കേരള കമ്പനി ലിമിറ്റഡ് , തിരുവനന്തപുരം എന്ന സ്ഥാപനത്തിന് 15 ടൺ മാലിന്യം (റിജക്ടഡ്) കൈമാറുകയും ചെയ്തിട്ടുണ്ട്. ഈ നിരക്ക് കൂടുതൽ ആയതിനാൽ (29/01/2021 ലെ 19ാം നമ്പർ കൗൺസിൽ തീരുമാനം പ്രകാരം), ടി സ്ഥാപനത്തിന്റ നിരക്കിൽ നിന്നും കുറവു തുകക്ക് മാലിന്യം നീക്കം ചെയ്യാൻ സന്നദ്ധരായ അംഗീകൃത സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ടെൻഡർ വിളിച്ച് മാലിന്യങ്ങൾ നഗരസഭയിൽ നിന്നും നീക്കം ചെയ്യുന്നതിനുവേണ്ടി നടപ്പിലാക്കിയ പദ്ധതിയാണിത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1). 09/10/2020-ലെ ക്ലീൻ കേരള കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ടാക്സ് ഇൻവോയിസ് പ്രകാരം (SER0450) 1,63,387/- രൂപ പദ്ധതി നടപ്പിലാക്കാൻ സാധിക്കുന്നതിനു മുൻപേ തന്നെ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ചതിന്റെ കാരണം വ്യക്തമല്ല.

2). പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് 27/01/21- ലെ ആരോഗ്യ കമ്മിറ്റിയുടെ 7ാം നമ്പർ തീരുമാനവും, 29/01/2021 ലെ 19ാം നമ്പർ കൗൺസിൽ തീരുമാനവും വരുന്നതിന് മുൻപേ ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് കൈമാറിയ അജൈവ മാലിന്യത്തിന്, നടപ്പ് പദ്ധതിയിൽ നിന്നും തുക കൈമാറിയതിന് കാരണം വ്യക്തമല്ല.

3).ക്ലീൻ കേരള കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിൻെറ നിരക്ക് കൂടുതൽ ആണെന്ന കാരണത്താൽ ആവിഷ്കരിച്ച പദ്ധതിയിൽ നിന്നും ടി സ്ഥാപനത്തിന് തന്നെ വന്ന കുടിശ്ശിക തുക അടവാക്കുന്നതിനു വേണ്ടി നഗരസഭയുടെ പദ്ധതി പണം ചെലവഴിച്ചതിന് കാരണം വ്യക്തമല്ല.

4).ബഹു.നഗരകാര്യ വകുപ്പ് ഡയറക്ടറുടെ നിർദ്ദേശപ്രകാരം നഗരസഭക്ക് വന്ന കത്തിൻെറ അടിസ്ഥാനത്തിൽ കുടിശ്ശിക ഒഴിവാക്കുന്നതിന്, 'അജൈവ മാലിന്യങ്ങളിൽ തിരസ്കരിക്കപ്പെട്ടവ നീക്കം ചെയ്യുന്നതിനുമായി' ആവിഷ്കരിച്ച പദ്ധതിയിൽ നിന്നും ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിലെ തുക ചെലവഴിച്ചതിനു കാരണം വ്യക്തമല്ല.

5).ജി.ഒ.(ആർ.ടി.) നം.2112/LSGD, തീ. 27/09/2019 പ്രകാരം പുനചംക്രമണം സാധ്യമല്ലാത്ത മാലിന്യങ്ങൾ 10രൂപയും + ജി.എസ്.ടി.യും ഉൾപ്പെട്ട നിരക്കിൽ ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നതിന് അനുമതി നല്കിയിട്ടുള്ള സ്ഥിതിക്ക് അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യൽ (റിജക്ടഡ്) എന്ന പദ്ധതി

തയ്യാറാക്കി ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുക കൈമാറിയതിന് കാരണം വ്യക്തമല്ല. മേൽ അപാകതകൾക്ക് മറുപടിയും വിശദീകരണവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.4/11.04.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ ചെലവഴിച്ച 163387.00 രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-36 ഗാർഹിക മാലിന്യ സംസ്കരണത്തിന് റിംഗ് കംമ്പോസ്റ്റ്

| | |
|---|---|
| പ്രൊജക്ട് നം. / പേര് | S0261/20-21 / ഗാർഹിക മാലിന്യ സംസ്കരണത്തിന് റിംഗ് കംമ്പോസ്റ്റ് |
| അടങ്കൽ | 493875/- |
| ചെലവ്/ബിൽ നം,തീ | തുക 110880/- രൂപ 428/29.03.21 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| നിർവ്വഹണം | ഹെൽത്ത് സൂപ്പർവൈസർ, നഗരസഭ |

ഗാർഹിക ജൈവ ഖര മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന്റെ ഭാഗമായി വീടുകൾതോറും സബ്സിഡി നിരക്കിൽ റിംഗ് കംമ്പോസ്റ്റ് സ്ഥാപിക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഖരമാലിന്യ സംസ്കരണത്തിനുള്ള ഡി.പി.ആറിൽ ഉൾപ്പെട്ട പദ്ധതിയാണിത്. യൂണിറ്റ് കോസ്റ്റ് 2500/- രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്. റിംഗ് കംമ്പോസ്റ്റ് ലഭ്യമാക്കുന്നതിനായി ശുചിത്വ മിഷന്റെ അക്രഡിറ്റഡ് ഏജൻസിയായ സോഷ്യോ ഇക്കണോമിക് ഫൗണ്ടേഷൻ, ആലുവ എന്ന സ്ഥാപനത്തിനെ നഗരസഭ ചുമതലപ്പെടുത്തി. 720 -റിംഗ് കംമ്പോസ്റ്റ് വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. നിർവ്വഹണ ഉദ്യോഗസ്ഥൻ നല്കുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റനുസരിച്ച് മാത്രമായിരിക്കും നടപ്പിലാക്കുന്നത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.ജി.ഒ.(എം.എസ്.) 22/2018 ത.സ്വ.ഭ.വ. 14.02.2018 പ്രകാരം വാർഡ് സഭ യോഗം ചേർന്ന് ആസൂത്രണ പ്രവർത്തനങ്ങളും ഗുണഭോക്തൃ തെരഞ്ഞെടുപ്പും നടത്തണമെന്നത് നിർബന്ധ വ്യവസ്ഥയാണ്. എന്നാൽ ഈ പദ്ധതിയിൽ വാർഡ് സഭ തീരുമാനിച്ച് അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല.

2. വാർഡ് സഭയുടെ നിയമ പ്രകാരമുള്ള അംഗീകാരമില്ലാത്ത പ്രോജക്ടുകൾക്ക് ആസൂത്രണ സമിതി അംഗീകാരം നല്കാൻ പാടില്ലാത്താണ്.ആയത് ഈ പദ്ധതിയിൽ പാലിച്ചിട്ടില്ല.

3. പദ്ധതി പ്രകാരം ഗുണഭോക്താക്കളിൽ ജൈവമാലിന്യ സംസ്കരണത്തെപ്പറ്റി അവബോധം ഉണ്ടാക്കാൻ വേണ്ടി ഗുണഭോക്താക്കൾക്ക് പ്രായോഗിക പരിശീലനം നൽകേണ്ടതുണ്ട്. എന്നാൽ ഇത്തരത്തിൽ ഒരു പരിശീലന പരിപാടി നഗരസഭ സംഘടിപ്പിച്ചിട്ടില്ല.

4.ഖര മാലിന്യ സംസ്കരണ പദ്ധതിക്ക് സർക്കാർ സബ്സിഡി മാർഗ്ഗരേഖ പ്രകാരം വ്യക്തമാക്കുന്ന മാനദണ്ഡങ്ങൾ ഈ പദ്ധതിക്ക് ബാധകമാണ്. കുടുംബ വാർഷിക വരുമാന പരിധി ജനറൽ 2 -ലക്ഷം രൂപയും പട്ടിക ജാതി വിഭാഗത്തിന് 3 ലക്ഷം രൂപയും പട്ടിക വർഗ്ഗ വിഭാഗത്തിന് വരുമാന പരിധി ബാധകവുമല്ല. അതോടൊപ്പം അഞ്ച് സെന്റോ അതിൽ കുറവോ ഉള്ള ഗുണഭോക്താക്കൾക്ക് മുൻഗണന നല്കേണ്ടതുമാണ്. ഈ കാര്യങ്ങളൊന്നും തന്നെ പദ്ധതി നിർവ്വഹണത്തിൽ പാലിച്ചിട്ടില്ല.

5.ഗുണഭോക്തൃ വിഹിതം വാങ്ങി അടവാക്കിയതിന്റെയോ, തുടർ നടപടികൾ സ്വീകരിച്ചതിന്റെയോ രസീതികൾ, രജിസ്റ്ററുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നം.5/11.4.2022 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവഴിച്ച 110880.00 രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-37 കിണർ നിർമ്മാണം - ഗ്രാന്റ് തുക ഉപയോഗിച്ചത്

| | |
|---|---|
| പ്രോജക്റ്റ് നം. / പേര് | S0283/21 / ടി.പി.ഹസ്സൻ സ്മാരക മന്ദിരത്തിൽ കിണർ നിർമ്മാണം |
| അടങ്കൽ | 100000.00 (വികസനഫണ്ട് / ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ബിൽ നം./ ചെലവ് തുക | 346/24.02.21 തുക 93708.00 രൂപ |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| അളവ് പുസ്തകം | 109/19-20 |
| എഗ്രിമെന്റ് നം. | 114/19-20,തീ:02.03.20 |
| കരാറുകാരൻ | ബാബു ജോസഫ് |

സ.ഉ.(കൈ)നം.103/20/ത.സ്വ.ഭ.വ.തീ.30.06.20 പ്രകാരം പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് കുടിവെള്ള പ്രോജക്റ്റുകൾ, മഴവെള്ള കൊയ്ത്ത്, ജല സംരക്ഷണവും ജല സ്രോതസുകളുടെ പരിപോഷണവും, ജലാശയങ്ങളുടെ പുനരുജ്ജീവനം, ജലത്തിൻറ പുനരുപയോഗവും പുനചംക്രമണവും തുടങ്ങിയ പ്രവർത്തനങ്ങൾ, എന്നീ അടിസ്ഥാന സേവനങ്ങൾക്ക് മാത്രമായി വിനിയോഗിക്കാവുന്നതാണ് എന്ന് വ്യക്തമാക്കുന്നു. ജനകീയാസൂത്രണ പദ്ധതിയിൽ സ്വന്തം ആസ്തി സൃഷ്ടിക്കുന്നതിൽ കിണർ നിർമ്മാണം ഉൾപ്പെടുന്നില്ല. പൊതുകിണർ നിർമ്മാണത്തിന്റെ ഗണത്തിലും പദ്ധതി ഉൾപ്പെടുന്നില്ല. ഇത്തരം വേലകൾക്ക് തനത് ഫണ്ട് വിനിയോഗിക്കാൻ സാധ്യത നിലനിൽക്കെ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിനത്തിലെ തുക വിനിയോഗിച്ചതിന വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ക്രമപ്രകാരമല്ലാതെ തുക ചെലവഴിച്ചതിന് ഓഡിറ്റ് എൻക്വയറി നം.16/04.04.2022 പ്രകാരം വിശദീകരണം ആവശ്യപ്പെടുകയും ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ പരാമർശം തുടരുന്നു. സർക്കാർ ഉത്തരവിന വിരുദ്ധമായി ചെലവഴിച്ച 93708.00 രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-38 ക്രിമറ്റോറിയം ഫീസ്

രായമംഗലം പഞ്ചായത്തു വക സ്ഥലത്ത് നഗരസഭ പണികഴിപ്പിച്ച ഗ്യാസ് ക്രിമറ്റോറിയത്തിൽ മൃതദേഹം ദഹിപ്പിക്കുന്നതിന് പെരുമ്പാവൂർ നഗരസഭ, രായമംഗലം പഞ്ചായത്ത് എന്നിവയുടെ പരിധിയിൽ വരുന്നവർക്ക് 3000/- രൂപയും മറ്റ് സ്ഥലങ്ങളിൽ നിന്നുള്ളവർക്ക് 4000/- രൂപയും ഫീസ് നിശ്ചയിച്ച് 15.02.2018 ൽ ചേർന്ന കൗൺസിൽ യോഗം തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ കൂവപ്പടി പഞ്ചായത്തിൽപ്പെട്ട ബത് ലഹേം അഭയ ഭവനിലെ അന്തേവാസികളുടെ മൃതദേഹം ദഹിപ്പിക്കുന്നതിന് 3000/- രൂപയാണ് നഗരസഭ ഈടാക്കുന്നത്. ഇതേ പഞ്ചായത്തിലെ ജീസസ് ഭവൻ മങ്കുഴി എന്ന സ്ഥാപനത്തിൽനിന്ന് 4000/- രൂപ ഫീസ് ഈടാക്കിയിട്ടുണ്ട്. അഭയ ഭവനിൽ നിന്നും 34 അന്തേവാസികളുടെ മൃതദേഹം തൻവർഷം ഇവിടെ സംസ്കരിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിന് ഫീസിളവ് അനുവദിച്ചുകൊണ്ട് കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നം. 27/ 26.04.2022 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടിയൊന്നും ലഭിച്ചില്ല. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്.

## 1-39 ഇലക്ഷൻ മുന്നൊരുക്കം - അധികച്ചെലവ്

2020 ലെ നഗരസഭാ ഇലക്ഷനുമായി ബന്ധപ്പെട്ട് പോളിംഗ് ബൂത്തുകളുടെയും കൗണ്ടിംഗ് സെന്ററിന്റെയും അറ്റകുറ്റപ്പണികൾ, മറ്റു ക്രമീകരണങ്ങൾ എന്നിവയ്ക്ക് പബ്ലിക് വർക്സ് ഓവർസിയർ ശ്രീ പി.സി സജീവന് അനുവദിച്ച മുൻകൂർ 50000/- രൂപ 155-1/2021 വൗച്ചർ പ്രകാരം ക്രമീകരിക്കുകയും മുൻകൂറിനുപരിയായി ചെലവുവന്ന 61318/- രൂപ അദ്ദേഹത്തിന് തിരികെ നൽകുകയും ചെയ്തിട്ടുണ്ട്. ബൂത്തുകളിലും കൗണ്ടിങ്ങ് സെന്ററിലും ആവശ്യമായ കസേര, മേശ, ഫാൻ, ട്യൂബ് ലൈറ്റ്, റാമ്പുകൾ, സൗണ്ട് സിസ്റ്റം എന്നിവ ക്രമീകരിച്ചത് വി- ഡിസൈൻ സ്റ്റേജ് & ഡെക്കറേഷൻ എന്ന സ്ഥാപനമാണ്. ഇതിന് 67,600/- രൂപ

നൽകിയിട്ടുണ്ട്. ബൂത്തുകളിലും കൗണ്ടിങ്ങ് സെന്ററിലും ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്തതിന് കെ.കെ.പി കൺസ്ട്രക്ഷൻസ് കാഞ്ഞിരക്കാട് എന്ന സ്ഥാപനത്തിന് 41,218/- രൂപയും നൽകിയിട്ടുണ്ട്. പെറ്റി പർച്ചേസുകൾക്കായി നൽകിയ 2500 രൂപയുൾപ്പെടെ ഈയിനത്തിൽ ആകെ ചെലവ് 111318 രൂപയാണ്. അറ്റകുറ്റപ്പണി കെ.കെ.പി കൺസ്ട്രക്ഷൻസിനെ ചുമതലപ്പെടുത്തിയതിനാൽ വി- ഡിസൈൻ എന്ന സ്ഥാപനത്തിന്റെ ബില്ലിൽ ബൂത്തുകളിലെയും കൗണ്ടിങ്ങ് സെന്ററിലെയും ജനലുകൾ റിപ്പയർ ചെയ്യുന്ന രേഖപ്പെടുത്തി ക്ലെയിം ചെയ്ത 4000/-രൂപ അനുവദിക്കുന്നില്ല. ഈ തുക നഗരസഭാ ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.വിശദമായ വിവരം ഖണ്ഡിക 3-4-ൽ നല്കിയിട്ടുണ്ട്.

## 1-40 തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്

തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് 2020- മാർച്ച് മാസം വരെ കുടിശ്ശികയില്ലാതെ അടവാക്കിയിട്ടുണ്ട്. കൊവിഡ് വ്യാപനം മൂലം നഗരസഭയുടെ സാമ്പത്തിക സ്ഥിതി മോശമായതോടെ പ്രതിമാസം വൈദ്യുതിചാർജ്ജ് അടവാക്കുന്ന രീതി തുടരാനാവാതെ വന്നു. ഫണ്ടിൽ തുക ഉണ്ടാകുന്ന മുറയ്ക്ക് ബില്ലുകൾ ഭാഗികമായി അടവാക്കുന്ന രീതിയാണ് നിലവിൽ തുടർന്നുപോരുന്നത്. വൈദ്യുതി ചാർജ് അടവാക്കുന്നതു സംബന്ധിച്ച് ഫയലിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഇതിനായി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അതിനാൽ അടവാക്കുന്ന തുകകൾ ഏതെല്ലാം കൺസ്യൂമർ നമ്പരിലേയ്ക്കാണ് അഡ്ജസ്റ്റ് ചെയ്യുന്നതെന്നോ ഏതെല്ലാം നമ്പറുകളിൽ എത്ര വീതം കുടിശ്ശികയുണ്ടെന്നോ മനസ്സിലാക്കാൻ കഴിയുന്നില്ല. സെക്ഷനിൽ നിന്ന് ഫയലിൽ രേഖപ്പെടുത്തുന്ന പ്രകാരം ഫണ്ട് ലഭ്യതയനുസരിച്ച് ലംപ്സം ആയി ഇലക്ട്രിസിറ്റി ബോർഡിന് തുക നൽകുന്നതല്ലാതെ ഇക്കാര്യത്തിൽ മേൽത്തട്ടിലുള്ള സൂക്ഷ്മപരിശോധന നടക്കുന്നതായി കാണുന്നില്ല. ഇലക്ട്രിസിറ്റി ബോർഡുമായി ബന്ധപ്പെട്ട് കുടിശ്ശികയുടെ കാര്യത്തിൽ കൃത്യത വരുത്തേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധയും ഈവിഷയത്തിൽ അടിയന്തിരമായി ഉണ്ടാകേണ്ടതാണ്. ലഭ്യമായ കണക്കുകളനുസരിച്ച് 31.03.2021 ൽ ബോർഡിനു നൽകാനുള്ള കുടിശ്ശിക 1448409 /- രൂപയാണ്. ഈ തുക കൊടുക്കാൻ അവശേഷിക്കുന്ന ചെലവിന്റെ ശീർഷകത്തിലും ബാലൻസ് ഷീറ്റിന്റെ ബാധ്യതാ ശീർഷകത്തിലും രേഖപ്പെടുത്തിയിട്ടില്ല.

തെരുവു വിളക്കുകളുടെ എണ്ണം, തരം എന്നിവ സൂചിപ്പിക്കുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വിളക്കുകളുടെ എണ്ണത്തിനെയും ബാധകമായ താരിഫിനെയും അടിസ്ഥാനപ്പെടുത്തിയാണ് ഇലക്ട്രിസിറ്റി ബോർഡ് വൈദ്യുതി ചാർജ് ഈടാക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-41 പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ്

നഗരസഭാ പരിധിയിൽ ആകെയുള്ള 307 പൊതു ടാപ്പുകളിൽ ജല ലഭ്യതയില്ലാത്തതും ഉപയോഗ ശൂന്യവുമായ 217 ടാപ്പുകളുടെ കണക്ഷൻ വിച്ഛേദിക്കുന്നതിന് കൗൺസിൽ 26.06.2011 ൽ തീരുമാനമെടുക്കുകയും വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള ഡിസ് കണക്ഷൻ ചാർജ്ജ് 1.25 ലക്ഷം രൂപ 21.05.2012 ൽ ആലുവ ഡിവിഷൻ ഓഫീസിന് കൈമാറുകയും ചെയ്തു. 217- ടാപ്പുകളുടെ കണക്ഷൻ വിച്ഛേദിക്കുന്നതിനു തീരുമാനിച്ചെങ്കിലും പൊതുജനങ്ങളുടെയും വാർഡ് കൗൺസിലർമാരുടെയും എതിർപ്പുമൂലം 178 കണക്ഷൻ മാത്രമാണ് വിച്ഛേദിക്കാൻ കഴിഞ്ഞത്. ജനങ്ങളുടെ എതിർപ്പു മൂലം സംയുക്ത പരിശോധന പൂർത്തിയാക്കാനും സാധിച്ചില്ല. പിന്നീട് 2016 ജൂൺ മാസത്തിൽ നടത്തിയ സംയുക്ത പരിശോധനയിൽ 202 ടാപ്പുകൾ കണ്ടെത്തുകയും ആയതിൽ 188 എണ്ണം നിലനിർത്തി 14 എണ്ണം കട്ട് ചെയ്യുന്നതിന് വാട്ടർ അതോറിറ്റിക്ക് കത്തുനൽകുകയും അതോറിറ്റിയുടെ കൈവശം നിലനിൽക്കുന്ന ഡെപ്പോസിറ്റ് തുക ഉപയോഗിച്ച് 14 ടാപ്പുകളുടെ കണക്ഷൻ വിച്ഛേദിക്കുകയും ചെയ്തു. 2018 ഏപ്രിൽ മാസം മുതൽ 187 ടാപ്പിന്റെ വെള്ളക്കരമാണ് വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നത്. വാർഡ് കൗൺസിലർമാരുടെ സഹായത്തോടെ വാട്ടർ അതോറിറ്റിയുമായിച്ചേർന്ന് സംയുക്ത പരിശോധന നടത്തി ഉപയോഗ ശൂന്യമായ പൊതു ടാപ്പുകളുടെ വിവരശേഖരണം നടത്തി നീക്കം ചെയ്യുന്നതിനും ആയതിന് ഓവർസിയർമാരെ ചുമതലപ്പെടുത്തുന്നതിനും 25.05.2019 ൽ ചേർന്ന

ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. (തീരുമാനം5) ഇത്രയും പൊതുടാപ്പുകൾ ആവശ്യമുണ്ടോയെന്ന് തീരുമാനിക്കു ന്നതിന് കൗൺസിലിൽ അജണ്ട വച്ചെങ്കിലും തീരുമാനം എടുത്തിട്ടില്ല.

മാർച്ച് 2020 വരെ വെള്ളക്കരം കുടിശ്ശികയില്ല. കോവിഡ് വ്യാപനം മൂലം നഗരസഭയുടെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമായതിനാൽ 2020-21 വർഷത്തിൽ വെള്ളക്കരമിനത്തിൽ തുകയൊന്നും അടവാക്കിയിട്ടില്ല. ഒരു മാസം വെള്ളക്കരമായി അടയ്ക്കേണ്ടത് 122859/- രൂപയാണ്. (657*187) വാട്ടർ അതോറിറ്റിയുടെ 2021 മാർച്ചിലെ ബിൽ പ്രകാരം ഈയിനത്തിലെ കുടിശ്ശിക 1488805/- രൂപയും 2% നിരക്കിലുള്ള പിഴത്തുകയായ 152099/- രൂപയുൾപ്പെടെ 1640904/- രൂപയാണ്. എന്നാൽ ഈ തുക കൊടുക്കാൻ അവശേഷിക്കുന്ന ചെലവിന്റെ ശീർഷകത്തിലും ബാലൻസ് ഷീറ്റിൽ ബാധ്യതാ ശീർഷകത്തിലും രേഖപ്പെടുത്തിയിട്ടില്ല. തുക എത്രയും വേഗം അടച്ചുതീർത്ത് ബാധ്യത ഒഴിവാക്കേണ്ടതാണ്. 2022 ഏപ്രിൽ മാസം മുതൽ വെള്ളക്കരം വീണ്ടും വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ സംയുക്ത പരിശോധന എത്രയും വേഗം നടത്തി ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

### 1-42 സർക്കാർ അനുമതിയില്ലാതെ കൺവയൻസ് അലവൻസ് അനുവദിച്ചത്

എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് മുഖേന ഹ്രസ്വകാല നിയമനം ലഭിച്ച ശേഷം പിന്നീട് സൂപ്പർ ന്യൂമററി തസ്തികയിൽ സ്ഥിര നിയമനം ലഭിച്ച ഭിന്ന ശേഷിക്കാരായ ജീവനക്കാരുടെ സേവന വ്യവസ്ഥകൾ സാമൂഹ്യ നീതി വകുപ്പിന്റെ 03.02.2016- ലെ ജി.ഒ. (പി) നം. 1/2016 ഉത്തരവിലൂടെ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സ്ഥിര തസ്തികയിൽ നിയമനം ലഭിച്ച ഭിന്ന ശേഷിക്കാരായ ജീവനക്കാർക്ക് അനുവദനീയമായ കൺവയൻസ് അലവൻസ് സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിക്കപ്പെട്ടവർക്ക് മേൽ ഉത്തരവിൽ അനുവദിച്ചിരുന്നില്ല. പിന്നീട് ധന വകുപ്പിന്റെ 12.09.2021-ലെ ജി.ഒ.(പി) നം 126/2021 ഉത്തരവിലൂടെ ഉത്തരവ് തീയതി മുതൽ പ്രാബല്യം നൽകി ഈ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. നഗരസഭയുടെ 2020-21 വർഷത്തെ തനതുഫണ്ട് വൗച്ചർ പരിശോധനയിൽ 98248/- രൂപ കൺവയൻസ് അലവൻസ് ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. സർക്കാർ അനുമതി ലഭിക്കുന്നതിനുമുമ്പ് ഈയിനത്തിൽ തുക ചെലവഴിച്ച നടപടിക്ക് സാധൂകരണം വാങ്ങേണ്ടതാണ്. ഓഡിറ്റ് എൻക്വയറി (നം.21/12.04.2022) പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടിയൊന്നും ലഭിച്ചില്ല.

### 1-43 പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം -അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | 0053/21(സ്പിൽ ഓവർ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | നഗരസഭാ സെക്രട്ടറി |
| ചെലവു വിവരം | 39/ 11.04.2020 തുക 408654/- രൂപ |

പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണം വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയാണിത്. സർക്കാർ നിബന്ധന പാലിച്ച് സി. പി.ആർ.സി.എസ് പോർട്ടലിൽ നിന്ന് 18 ലെനോവോ മോഡൽ ലാപ് ടോപ്പുകൾ ഇതിനായി വാങ്ങിയിട്ടുണ്ട്. വാർഡ് സഭ അംഗീകരിച്ച 2019 -20 ലെ ഗുണഭോക്തൃ ലിസ്റ്റിലെ 15 പേരാണ് ഉൾപ്പെട്ടിരുന്നത്. അതിനാൽ 2018 -19 വർഷത്തെ ലിസ്റ്റിൽപ്പെട്ടവരെയും പരിഗണിച്ചു. ലാപ് ടോപ്പുകൾക്കായി 11.04.2020 ൽ തുക അനുവദിച്ചെങ്കിലും ആയവ ലഭ്യമായത് 08.10.2020 തിയതിയിലും വിതരണം ചെയ്തത് 28.10.2020 ലാണ്. ആകെയുള്ള 18 ഗുണഭോക്താക്കളിൽ 8 പേർക്ക് അവരുടെ പഠന കാലയളവ് കഴിഞ്ഞതിനു ശേഷമാണ് പഠനോപകരണം ലഭ്യമായത്. പഠനത്തിനു സഹായകമാകുവാൻ കഴിയാത്തതിനാൽ പണം ചെലവു ചെയ്തതിന്റെ യഥാർത്ഥ ലക്ഷ്യം നേടിയിട്ടില്ല. വകുപ്പിൽനിന്ന് ഇതിനായി ധന സഹായം ലഭിച്ചിട്ടില്ല എന്ന സ്ഥാപന തലവന്റെ സാക്ഷ്യപത്രം 11 പേർ ഹാജരാക്കിയിട്ടില്ല. എല്ലാ സാക്ഷ്യപത്രങ്ങളും

ഹാജരാക്കിയത് 5 പേർ മാത്രമാണ്. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നടപ്പാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/6.4.2022) മറുപടിയൊന്നും നൽകിയില്ല.

## 1-44 സാമൂഹ്യ സുരക്ഷാ മിഷന് സംഭാവന -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ് നം. / പേര് | S0002/2021 -കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് വിഹിതം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | നഗരസഭാ സെക്രട്ടറി |
| അടങ്കൽ | 10 ലക്ഷം |
| ചെലവ് | 10 ലക്ഷം (ബിൽ നം. 103/21.05.2020) |

സംസ്ഥാനത്തെ അവശതയനുഭവിക്കുന്ന വിവിധ ജന വിഭാഗങ്ങളുടെ ക്ഷേമത്തിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന പദ്ധതികൾക്ക് പ്രവർത്തന ഫണ്ട് സ്വരൂപിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും എല്ലാ സാമ്പത്തിക വർഷവും തനത് / പദ്ധതി വിഹിതത്തിൽ നിന്ന് കൗൺസിൽ തീരുമാനത്തിനു വിധേയമായി സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 06.05.2013 ലെ ജി.ഒ (ആർ ടി) 1209/2013 ഉത്തരവിലൂടെ അനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് 10 ലക്ഷം രൂപ മിഷന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. നൽകുന്ന സംഭാവനയ്ക്ക് ധന വിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണെന്ന് ഈ ഉത്തരവിന്റെ 6-ാം ഖണ്ഡികയിൽ വ്യക്തമാക്കിയിട്ടുണ്ട്. 2020-21 വർഷം നഗരസഭ സംഭാവന ചെയ്ത തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം സാമൂഹ്യ സുരക്ഷാ മിഷനിൽനിന്ന് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുകയായ 10,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-45 ഷീപാഡ് പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം. പേര് | S039/2021 ഷീപാഡ് പദ്ധതി (സ്പിൽ ഓവർ) |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്റ്റ് ഓഫീസർ, യു.പി.എ. സെൽ |
| അടങ്കൽ | 3,00,000 |
| ചെലവ് | 298086 /- |

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ സ്കൂൾ വിദ്യാർത്ഥിനികൾക്കായി തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പാക്കിയ സാനിട്ടറി നാപ്കിൻ വിതരണ പദ്ധതി മറ്റു ജില്ലകളിൽ വ്യാപിപ്പിക്കുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 25.01.2016-ലെ ജി.ഒ. (ആർ. ടി.) 280/2016 ഉത്തരവിലൂടെ അനുമതി നൽകി. ഇതനുസരിച്ച് പദ്ധതി രൂപീകരിച്ച് നഗരസഭയ്ക്കു കൈമാറിക്കിട്ടിയ മൂന്ന് സ്കൂളുകളിൽ ഷീപാഡ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. സാനിട്ടറി പാഡുകൾ, ഇവ സൂക്ഷിക്കുന്നതിനുള്ള അലമാര, ഉപയോഗിച്ച നാപ്കിനുകൾ നശിപ്പിക്കുന്നതിനുള്ള ഇൻസിനറേറ്റർ എന്നിവയാണ് പദ്ധതി പ്രകാരം വിതരണം നടത്തേണ്ടത്. പദ്ധതിയുടെ നടത്തിപ്പിൽ താഴെ പ്പറയുന്ന അപാകതകളുണ്ട്.

1).പദ്ധതി പ്രകാരമുള്ള സേവനങ്ങൾ, അവ നൽകുന്നതിനുള്ള വ്യവസ്ഥകൾ, കാലാവധി എന്നിവ സംബന്ധിച്ച് നഗരസഭയും വനിതാ വികസന കോർപ്പറേഷനും ഉടമ്പടി ഉണ്ടാക്കിയിട്ടില്ല.

2).പദ്ധതി പ്രകാരം ലഭിക്കേണ്ട എല്ലാ സേവനങ്ങളും യഥാർത്ഥ അളവിൽ ലഭിച്ചുവെന്ന് മോണിട്ടറിംഗ് കമ്മറ്റി പരിശോധിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല.

3).സ്കൂളുകളിലെ വിദ്യാർത്ഥിനികളുടെ എണ്ണത്തിന് ആനുപാതികമായിട്ടല്ല നാപ്കിനുകൾ ഓർഡർ

ചെയ്തിരിക്കുന്നത്. 978 കുട്ടികളുള്ള ഗേൾസ് ഹൈസ്കൂളിലേയ്ക്കും 230 കുട്ടികളുള്ള ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലേയ്ക്കും ഒരേ എണ്ണമാണ് ഓർഡർ ചെയ്തിരിക്കുന്നത്.

4).ഏഴ് നാപ്കിനുകൾ ഉൾപ്പെട്ട ഒരു പായ്ക്കറ്റിന് 16.71 രൂപയാണ് സ്ഥാപനം ഈടാക്കുന്നത്. ഇത് ഒരു നാപ്കിന്റെ വിലയായി തെറ്റിദ്ധരിച്ച് 3400 എണ്ണം വീതം ഓർഡർ ചെയ്തു. ഫലത്തിൽ ഒരു സ്കൂളിൽ 23,800 നാപ്കിനുകളാണ് രേഖയനുസരിച്ച് വിതരണം നടത്തിയിട്ടുള്ളത്.

5).ഒരു സ്കൂളിന് ഇൻസിനറേറ്റർ, അലമാര എന്നിവ വാങ്ങുന്നതിന് ആകെ ചെലവ് 42548 രൂപയാണെന്നിരിക്കെ നാപ്കിനുകൾക്കായി 56,814 രൂപയാണ് ചെലവു വന്നിരിക്കുന്നത്. മൂന്നു സ്കൂളുകൾക്കായി 1,70,442 രൂപയുടെ നാപ്കിനുകൾ രേഖയനുസരിച്ച് വാങ്ങിയിട്ടുണ്ട്.

6).ഇൻസിനറേറ്ററിന്റെ നിരക്ക് ഇൻസ്റ്റലേഷൻ ചാർജ്ജും ഒരു വർഷത്തെ മെയിന്റനൻസ് ചാർജ്ജും ഉൾപ്പെടുന്നതാണ്. ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി (നം.27/ 26.04.2022) നൽകിയതിനെത്തുടർന്ന് പദ്ധതി പ്രകാരമുള്ള എല്ലാ സാധനങ്ങളും ലഭിച്ചിട്ടുണ്ടെന്നും തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ടെന്നും സ്കൂൾ അധികൃതർ മറുപടി നൽകിയിട്ടുണ്ട്. പദ്ധതി രൂപീകരണസമയത്ത് വർക്കിംഗ് ഗ്രൂപ്പും നിർവ്വഹണസമയത്ത് മോണിട്ടറിംഗ് കമ്മിറ്റിയും നിർവ്വഹണോദ്യോഗസ്ഥനും ശ്രദ്ധിച്ചിരുന്നെങ്കിൽ ഈ പദ്ധതിയുടെ പ്രയോജനം നഗരസഭയുടെ മറ്റു രണ്ടു സ്കൂളുകളിലെ കുട്ടികൾക്കുകൂടി ലഭിക്കുമായിരുന്നു. പദ്ധതികളുടെ മോണിട്ടറിംഗ് കൂടുതൽ ശക്തവും ഫലപ്രദവുമാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-46 ഉദ്ദേശ്യത്തിന് വിരുദ്ധമായി പദ്ധതി നിർവ്വഹണം നടത്തി

| | |
|---|---|
| പ്രോജക്ട് നം. / പേര് | 0027/20-21 / താലൂക്ക് ആശുപത്രിയിലെ വനിത വാർഡിൽ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 2,00,840/- (വികസന ഫണ്ട്- പൊതു വിഭാഗം) |
| ചെലവ് | 2,00,834/-(വികസന ഫണ്ട്- പൊതു വിഭാഗം) |
| ബിൽ നമ്പർ | 44/2020-21, 31.03.2021 |
| നിർവ്വഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ (അലോപ്പതി), താലൂക്ക് ഹോസ്പിറ്റൽ, പെരുമ്പാവൂർ |

താലൂക്ക് ആശുപത്രിയിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കിയ "താലൂക്ക് ആശുപത്രിയിലെ വനിത വാർഡിൽ ഉപകരണങ്ങൾ വാങ്ങൽ" എന്ന പദ്ധതി നടപ്പാക്കിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(1) 02.02.2018 ലെ സ.ഉ (കൈ) നം.17/2018/ത.സ്വ.ഭ.വ പദ്ധതി മാർഗ്ഗരേഖ 7-7-1 ആരോഗ്യ സുരക്ഷ പ്രകാരം കൈമാറി കിട്ടിയ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യം ഉയർത്തണം എന്നതാണ്. പ്രസ്തുത പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം ആശുപത്രി വാർഡിൽ ചികിത്സയിലുള്ള രോഗികൾക്ക് ആവശ്യമായ കട്ടിൽ, ബെഡ്ഡ്, കസേര, മേശ, സ്റ്റാന്റ്, അലമാര, ഫാൻ തുടങ്ങിയവ ലഭ്യമാക്കി മികച്ച ചികിത്സ സൗകര്യങ്ങൾ ലഭ്യമാക്കുക എന്നതാണ്. എന്നാൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യത്തിന് വിരുദ്ധമായി വനിതാ വാർഡ് 5, 6 എന്നിവയോട് ചേർന്നുള്ള സ്റ്റോറിലേക്ക് രണ്ട് ടണ്ണിന്റെ എയർ കണ്ടീഷണറും (2 എണ്ണം വീതം), മരത്തിന്റെ റാക്ക് (7 എണ്ണം വീതം) എന്നിവ വാങ്ങുന്നതിനായിട്ടാണ് തുക ചെലവഴിച്ചിരിക്കുന്നത്. എ.സി. വാങ്ങിയതിന് പിട്ടാപ്പിള്ളിൽ ഏജൻസീസ് പെരുമ്പാവൂർ എന്ന സ്ഥാപനത്തിന് 1,10,000/- രൂപയും (ബിൽ നം. PBAG-F3SI 6187, 27-02-2021), മരത്തിന്റെ റാക്ക് വാങ്ങിയതിന് ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ്, ആലുവ എന്ന സ്ഥാപനത്തിന് 90,834/- രൂപയും (ബിൽ നം. PF/215/ 20-21, 22.03.2021) ഉൾപ്പെടെ ആകെ 2,00,834/- രൂപ ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ലക്ഷ്യത്തിന് വിരുദ്ധമായി ആശുപത്രിയിലേക്ക് ഇത്തരത്തിലുള്ള ഇലക്ട്രിക്ക് ഉപകരണങ്ങൾ വാങ്ങിയതിലൂടെ വനിതാ വാർഡിലെ കിടപ്പ് രോഗികൾക്ക് ഫലത്തിൽ

പ്രസ്തുത പദ്ധതിയുടെ ഒരു ഗുണവും ലഭിച്ചിട്ടില്ലായെന്ന് വ്യക്തമാണ്. പദ്ധതിയുടെ പ്രോജക്ട് രൂപീകരണ ഫോറം-3 ൽ പ്രോജക്ടിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും രേഖപ്പെടുത്തിയിരിക്കുന്നത് വനിതാ വാർഡിൽ സേവനം മെച്ചപ്പെടുത്താൻ സാധിക്കുന്ന എന്നതാണ്. പദ്ധതി നടത്തിപ്പിൽ ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ചുവെന്നത് വിലയിരുത്താൻ നഗരസഭക്ക് സാധിച്ചിട്ടില്ല.

(2) 2013 ലെ സ്റ്റോർ പർച്ചേസ് മാന്വൽ 19.3 പ്രകാരവും, ജി.ഒ (പി) 7/19/എസ്.പി.ഡി തീയതി 26-04-2019 ഉത്തരവിന്റെ അടിസ്ഥാനത്തിലും എല്ലാ സർക്കാർ വകുപ്പുകളും 25,000/- രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും 'ജെം' പോർട്ടൽ (GeM-Government E Market Place) മുഖേന സമാഹരിക്കേണ്ടതാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിന് വിരുദ്ധമായി ടെണ്ടർ മുഖേനയാണ് രണ്ട് ടണ്ണിന്റെ 2 എയർ കണ്ടീഷണർ, സ്റ്റെബിലൈസർ എന്നിവ 1,10,000/- രൂപ ചെലവഴിച്ച് വാങ്ങിയിട്ടുള്ളത്. പെരുമ്പാവൂർ താലൂക്ക് ആശുപത്രി സൂപ്രണ്ടിന്റെ 28.01.2021 ലെ ബി1-535/2021 ലെ ടെണ്ടർ നോട്ടീസ് പ്രകാരം എയർ കണ്ടീഷണർ രണ്ട് ടൺ ഫൈവ് സ്റ്റാർ റേറ്റഡ്, സ്റ്റെബിലൈസർ, സ്റ്റാന്റ് എന്നിവ (ഇൻസ്റ്റലേഷൻ ചാർജ്ജ്, ടാക്സ് ഉൾപ്പെടെ) വിതരണം ചെയ്യുന്നതിന് വിവിധ സ്ഥാപനങ്ങളിൽ നിന്നും ടെണ്ടറുകൾ ക്ഷണിക്കുകയും ഒരു സ്ഥാപനത്തിന്റെ തന്നെ വിവിധ ബ്രാഞ്ചുകൾ ടെണ്ടർ സമർപ്പിക്കുകയും (പിട്ടാപ്പിള്ളിൽ ഏജൻസീസിന്റെ അങ്കമാലി, കോതമംഗലം, പെരുമ്പാവൂർ) ഇപ്രകാരം കുറഞ്ഞ നിരക്കായ 1,10,000/- രൂപ ക്വാട്ട് ചെയ്ത പിട്ടാപ്പിള്ളിൽ ഏജൻസീസ് പെരുമ്പാവൂർ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായിട്ടാണ് പ്രസ്തുത പദ്ധതി പ്രകാരം പിട്ടാപ്പിള്ളിൽ ഏജൻസീസ് പെരുമ്പാവൂർ എന്ന സ്ഥാപനത്തിൽ നിന്നും 1,10,000/- രൂപയുടെ (ബിൽ നം. PBAG-F3SI 6187, 27-02-2021) ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്.

മേൽ സൂചിപ്പിച്ചിരിക്കുന്ന അപാകതകൾക്ക് മറുപടിയും വിശദീകരണവും ലഭ്യമാക്കുന്നതിനായി 28.04.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 30 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നടപ്പിലാക്കുന്ന പ്രോജക്ടുകൾ വർക്കിംഗ് ഗ്രൂപ്പുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും പദ്ധതി നിർവ്വഹണം പൂർത്തിയാകുമ്പോൾ മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ പ്രസ്തുത പദ്ധതിയുടെ മോണിറ്ററിങ്ങ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി പദ്ധതി നിർവ്വഹണം നടത്തിയതിന് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-47 ആസ്തി രജിസ്റ്ററിന്റെ പരിപാലനം

നഗരസഭയുടെ അധീനതയിലുള്ള വസ്തു വകകൾ, കെട്ടിടങ്ങൾ, റോഡുകൾ, പാലങ്ങൾ, തുടങ്ങിയ ആസ്തികളുടെ വിശദാംശങ്ങൾ അടങ്ങിയ ആസ്തി രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട സ്ഥാവര ജംഗമ വസ്തുകളുടെ പരിപാലനത്തിനായി മാത്രമേ പദ്ധതികൾ തയ്യാറാക്കാവൂ എന്ന സർക്കാർ നിർദ്ദേശം നഗരസഭ പാലിച്ചിട്ടില്ല. ഒരോ വർഷവും പൂർത്തീകരിക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ വിവരം ആസ്തി രജിസ്റ്ററിൽ ചേർത്ത് അത് കാലികമാക്കണമെന്നും, കസ്റ്റോഡിയൻ രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കണമെന്നാണ് വ്യവസ്ഥയെങ്കിലും , ആസ്തി രജിസ്റ്റർ കാലികമാക്കാൻ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. സർക്കാർ ഗ്രാന്റുകളും ,തനതു ഫണ്ടും ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾക്കു പുറമേ എം.പി./എം.എൽ.എ ഫണ്ട് ഉപയോഗിച്ചും നിരവധി നിർമ്മാണ പ്രവൃത്തികളാണ് ഓരോ വർഷവും നഗരസഭാ പ്രദേശത്ത് നടക്കുന്നത്. ഈ നിർമ്മാണ പ്രവൃത്തികളുടെ വിശദാംശം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താതിരിക്കുന്നതു മൂലം ഇരട്ടിപ്പിനും, അതുവഴി അധിക ചെലവിനുമുള്ള സാധ്യത തള്ളികളയാനാവില്ല. നഗരസഭയുടെ ആസ്തിയിന്മേൽ കൈയേറ്റങ്ങൾ ഉണ്ടായാൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ നഗരസഭക്ക് സാധിക്കാതെ വരുകയും ചെയ്യും. റോഡ് മാപ്പും, റോഡ് രജിസ്റ്ററും പരിപാലിച്ചിട്ടില്ല. ഈ വിഷയത്തിലേക്ക് കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-48 എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യുന്നത്

കേരള പൊതു മരാമത്ത് വകുപ്പ് മാന്വൽ 2012 (ജി.ഒ(പി)13/2012/പി.ഡബ്ല്യ.ഡി/ തീ.01.02.2012 സെക്ഷൻ 1601-1-6 പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ മരാമത്ത് പ്രവൃത്തിയുടെ പൂർത്തീകരണം വരെ കാത്തിരിക്കേണ്ടതില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ജി.ഒ.(എം.എസ്.) 72/2017 ത.സ്വ.ഭ.വ തീ.29.03.2017 പ്രകാരം പ്രവൃത്തി പൂർത്തിയായതിനു ശേഷമോ നിർവ്വഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിനു ശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നല്കുവാൻ പാടില്ലായെന്നും വ്യക്തമാക്കുന്നുണ്ട്. തൻവർഷം അംഗീകാരം ലഭിച്ച സ്പിൽ ഓവർ പദ്ധതികൾ ഉൾപ്പെടെയുള്ള പ്രവൃത്തികളിൽ 90%ത്തോളം പ്രവർത്തികൾ എസ്റ്റിമേറ്റ് റിവൈസ് ചെയ്തതോ / എസ്റ്റിമേറ്റിൽ മാറ്റം വരുത്താതെ ഇനങ്ങളിൽ മാറ്റം വരുത്തി റിവൈസ് ചെയ്യുകയോ ചെയ്തിട്ടുണ്ട്. സൈറ്റ് കണ്ടീഷൻ മനസിലാക്കാതെയും, ആവശ്യകത നിർണ്ണയിക്കാതെയുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്ന് ഇതിൽ നിന്നും വ്യക്തമാണ്. തൻമൂലം പല എസ്റ്റിമേറ്റിലും വ്യാപകമായ വ്യതിയാനം വരുത്തേണ്ടിവരുന്നു. ചിലയിനം പ്രവൃത്തികൾ ഒഴിവാക്കപ്പെടുകയും ആദ്യ എസ്റ്റിമേറ്റിൽ ഇല്ലാത്ത ഇനങ്ങൾ ഇൾപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ശരിയായ ആവശ്യകത നിർണ്ണയിക്കാതെയുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്ന് വ്യക്തമാണ്. ഇത് മേൽ മാന്വലിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ശരിയായ പഠനം നടത്താതെയും ആവശ്യകത മനസിലാക്കാതെയുമുള്ള മരാമത്ത് പദ്ധതികളുടെ രൂപീകരണം പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും, പൊതുമരാമത്ത് സ്റ്റാൻറിംഗ് കമ്മറ്റിയും ആയതിന്റെ ചുമതല നിർവ്വഹിക്കുന്നില്ലായെന്നതിന്റെ ഉദാഹരണമാണ്. ശരിയായ സൈറ്റ് കണ്ടീഷൻ മനസിലാക്കിയും ആവശ്യകത നിർണ്ണയിച്ചും പദ്ധതികൾ രൂപീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-49 പൊതു മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം

പൊതു മരാമത്ത് പ്രവൃത്തികൾ നഗരസഭയിൽ നിർവ്വഹണം നടത്തുവാനായി അസി.എക്സി.എഞ്ചിനീയർ, അസി.എഞ്ചിനീയർ എന്നീ രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥരെയാണ് ചുമതലപ്പെടുത്തിയിരുന്നത്. ഓഡിറ്റ് കാലയളവിൽ (01.04.2020 മുതൽ 31.03.2021 വരെ)ആകെ രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥരും കൂടി 196- പദ്ധതികൾ ഏറ്റെടുത്തു. ഇതിൽ 152- പദ്ധതികൾ തൻവർഷം നടപ്പിലാക്കി. 10,93,46,567.00 രൂപ ആകെ വകയിരുത്തിയതിൽ 6,91,44,978.00 രൂപ ചെലവഴിച്ചിട്ടുണ്ട്. നിർവ്വഹണ വിവരം ചുവടെ കൊടുക്കുന്നു.

| അസി.എക്സി.എഞ്ചിനീയർ | | | |
|---|---|---|---|
| - | പുതിയ പദ്ധതികൾ | സ്പിൽഓവർ പദ്ധതികൾ | ആകെ പദ്ധതികൾ |
| ഏറ്റെടുത്തവ | 2 | 4 | 6 |
| നടപ്പിലാക്കിയവ | 1 | 3 | 4 |
| നടപ്പിലാക്കാത്തവ | 1 | 1 | 2 |
| 2020-21-ൽ സ്പിൽഓവറായി ഏറ്റെടുത്തവ | - | 4 | 4 |
| ശതമാനം % | 50% | 67% | 67% |
| അസി.എഞ്ചിനീയർ | | | |
| - | പുതിയ പദ്ധതികൾ | സ്പിൽഓവർ പദ്ധതികൾ | ആകെ പദ്ധതികൾ |
| ഏറ്റെടുത്തവ | 92 | 98 | 190 |
| നടപ്പിലാക്കിയവ | 50 | 98 | 148 |
| നടപ്പിലാക്കാത്തവ | 42 | 0 | 42 |
| 2020-21-ൽ സ്പിൽഓവറായി ഏറ്റെടുത്തവ | - | 98 | 98 |

| | | | |
|---|---|---|---|
| ശതമാനം % | 54% | 100% | 78% |

മേൽ വിവരിച്ചിരിക്കുന്ന പ്രകാരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ ആയത് പ്രവൃത്തി പൂർത്തീകരിച്ചു എന്ന് ഉറപ്പാക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെയും കൗൺസിലിന്റേയും ചുമതലയാണ്.

1-50 മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി പ്രോജക്ട് തയ്യാറാക്കി

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S 0100/21 |
| നിർവ്വഹണോദ്യോഗസ്ഥൻ | നഗരസഭാ സെക്രട്ടറി |
| അടങ്കൽ | 21.6 ലക്ഷം |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ് -20,00,000<br>വികസനഫണ്ട് (ജനറൽ)1,60,000 |
| ചെലവ് | 2140442 /- (വികസന ഫണ്ട് (ജനറൽ) – തുക 159822/- രൂപ 462/30.03.2021- രൂ.157100 478/31.03.2021- രൂ.2722<br>മെയിന്റനൻസ് ഗ്രാന്റ്- തുക 1980620/- രൂപ) |

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ടെലിഫോൺ, വൈദ്യുതി, കുടിവെള്ളം എന്നീ ഇനങ്ങളിലുള്ള ചെലവുകൾക്കു വേണ്ടി തയ്യാറാക്കിയ പദ്ധതിയാണിത്. ഇതിനായി ആദ്യം വകയിരുത്തിയത് മെയിന്റനൻസ് ഗ്രാന്റായിരുന്നു. (23.53 ലക്ഷം) പിന്നീട് അടങ്കൽ ഭേദഗതി ചെയ്ത് മെയിന്റനൻസ് ഗ്രാന്റ് 20 ലക്ഷവും വികസന ഫണ്ട് 1.6 ലക്ഷവും എന്നാക്കി (29.01.2021 ലെ കൗൺസിൽ യോഗ തീരുമാനം 2). തദ്ദേശ ഭരണ സ്ഥാപനത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ സംബന്ധിച്ച് 14.02.2018- ലെ സ. ഉ. (കൈ) നം 22/2018 തസ്വഭവ ഉത്തരവിലൂടെ പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ വിശദമായ നിർദ്ദേശം നൽകിയിട്ടുണ്ട്. (ഖ : 8.8) സാമ്പത്തിക വർഷാരംഭത്തിൽത്തന്നെ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾ ഒരു വർഷത്തേയ്ക്കുള്ള കണ്ടിജൻസി ചെലവുകളുടെ ആവശ്യകതാ പട്ടിക തയ്യാറാക്കി തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിക്ക് നൽകേണ്ടതാണ്. ആവശ്യം പരിഗണിച്ച് ഒരു നടപടി ക്രമ ഉത്തരവിലൂടെ എല്ലാ സ്ഥാപന മേധാവികൾക്കും തുക അനുവദിക്കേണ്ടതാണ്. ഇതിനാവശ്യമായ തുക തദ്ദേശ ഭരണ സ്ഥാപനത്തിന്റെ തനത് ഫണ്ട് / ജനറൽ പർപ്പസ് ഗ്രാന്റ് / നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ നിന്നും കണ്ടെത്തേണ്ടതാണ്. എന്നാൽ മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി കണ്ടിജന്റ് ചെലവുകൾ നിറവേറ്റുന്നതിന് ഒരു പ്രോജക്ട് രൂപീകരിക്കുകയും വകയിരുത്തിയ മെയിന്റനൻസ് ഗ്രാന്റിനു പുറമെ വികസനഫണ്ടിൽ (ജനറൽ) നിന്ന് 159822/- രൂപ കണ്ടിജന്റ് ചെലവുകൾക്ക് വിനിയോഗിക്കുകയും ചെയ്തിരിക്കുന്നു. മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി പ്രോജക്ട് തയ്യാറാക്കിയതിനും വികസന ഫണ്ടിൽനിന്നും തുക ചെലവഴിച്ചതിനും വിശദീകരണം നൽകേണ്ടതാണ്. ഓഡിറ്റ് എൻക്വയറിയിലൂടെ (നം.26/ 19.04.2022) വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടിയൊന്നും ലഭിച്ചില്ല.

1-51 സ്വച്ഛ് ഭാരത് മിഷൻ (നഗരം)-ഗ്രാന്റ് തുക പൂർണ്ണമായും ചെലവഴിക്കാത്തത്

ഖര മാലിന്യ പരിപാലനത്തിനായി ശുചിത്വ മിഷന്റെ എം പാനൽഡ് ഏജൻസിയായ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ നഗരസഭയ്ക്കു വേണ്ടി തയ്യാറാക്കിയ വിശദമായ പദ്ധതി രേഖയ്ക്ക് സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മറ്റിയുടെയും കേന്ദ്ര പാർപ്പിട നഗരകാര്യ മന്ത്രാലയത്തിന്റെയും അംഗീകാരം ലഭ്യമായതിനെത്തുടർന്ന് സ്വച്ഛ് ഭാരത് മിഷൻ (നഗരം) പദ്ധതിയുടെ ആദ്യ ഗഡു ധന സഹായമായി 40,48,805/- രൂപ 12.03.2019-ൽ നഗരസഭയ്ക്കു ലഭിച്ചു. ഈ തുക 2019 മാർച്ച് 31-നു മുമ്പ് ചെലവഴിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറയ്ക്ക് ബാക്കി തുക അനുവദിക്കുന്നതാണെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ 07.03.2019 ലെ കത്തിലൂടെ നഗരസഭയെ അറിയിച്ചിട്ടുണ്ട്. സ്വച്ഛ്

ഭാരത് മിഷൻ ഗ്രാന്റ് ചെലവഴിക്കേണ്ട സമയപരിധി 2019 ഒക്ടോബർ 2 ആയിരുന്നു. ഇതുമായി ബന്ധപ്പെട്ട ഫയൽ (പി.എച്ച് 1/17188/16) പരിശോധിച്ചതിൽ വിശദമായ പദ്ധതിരേഖയിൽ ഉൾപ്പെടുത്തിയ പദ്ധതികളിൽ ഗാർഹിക തലത്തിലുള്ളവ മാത്രമാണ് നാമമാത്രമായെങ്കിലും നടപ്പാക്കിയിട്ടുള്ളത്. സ്ഥാപന, കമ്മ്യൂണിറ്റി ലെവലിലുള്ള ഒരു പദ്ധതിയും ഏറ്റെടുത്ത് പൂർത്തീകരിക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. 31.03.2021 ൽ ഈ അക്കൗണ്ടിലെ നീക്കിയിരുപ്പ് തുക 35,56,722/- രൂപയാണ്. ആകെ ലഭിച്ച തുകയുടെ 12% മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. ഖര മാലിന്യ സംസ്കരണം സഗരസഭ നേരിടുന്ന പ്രധാന വെല്ലുവിളിയാണെന്നിരിക്കെ മാലിന്യ പരിപാലനത്തിനായി ലഭിച്ച ഫണ്ട് വിനിയോഗിക്കാതെ സൂക്ഷിക്കുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിയിലൂടെ (നം.20/ 12.04.2022) വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി നൽകിയില്ല.

## 1-52 മഴക്കാല പൂർവ്വ ശുചീകരണം - രേഖകൾ ലഭ്യമാക്കിയില്ല

മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി തനതു ഫണ്ടിൽ നിന്ന് 5000/- രൂപ, ശുചിത്വ മിഷൻ ഫണ്ടിൽ നിന്ന് 10000/- രൂപ, ദേശീയ ആരോഗ്യ മിഷൻ ഫണ്ടിൽ നിന്ന് 10000/- രൂപ എന്നിങ്ങനെ ആകെ 25000/- രൂപ ചെലവഴിക്കുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 8.05.2020 ലെ ജി.ഒ.(ആർ.ടി) 844/2020 നം. ഉത്തരവിൽ അനുമതി ലഭിച്ചിട്ടുണ്ട്. ഇതനുസരിച്ച് 9.05.2020 ലെ 74-5/20 വൗച്ചർ മുഖേന 135000/- രൂപ (5000*27 വാർഡ് ) തനതു ഫണ്ടിൽ നിന്ന് പിൻവലിച്ച് വാർഡു തല സാനിട്ടേഷൻ കമ്മിറ്റിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. ശുചിത്വ മിഷനിൽ നിന്ന് ഫണ്ട് ലഭിക്കുവാൻ താമസം വരുമെന്നതിനാൽ ആയത് ലഭിക്കുമ്പോൾ തിരിച്ചടയ്ക്കാമെന്ന വ്യവസ്ഥയിൽ 135000/- രൂപ കൂടി 5.10.2020 ലെ 22-10/2020 വൗച്ചറിലൂടെ പിൻവലിച്ച് സാനിട്ടേഷൻ കമ്മിറ്റിയുടെ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. ചെലവു രേഖകളും പാസ്സ് ബുക്കുകളും ശുചിത്വമിഷൻ ഫണ്ടിൽ നിന്ന് തുക തനതു ഫണ്ടിലേയ്ക്ക് റീക്കൂപ്പ് ചെയ്തതിന്റെ രേഖകളും പരിശോധനയ്ക്കു ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് എൻക്വയറി നം. 29/ 27.4.2022) ലഭ്യമാക്കിയില്ല. ചെലവുരേഖകൾ പരിശോധനയ്ക്ക് ലഭിക്കാത്ത സാഹചര്യത്തിൽ 2,70,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-53 കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

| | |
|---|---|
| പ്രോജക്റ്റ് നം./ പേര് | 0242/2021 (സ്പിൽ ഓവർ) ഉരുത്തിപ്പറമ്പ് കോളനിയിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി (എഞ്ചിനിയറിങ്ങ് വിഭാഗം മുഖേന) |
| അടങ്കൽ | 2,10,000/- |
| ചെലവു വിവരം | 101/20.05.2020 - 2,10,000/- |

ഉരുത്തിപ്പറമ്പ് പട്ടിക ജാതി കോളനിയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി തയ്യാറാക്കിയ ഈ പ്രോജക്റ്റിന് അംഗീകാരം ലഭിച്ചത് കേരള വാട്ടർ അതോറിറ്റി മുഖേന ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കാനാണ്. ഇതനുസരിച്ച് പെരുമ്പാവൂർ പി.എച്ച്.സെക്ഷൻ അസി. എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിന് അനുസൃതമായി 2.1 ലക്ഷം രൂപ ആലുവ പി.എച്ച് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് 25.09.2020-ൽ നഗരസഭ കത്തയച്ചുവെങ്കിലും ലഭ്യമായിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ പദ്ധതിക്കായി ചെലവഴിച്ച 2,10,000/-രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-54 ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ ഫയലുകൾ ലഭ്യമാക്കിയിട്ടില്ല

ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നതിന് പുതിയതായി അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകർക്ക് 2020-21 സാമ്പത്തിക വർഷത്തിൽ വിവിധ കൗൺസിൽ യോഗ തീരുമാന പ്രകാരം പെൻഷന് അംഗീകാരം ലഭിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന തീയതികളിലെ

കൗൺസിൽ യോഗ തീരുമാന പ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ള അപേക്ഷകരുടെ അപേക്ഷ ഫോറങ്ങളും അനുബന്ധ രേഖകളും പരിശോധനക്കായി ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കൗൺസിൽ യോഗത്തിന്റെ തീയതി | തീരുമാന നമ്പർ | അംഗീകാരം നൽകി യിട്ടുള്ള പെൻഷൻ അപേക്ഷകളുടെ എണ്ണം. |
|---|---|---|---|
| 1 | 23.10.2020 | 4 (G7-4110/07) | 22 |
| 2 | 23.10.2020 | 20 (G7-4110/07) | 33 |
| 3 | 23.10.2020 | 21 (G7-4110/07) | 39 |
| 4 | 06.11.2020 | 12 (G7-4110/07) | 2 |

28.04.2022-ലെ ഓഡിറ്റ് റിക്വിസിഷൻ നമ്പർ 7 മുഖേനയും നേരിട്ടും പല തലവണ ഫയലുകൾ പരിശോധനക്കായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു,കൂടാതെ 11.05.2022 ലെ ഓഡിറ്റ് എൻക്വയറി നം. 43 പ്രകാരവും ഫയലുകൾ ആവശ്യപ്പെട്ടിരുന്നു. എന്നാൽ നാളിതുവരെയും പ്രസ്തുത ഫയലുകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ഫയലുകൾ പരിശോധനക്കായി ഹാജരാക്കാത്ത പക്ഷം 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(1), (2), (3), (4) എന്നിവ വിശദമാക്കുന്ന പ്രകാരം രേഖയോ, കണക്കുകളോ നിലവിലില്ലായെന്ന കരുതപ്പെടുന്നതും അതനുസരിച്ചുള്ള നിഗമനത്തിൽ എത്തി ചേർന്നതിനാലും, ഓഫീസ് ഉത്തരവുകളുടേയും കൗൺസിൽ തീരുമാനങ്ങളുടേയും അടിസ്ഥാനത്തിൽ ഏല്പിച്ചിട്ടുള്ള കൃത്യങ്ങളിൽ വീഴ്ച വരുത്തിയതു മൂലമുള്ള നഷ്ടങ്ങൾക്കും പാഴ് ചെലവിനും ദുർവിനിയോഗങ്ങൾക്കുമുള്ള ഉത്തരവാദി ജോലി വിഭജനമനുസരിച്ചുള്ള ഉദ്യോഗസ്ഥനോ ജീവനക്കാരനോ ആയിരിക്കുന്നതും ഇക്കാര്യത്തിൽ ആയാളുടെ മേലുദ്യോഗസ്ഥനും സെക്രട്ടറിക്കും മേൽനോട്ട പിശകിനും ഉത്തരവാദിത്വമുണ്ടായിരിക്കുന്നതാണെന്ന് ചട്ടത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തമാക്കുന്നു. നഗരസഭ കൗൺസിൽ ഇക്കാര്യത്തിൽ ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-55 സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും

കേരള മുനിസിപ്പാലിറ്റി ആക്ട് 1994 സെക്ഷൻ 48(3) പ്രകാരം സർക്കാരിൽ നിന്നും നഗരസഭ സെക്രട്ടറിക്ക് കൊടുക്കുന്ന ശമ്പളവും അലവൻസുകളും കൂടാതെ അവധി ശമ്പളവും പെൻഷൻ അംശദാനങ്ങളും നഗരസഭ സംസ്ഥാന ഫണ്ടിലേക്ക് മാസം തോറും അടവാക്കേണ്ടതാണ്. 2020-21 സാമ്പത്തിക വർഷത്തിൽ നഗരസഭാ സെക്രട്ടറി ശമ്പളം അലവൻസ് ഇനങ്ങളിൽ കൈപ്പറ്റിയ തുകയ്ക്ക് തുല്യമായ തുക നഗരസഭ സംസ്ഥാന ഫണ്ടിലേക്ക് അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നം.8 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകത പരിഹരിക്കേണ്ടതും വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-56 ദുരിതാശ്വാസ നിധി

1994 ലെ കേരള മുനിസിപ്പൽ നിയമം 565-ാം വകുപ്പിലെ ഒന്നാം ഉപ വകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ രൂപീകരിച്ച 2003-ലെ (കേരള മുനിസിപ്പാലിറ്റി ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും )ചട്ടങ്ങൾക്കനുസൃതമായി ദുരിതാശ്വാസ നിധി രൂപീകരിക്കുവാൻ 11.02.2011 -ൽ ചേർന്ന കൗൺസിൽ യോഗം തീരുമാനമെടുക്കുകയും 21.02.2011 -ൽ പെരുമ്പാവൂർ അർബൻ കോ- ഓപ്പറേറ്റീവ് ബാങ്കിൽ അക്കൗണ്ട് തുടങ്ങുകയും ചെയ്തു. (അക്കൗണ്ട് നം. 8876 ) 2021 ൽ പുതിയ കൗൺസിൽ അധികാരത്തിൽ വന്ന ശേഷം സബ്ബ് കമ്മിറ്റി യഥാവിധി പുന:സംഘടിപ്പിച്ചിട്ടുണ്ട്. (29.01.2021-ലെ കൗൺസിൽ യോഗത്തിന്റെ 17-ാം നമ്പർ തീരുമാനം. ) ഈ

ചട്ടങ്ങളിലെ 5-ാം ചട്ടത്തിൽ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉപചട്ടം 5(1) ൽ നിർദ്ദേശിക്കുന്ന വരവ് ചെലവുകൾ രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്റർ, 5(2) പ്രകാരം ധന സഹായത്തിനായി ലഭിക്കുന്ന അപേക്ഷകളെ സംബന്ധിച്ചും അനുവദിക്കപ്പെട്ട ധന സഹായം അനുവദിക്കുന്നതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. സബ് കമ്മിറ്റി യോഗ നടപടികളുടെ മിനിട്സ് രേഖപ്പെടുത്തുന്ന രജിസ്റ്റർ മാത്രമാണ് സൂക്ഷിക്കുന്നത്. ദുരിതാശ്വാസ നിധിയുടെ 2020-21 വർഷത്തെ വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരുപ്പ് | 112925/- |
| വരവ് | 61709/-<br>(829/- രൂപ പലിശ ) |
| ആകെ | 174634/- |
| ചെലവ് | 127000/- |
| നീക്കിയിരുപ്പ് | 47634/- |

തൻവർഷം 20 പേർക്ക് ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായം അനുവദിച്ചിട്ടുണ്ട്.

## 1-57 ക്ഷേമ പെൻഷൻ തുക മരണപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടുന്നു

നഗരസഭയിലെ ഡെത്ത് രജിസ്റ്റർ അടിസ്ഥാനമാക്കി മരണപ്പെട്ട വ്യക്തികളുടെ ആധാർ നമ്പർ ലഭ്യമായ അപേക്ഷകൾ മുഖേന സേവന വെബ്സൈറ്റിൽ പരിശോധന നടത്തിയപ്പോൾ, പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട് ഒരു വർഷത്തിലധികമായിട്ടും നാളിതു വരെ പെൻഷൻ സസ്പെൻഡ് ചെയ്യാതെ അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ പെൻഷൻ തുക ക്രെഡിറ്റ് ചെയ്യപ്പെടുന്നതായും, മരണപ്പെട്ട പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതിന്റെ സ്റ്റാറ്റസ് ആക്ടിവ് എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡി.ബി.റ്റി. വിതരണ സ്റ്റാറ്റസ് അനുസരിച്ചുള്ള വിശദാംശങ്ങൾ ഖണ്ഡിക 3-2-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-58 ടൗൺഹാൾ പ്രവർത്തന സജ്ജമല്ല

നഗരസഭയുടെ പെരുങ്കുളം പുഞ്ചയിലുള്ള സ്ഥലത്ത് ടൗൺ ഹാൾ നിർമ്മിക്കുന്നതിന് 3 കോടി 30 ലക്ഷം രൂപ അടങ്കലുള്ള പദ്ധതിയ്ക്ക് 22.01.2014-ൽ ചേർന്ന കൗൺസിലിന്റെ 24-ാം നമ്പർ തീരുമാനപ്രകാരം ഭരണാനുമതി നൽകി. പ്ലംബിങ്ങ് ഉൾപ്പെടെ 3.17 കോടി രൂപ അടങ്കലുള്ള സിവിൽ വേലകൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ 28.05.2014 -ൽ സാങ്കേതികാനുമതി നൽകി. ഇലക്ട്രിക്കൽ വർക്കുകൾ, ഫയർ പ്രൊട്ടക്ഷൻ വർക്കുകൾ എന്നിവയ്ക്കുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തെക്കൊണ്ട് അംഗീകരിപ്പിച്ച് വാങ്ങണമെന്നും സിവിൽ വർക്കുകളോടൊപ്പം ഇലക്ട്രിക്കൽ വർക്കുകളും പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം മുഖാന്തിരം നടപ്പാക്കണമെന്നും പദ്ധതിയ്ക്ക് ഡി.പി.സി. യുടെ അംഗീകാരം വാങ്ങണമെന്നും സാങ്കേതികാനുമതി നൽകിക്കൊണ്ടുള്ള കത്തിൽ ചീഫ് എഞ്ചിനീയർ നിർദ്ദേശിച്ചിരുന്നു. പദ്ധതി ടെൻഡർ ചെയ്ത് റോയൽ കൺസ്ട്രക്ഷൻസ് , ചെങ്ങമനാട് എന്ന കമ്പനിക്ക് നിർമ്മാണ കരാർ നൽകി (എസ്റ്റിമേറ്റ് നിരക്കിൽനിന്ന് 1.53 % കുറവ്). കരാറേറ്റെടുത്ത റോയൽ കൺസ്ട്രക്ഷൻസ് പ്രീക്വാളിഫിക്കേഷൻ നേടിയതായി 09.02.2015 ചീഫ് എഞ്ചിനീയർ നഗരസഭയെ അറിയിച്ചു. ഇതേത്തുടർന്ന് 18.02.2015-ൽ സെലക്ഷൻ നോട്ടീസ് നൽകുകയും കമ്പനി 15.05.2015-ൽ നഗരസഭയുമായി കരാറിലേർപ്പെടുകയും ചെയ്തു. കെ.യു.ആർ.ഡി.എഫ്.സി. യിൽ നിന്ന് 2.47 കോടി രൂപ വായ്പയും പദ്ധതി വിഹിതത്തിൽ നിന്ന് 70 ലക്ഷം രൂപയും വകയിരുത്തിയാണ് ഫണ്ട് കണ്ടെത്തിയിരിക്കുന്നത്. പദ്ധതിക്ക് 2014-15, 2015-16 വർഷങ്ങളിൽ മാത്രമാണ് ഡി.പി.സി യുടെ അംഗീകാരം ലഭ്യമാക്കിയിട്ടുള്ളത്.

സിവിൽ വർക്കുകൾ പുരോഗമിച്ച് കരാറുകാരന് പാർട്ട് ബില്ലുകൾ നൽകുന്ന സമയത്താണ് റൂഫിംഗ്, സീലിംഗ് എന്നിവയുൾപ്പെടെ ഇനിയുള്ള പ്രവൃത്തികൾ ഇലക്ട്രിക്കൽ ജോലി പൂർത്തീകരിച്ച ശേഷമേ ചെയ്യാൻ സാധിക്കുകയുള്ളുവെന്ന് കരാറുകാരൻ അറിയിക്കുന്നത്. ഇലക്ട്രിക്കൽ ജോലികൾ

ആരംഭിക്കാത്തതിനാൽ രണ്ടു തവണ കരാറുകാരന് കാലാവധി നീട്ടി നൽകി. കരാറുകാരന്റേതല്ലാത്ത കാരണത്താൽ കരാർ ജോലി നീണ്ടു പോകുന്നതു കൊണ്ടുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് താൻ ഉത്തരവാദിയാകില്ലെന്ന് കരാറുകാരൻ രേഖാമൂലം നഗരസഭയെ അറിയിച്ചിട്ടുണ്ട്. 2,61,92,653/- രൂപയുടെ സിവിൽ വർക്കുകൾ പൂർത്തീകരിച്ച് അളവു പുസ്തകത്തിൽ രേഖപ്പെടുത്തി നിയമാനുസൃതമായ കിഴിവുകൾ കഴിച്ച് അഞ്ചു പാർട്ട് ബില്ലുകളിലായി 2,52,27,019/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. പണി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകുന്നതിനു മുൻപ് ടൗൺ ഹാളിന്റെ ഉൽഘാടനം നടത്തി വാടകയ്ക്കു നൽകി വരുന്നുണ്ട്. കൊവിഡ് വ്യാപിച്ച സാഹചര്യത്തിൽ നഗരസഭയിലെ ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ ടൗൺ ഹാളിലാണ് സജ്ജമാക്കിയിരുന്നത്. 03.12.2020 ൽ ടൗൺ ഹാളിന്റെ ഫാൾസ് സീലിംഗ് പൊളിഞ്ഞുവീണതായി നോഡൽ ഓഫീസർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. 176.40 ചതുരശ്രമീറ്റർ വരുന്ന സീലിങ്ങ് പൊളിഞ്ഞുവീണ് ലൈറ്റുകളും ഫാനുകളും ഇലക്ട്രിക് കണക്ഷനുകളും നശിച്ചതായും മേൽക്കൂരയുടെ ചോർച്ച മൂലമാണ് സീലിങ്ങ് നനഞ്ഞ് പൊളിഞ്ഞതെന്നും ഓവർസിയറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഫൈനൽ ബിൽ നൽകാത്തതിനാൽ കരാറുകാരൻ ഈ കേടുപാടുകൾ പരിഹരിച്ചു നൽകിയില്ല. ഇതിനിടയിൽ കരാറുകാരൻ സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ മുൻപാകെ ഹർജി നൽകുകയും ഫൈനൽ ബിൽ പരാതിക്കാരന് നൽകാത്തതിനെ സംബന്ധിച്ച് അന്വേഷണം നടത്തി അടിയന്തിരമായി നടപടി സ്വീകരിക്കുവാൻ കമ്മീഷൻ എൽ.എസ്.ജി.ഡി (അർബൻ) സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടൗൺ ഹാൾ വാടകയ്ക്ക് നൽകാൻ കഴിയാത്തതിനാൽ നഗരസഭയ്ക്ക് കിട്ടിക്കൊണ്ടിരുന്ന ഒരു പ്രധാന വരുമാനം ഇല്ലാതായിരിക്കുകയാണ്.തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-59 അവകാശങ്ങൾക്കായുള്ള നിയമ വ്യവസ്ഥകളുടെ പാലനം

(എ) പൗരാവകാശ രേഖ

1994- ലെ കേരള മുനിസിപ്പാലിറ്റി നിയമം 563-എ വകുപ്പിനോട് 565-ാം വകുപ്പ് കൂട്ടി വായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് രൂപീകരിച്ച 2000-ലെ കേരള മുനിസിപ്പാലിറ്റി (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 3(1) അനുസരിച്ച് പൊതു തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരു കൗൺസിൽ രൂപീകരിക്കപ്പെട്ടതിനു ശേഷം കഴിയുന്നതും നേരത്തെ എന്നാൽ ആറു മാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ കൗൺസിൽ യോഗം ചേർന്ന് പൗരാവകാശ രേഖ പ്രസിദ്ധീകരിക്കേണ്ടതാണ്. ഇതു പ്രകാരം മുനിസിപ്പൽ പ്രദേശത്ത് താമസിക്കുന്ന പൗരൻമാർക്ക് എന്തെല്ലാം സേവനങ്ങൾ സമയ ബന്ധിതമായി ലഭ്യമാക്കാൻ കഴിയുമെന്നും അത്തരം ഒരു സേവനം ലഭ്യമാകുന്നതിന് ഒരു പൗരൻ എന്തെല്ലാം വ്യവസ്ഥകൾ പാലിക്കണമെന്നും വ്യക്തമാക്കേണ്ടതാണ്. പ്രസ്തുത സേവനം ലഭ്യമാക്കുന്നത് എന്തെല്ലാം വ്യവസ്ഥകൾക്കു വിധേയമായിരിക്കണമെന്നും പ്രസ്തുത സേവനം ലഭ്യമാക്കുന്നതിനുള്ള സമയ പരിധി എത്രയായിരിക്കണമെന്നും ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതും ഈ സേവനങ്ങളുടെ വിവരം ചട്ടം 7 ൽ പറയുന്ന പൗരാവകാശരേഖ എന്ന പേരിൽ തയ്യാറാക്കി ചട്ടം 4 ൽ പറയുന്ന പ്രകാരം പ്രസിദ്ധീകരിക്കേണ്ടതുമാണ്. ഇപ്രകാരം പ്രസിദ്ധീകരിച്ച പൗരാവകാശരേഖ വർഷത്തിലൊരിക്കൽ കൗൺസിൽ ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യണം. നിലവിലെ ഭരണ സമിതി അധികാരത്തിൽ വന്നിട്ട് ഒരു വർഷം തികഞ്ഞെങ്കിലും പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു.

(ബി) വിവരാവകാശ നിയമം

വിവരാവകാശ നിയമമനുസരിച്ച് വിവരം ആവശ്യപ്പെട്ട് നഗരസഭയ്ക്ക് 202 അപേക്ഷകൾ ലഭിച്ചു. അപേക്ഷ ലഭിച്ച തീയതി രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെങ്കിലും മറുപടി നൽകിയതിന്റെ വിവരം കൃത്യമായി രേഖപ്പെടുത്തുന്നില്ല. ചിലതിൽ അയച്ചു എന്നു മാത്രം രേഖപ്പെടുത്തുന്നു. ചിലതിൽ ഒരു രേഖപ്പെടുത്തലും ഇല്ല. രജിസ്റ്ററിൽ വർഷം പരിഗണിക്കാതെ തുടർച്ചയായി നമ്പർ രേഖപ്പെടുത്തി സൂക്ഷിക്കുന്നു. നിയമത്തിലെയും ചട്ടത്തിലെയും വ്യവസ്ഥകൾ പാലിച്ച് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-60 പി.എം.എ.വൈ.ലൈഫ് ഭവന പദ്ധതി- വീടിന്റെ പണി പൂർത്തിയാക്കിയില്ല

ഈ പദ്ധതിയുടെ ഫേസ് 2-ൽപ്പെട്ട ഗുണഭോക്താവായ ലത ശിവൻ, കല്ലുപാലം, ഇരിങ്ങോൾ എന്നയാൾ ഭവന പദ്ധതിയുടെ രണ്ടു ഗഡു തുക കൈപ്പറ്റിയിട്ടുണ്ട്. പെർമിറ്റിന്റെ കാലാവധി 05.09.2021ൽ അവസാനിച്ചു. വീടിന്റെ പണി പൂർത്തീകരിച്ച് അടുത്ത രണ്ടു ഗഡു തുക കൈപ്പറ്റിയിട്ടില്ല. ഈ ഗുണഭോക്താവിന് ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് തടസ്സമായി നിൽക്കുന്ന ക്ലേശ ഘടകങ്ങൾ എന്താണെന്ന് പരിശോധിച്ച് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ മാർഗ്ഗരേഖ (31.07.2017 ലെ ജി.ഒ (എം.എസ്.) 151/2017 തസ്വഭവ ) യുടെ അനുബന്ധം 2 ൽ നിർദ്ദേശിക്കുന്ന വിധത്തിൽ പണി പൂർത്തീകരിക്കുന്നതിന് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

പുറമ്പോക്കിൽ വീട് പണിയുന്നതിന് പെർമിറ്റ് അനുവദിക്കുന്നു

പദ്ധതി പ്രകാരം ധനസഹായം കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ പുറമ്പോക്കിലാണ് വീട് പണിതിരിക്കുന്നത്.

1. അയ്യപ്പൻകുട്ടി, മൂലേപ്പറമ്പ്,കാഞ്ഞിരക്കാട് എന്നയാൾ വീട് പണിതിരിക്കുന്ന ബ്ലോക്ക് 25 , റീസർവ്വെ ഭാഗം 1-ൽപ്പെട്ട 0.90 ആർ സ്ഥലം റോഡ് പുറമ്പോക്കാണെന്ന് തഹസിൽദാർ 13.11.2018-ൽ അനുവദിച്ച കൈവശരേഖ വ്യക്തമാക്കുന്നു.

2. തങ്ക, ഇടപ്പാറ, കാരാട്ടുപള്ളിക്കര എന്നയാളുടെ ബ്ലോക്ക് 101, റീസർവ്വെ ഭാഗം 44- ലെ .80 ആർ സ്ഥലം സർക്കാർ വഴിയാണെന്ന് തഹസിൽദാർ 19.11.2018-ൽ അനുവദിച്ച കൈവശരേഖ വ്യക്തമാക്കുന്നു.

ഈ രണ്ടു ഗുണഭോക്താക്കളും വീടു പണി പൂർത്തീകരിച്ചിട്ടുണ്ട്. കൈവശ രേഖ കൈവശക്കാരന് ഉടമസ്ഥാവകാശം നൽകുന്നില്ലെന്നും വൈദ്യുതി കണക്ഷൻ, റേഷൻകാർഡ്, വോട്ടർ പട്ടികയിൽ പേരു ചേർക്കൽ എന്നിവയ്ക്കാണ് കൈവശരേഖ അനുവദിക്കുന്നതെന്നും കൈവശരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് സ്പഷ്ടീകരണം നൽകിക്കൊണ്ടുള്ള തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 16.08.2018-ലെ ജി.ഒ. (ആർ ടി) 2251/2018 ഉത്തരവ് പരിഗണിച്ചാണ് ധന സഹായം അനുവദിച്ചതെന്ന് നിർവ്വഹണോദ്യോഗസ്ഥൻ വിശദീകരണം നൽകിയിട്ടുണ്ട്.

## 1-61 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

2020-21 വർഷത്തിൽ ചില സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. വിശദ വിവരം ഖണ്ഡിക നം. 2-4 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-62 തെരുവുവിളക്കുകൾക്ക് സ്പെയർപാർട്സ് വാങ്ങൽ -മാർഗ്ഗരേഖ പാലിക്കുന്നില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച് എഞ്ചിനിയറിങ്ങ് വിഭാഗം നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്റ്റുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റിന്റെ പേര് | ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 0017/2021 സ്ട്രീറ്റ് ലൈറ്റ് സ്പെയർ പാർട്സ് (പുതിയത്) | വികസന ഫണ്ട് ജനറൽ | 490000 | 490000/<br>275/06.01.2021<br>-354587<br>409/26.03.2021<br>-135413 |
| 2 | 0272/2021 തെരുവു വിളക്കുകൾക്ക് സാമഗ്രികൾ വാങ്ങൽ (സ്പിൽ ഓവർ) | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4,95,000 | 4,94,722/<br>234/10.11.2020 |
| 3 | 0273/2021 സ്ട്രീറ്റ് ലൈറ്റ് സ്പെയർ പാർട്സ് (സ്പിൽ ഓവർ) | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2,05,000 | 1,99,585/<br>235/10.11.2020 |
| | | | ആകെ | 11,84,307 |

1. പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കുന്നതും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് പുറപ്പെടുവിച്ച 14.02.2018 ലെ ജി.ഒ.(പി)നം. 22/2018 ഉത്തരവിലെ ഖണ്ഡിക 7.9 ൽ തെരുവ് വിളക്കുകളുടെ പരിപാലനം വിശദീകരിക്കുന്നു. പദ്ധതിയുടെ ഭാഗമായി സോഡിയം വേപ്പർ ലാമ്പുകൾ, മെർക്കുറി വേപ്പർ ലാമ്പുകൾ എന്നിവ സ്ഥാപിക്കുന്നതിനോ മാറ്റി സ്ഥാപിക്കുന്നതിനോ ഉള്ള പ്രോജക്റ്റുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാൻ പാടില്ലയെന്നും നിലവിൽ സ്ഥാപിച്ചിട്ടുള്ളവയുടെ അറ്റകുറ്റപ്പണികൾ തനതു ഫണ്ട് വകയിരുത്തി ഏറ്റെടുക്കാവുന്നതാണെന്നും ഖ.7.9.1 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്റ്റുകളിൽപ്പെടുത്തി 8,45,245/- രൂപയുടെ സോഡിയം വേപ്പർ ലാമ്പുകൾ വാങ്ങിയിട്ടുണ്ട്.

2. പട്ടികയിലെ ക്രമ നമ്പർ 2,3 പ്രോജക്റ്റുകൾക്ക് 7 ലക്ഷം രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റാണ് വകയിരുത്തിയത്. രണ്ട് പ്രൊജക്റ്റിലും തെരുവുവിളക്ക് സ്പെയർ പാർട്സ് വാങ്ങലാണ് ഉദ്ദേശ്യം. അഞ്ചു ലക്ഷത്തിൽ താഴെ അടങ്കൽ വരുന്ന രണ്ടു പദ്ധതിയായി വിഭജിച്ച് ടെൻഡർ വിളിക്കുകയും രണ്ടു ടെൻഡറും ക്ലിയർ ടെക് ഏജൻസീസ് എന്ന സ്ഥാപനത്തിന് അവാർഡ് ചെയ്യുകയും ചെയ്തു. ഒറ്റ പ്രൊജക്റ്റായി നടപ്പാക്കിയിരുന്നുവെങ്കിൽ ഇ-ടെൻഡർ വഴി നടത്തി കൂടുതൽ കരാറുകാരെ പങ്കെടുപ്പിക്കാമായിരുന്നു

മേൽ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.44/21.05.2022) മറുപടി ലഭ്യമായില്ല. പരിസ്ഥിതിക്ക് ഹാനികരമല്ലാത്തതും ഊർജ്ജ ഉപഭോഗം കുറഞ്ഞതുമായ വൈദ്യുതി വിളക്കുകളെ പ്രോത്സാഹിപ്പിക്കുന്നതിനാണ് ഇത്തരത്തിൽ സർക്കാർ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്. ആയതിനാൽ നിലവിലുള്ള സോഡിയം വേപ്പർ ലാമ്പുകളുടെ എണ്ണം ഘട്ടംഘട്ടമായി കുറച്ച് കഴിവതും എൽ.ഇ.ഡി. ബൾബിലേയ്ക്കു മാറുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. വൈദ്യുതിബോർഡിന്റെ അഭിപ്രായവും നിർദ്ദേശവും കൂടി ഇക്കാര്യത്തിൽ തേടേണ്ടതാണ്.

## 1-63 ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക ഒടുക്കിയത്

ഡി. & ഒ. ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ഓഡിറ്റ് എൻക്വയറി 18 മുഖേന ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് താഴെ കൊടുത്തിരിക്കുന്ന പ്രകാരം ലൈസൻസ് പുതുക്കി ഫീസ് ഈടാക്കിയിട്ടുണ്ട്.

| ക്രമ നം. | പേര് | ലൈസൻസ് ഫീസിനത്തിൽ ഒടുക്കിയ തുക | രസീത് നം. |
|---|---|---|---|
| 1 | ശ്രീ. പീറ്റർ പോൾ | 3500 | 101380/ 29.04.2022 |
| 2 | അൻവർ സാദത്ത് | 3000 | 101443/ 30.04.2022 |
| 3 | ഉസ്മാൻ .പി.എം | 500 | 101526/ 04/05/2022 |
| 4 | ഡോ. ഡൊമിനി | 1000 | 100998 / 22/04/2022 |
| | ആകെ | 8000 | |

## 1-64 ശമ്പള കുടിശ്ശിക അധികം അനുവദിച്ചു

ശമ്പള കുടിശ്ശിക അനുവദിച്ചപ്പോൾ അർഹമായ തുകയേക്കാൾ അധികം നൽകിയിട്ടുണ്ട്. അധികമായി അനുവദിച്ച തുക ബന്ധപ്പെട്ടവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്, ഓഡിറ്റ് എൻക്വയറി നം.35 പ്രകാരം വിശദീകരണം ആവശ്യപ്പെടുകയും, ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തിരികെ ഈടാക്കിയ തുകയുടെ വിവരങ്ങൾ ഖണ്ഡികയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. വിശദവിവരം ഖണ്ഡിക 3-1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ലൈസൻസ് പുതുക്കാതെ പ്രവർത്തിച്ചത്

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ഭേദഗതി ഉത്തരവ് പ്രകാരം മുനിസിപ്പാലിറ്റികളിൽ 30.11.2020 നിലവിൽ വന്നിട്ടുണ്ട്. ഭേദഗതി പ്രകാരമുള്ള ലൈസൻസ് ഫീസ് നടപ്പാക്കാത്തതിനാൽ നിലവിലുണ്ടായിരുന്ന പഴയ രീതി തുടരുകയാണ് ചെയ്തിട്ടുള്ളത്. 2011- ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ 6-ാംചട്ട പ്രകാരം അനുവദിക്കപ്പെട്ട ഒരു ലൈസൻസ് അതിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പ് ചട്ടം 11- ലെ വ്യവസ്ഥകളനുസരിച്ച് പുതുക്കേണ്ടതാണ്. എന്നാൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കാതെ പ്രവർത്തിച്ചു വരുന്നു. ഓരോ വാർഡിലേയും ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കാത്തതിനാൽ ഡി.&ഒ. ലൈസൻസ് ഈടാക്കിയതിലെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല. താഴെ ചേർക്കും പ്രകാരം ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് തുക ഈടാക്കാതെ വന്നതിൽ നഷ്ടമായ 7000/- രൂപ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നോ/വ്യക്തികളിൽ നിന്നോ, ഉത്തരവാദിയായ ഹെൽത്ത് സൂപ്പർവൈസറിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ലൈസൻസ് പുതുക്കാതെ സ്ഥാപനം പ്രവർത്തിക്കാനിടയായ സാഹചര്യം വിശദമാക്കേണ്ടതാണ്.

| നം | വാർഡ്/ ബിൽഡിംഗ് നം | പേര് അഡ്രസ്സ് | വ്യാപാരത്തിന്റെ സ്വഭാവം | ഡി.&ഒ . ലൈസൻസ് ഫീസ് |
|---|---|---|---|---|
| 1 | II/346 | മേരി ജോസഫ്, ആട്ടുകാലിൽ, പുല്ലുവഴി | എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ് | 300/- |
| 2 | VI/316B | മാത്യു എം.പത്രോസ്, മാപ്പിളളിൽ | കെട്ടിട നിർമ്മാണ സാമഗ്രികൾ | 1000/- |
| 3 | VI/248 | സെന്തിൽ കുമാർ.പി, ശാന്തി നിവാസ്, അല്ലപ്ര | പഞ്ചസാര, പൊടി മുതലായവ | 1000/- |
| 4 | XI/100B | വിനീത്.പി.വി,പേണാട്ട് വീട്, ഐമുറി, ടോൺമേക്കർ | ഫോട്ടോഗ്രാഫി | 1000/- |
| 5 | XII/294 | സതീശൻ പി.വി, പുത്തൻ കുടി വീട്, മുല്ലയ്ക്കൽ കവല, എസ്.എസ്. അലുമിനിയം | അലുമിനിയം ഫാബ്രിക്കേഷൻസ് | 750/- |
| 6 | XV/48 | രാജീവ് സി., കല്ലൂർ വീട്, വെള്ളൂർകുന്നം, മൂവാറ്റുപുഴ ജ്യോതിഷ് ബിസിനസ് ഹൗസ് | കൊറിയർ | 500/- |
| 7 | XV/211 | രമ രാജീവ്, കലയ്ക്കശ്ശേരി വീട്, ചൂണ്ടക്കുഴി, മുടക്കുഴ അരുൺ പ്രൊഡക്ട്സ് | ഹൈഡ്രോളിക് സ്പെയർ പാർട്ട്സ് | 700/- |
| 8 | XV/821D | ഷിജി ബിജു, പുതിയേടത്ത് വീട്, അല്ലപ്ര | കൗൺസിലിംഗ് ഓഫീസ് | 1000/- |
| 9 | XVI/238E | അരുൺലാൽ.കെ.എ, കുടുക്കയത്ത് വീട്, കൊക്കോൽ കേരള ടൂർ പ്ലാനേഴ്സ് | ട്രാവൽ ഏജൻസി | 750/- |
| | - | - | ആകെ | 7000/- |

ഓഡിറ്റ് എൻക്വയറി നം.18 പ്രകാരം വിശദീകരണം ആവശ്യപ്പെടുകയും ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ള തുക ഈടാക്കിയ സ്ഥാപനങ്ങളെ ഖണ്ഡികയിൽ നിന്നും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

2-2 പെർമിറ്റ് കാലാവധി കഴിഞ്ഞ കെട്ടിടത്തിന് ഫീസ് ഈടാക്കാതെ വസ്തുനികുതി നിർണ്ണയം നടത്തി നമ്പർ അനുവദിച്ചു

2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ അദ്ധ്യായം II- ചട്ടം 15(3) പ്രകാരം പെർമിറ്റ് കാലാവധി കഴിഞ്ഞ കെട്ടിടങ്ങളുടെ പെർമിറ്റ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള ഫീസ് കാലാവധി ദീർഘിപ്പിച്ച് നൽകുന്ന സമയത്ത് നിലവിലുള്ള പെർമിറ്റ് ഫീസിന്റെ 10% ആയിരിക്കുന്നതാണ്. എന്നാൽ ശ്രീ. കെ.കെ മുഹമ്മദ്, കാനാമ്പുറം, ഇരിങ്ങോൾ പി.ഒ എന്ന വ്യക്തിയുടെ പെരുമ്പാവൂർ വില്ലേജിൽ സർവ്വേ നം. S-260/10B R-3 ൽ 1853.47ച.മീറ്റർ പ്ലിന്ത് ഏരിയയുള്ള വ്യത്യസ്ത ഉപയോഗ ക്രമമുള്ള കെട്ടിടത്തിന് പെർമിറ്റ് കാലാവധി കഴിഞ്ഞതിന് ശേഷം സാധുതാ കാലയളവിനുള്ളിൽ കാലാവധി ദീർഘിപ്പിക്കാതെയാണ് വസ്തുനികുതി നിർണ്ണയം നടത്തി നമ്പർ അനുവദിച്ചിട്ടുള്ളത്. സ്പെഷ്യൽ റസിഡൻഷ്യൽ ഉപയോഗത്തിലുള്ള ഭാഗത്തിന് 11.05.2020 ൽ 19/431B,C എന്നീ നമ്പരും വാണിജ്യാവശ്യത്തിനുള്ള ഭാഗത്തിന് 23.02.2022ൽ 19/431A എന്നീ നമ്പറും അനുവദിച്ചിട്ടുണ്ട്. എന്നാൽ പുതിയ കെട്ടിടം പണിയുന്നതിനായി 05.05.2016 തീയതിൽ BA No.6/2016-17 പ്രകാരം പെർമിറ്റ് അനുവദിച്ചിരിക്കുന്ന പ്രസ്തുത കെട്ടിടത്തിന്റെ കാലാവധി 04.05.2019 ൽ അവസാനിച്ചിട്ടുള്ളതാണ്. 27.02.2020 തീയതിൽ നഗരസഭ സെക്രട്ടറി ഒപ്പിട്ടു നൽകിയിരിക്കുന്ന PW2/7198/2016 നമ്പർ ഒക്യുപൻസി സർട്ടിഫിക്കറ്റിൽ കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ച തീയതി 30.08.2019 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പെർമിറ്റ് കാലാവധി കഴിഞ്ഞ പ്രസ്തുത കെട്ടിടത്തിന് 11.05.2020 ൽ നമ്പർ അനുവദിച്ചപ്പോൾ ചട്ടങ്ങൾ പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ച് പെർമിറ്റ് കാലാവധി ദീർഘിപ്പിക്കുമ്പോൾ ലഭിക്കുമായിരുന്ന നിലവിലുള്ള പെർമിറ്റ് ഫീസിന്റെ (1853.47 X 10 = 18534.7) 10% തുകയായ 1853/- രൂപ ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിനായി 04.05.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.32 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിട നമ്പർ അനുവദിക്കുന്നതിനായി കെട്ടിട ഉടമ വസ്തുനികുതി റിട്ടേണിനോടൊപ്പം (ഫോറം-2) അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടുള്ളത് പരിശോധിക്കാതെയാണ് കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളത്. ചട്ടങ്ങൾ പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ച് പ്രസ്തുത കെട്ടിടത്തിന് ഈടാക്കേണ്ട പെർമിറ്റ് ഫീസ് കെട്ടിട ഉടമസ്ഥനിൽ നിന്നോ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥയായ റവന്യൂ ഓഫീസറിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2-3 വാർഷിക വസ്തുനികുതി തുക ഈടാക്കിയതിൽ കറവ്

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 6 പട്ടിക 2 പ്രകാരം കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയം നടത്തുമ്പോൾ കെട്ടിടത്തിലേക്കുള്ള പ്രവേശന മാർഗ്ഗമായിട്ടുള്ള റോഡിന്റെ വീതി അഞ്ചു മീറ്ററോ അതിൽ കൂടതലോ ആണെങ്കിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് കണക്കാക്കേണ്ടതുണ്ട്. എന്നാൽ ശ്രീ. ഷിറാസ് എൻ.എ, നാനേത്താൻ, എറുർ നോർത്ത്, എറുർ പി.ഒ. എറണാകുളം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള പെരുമ്പാവൂർ വില്ലേജിൽ റീസർവ്വേ നം. 8,9- ൽ പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടത്തിന് 03.12.2020-ൽ വസ്തു നികുതി നിർണ്ണയ പ്രകാരം 24/356 A,B എന്നീ കെട്ടിട നമ്പർ നല്കിയിട്ടുള്ളത് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവ് കണക്കാക്കാതെയാണ്. കെട്ടിട നമ്പർ അനുവദിക്കുന്നതിനായി കെട്ടിട ഉടമ വസ്തുനികുതി റിട്ടേണിനോടൊപ്പം (ഫോറം-2) ഹാജരാക്കിയിരിക്കുന്ന കംപ്ലീഷൻ പ്ലാനിൽ കെട്ടിടത്തിലേക്കുള്ള പ്രവേശന മാർഗ്ഗം രേഖപ്പെടുത്തിയിരിക്കുന്ന റോഡിന്റെ വീതി 8 മീറ്റർ എന്നാണ്. തെറ്റായ രീതിയിൽ വസ്തുനികുതി നിർണ്ണയം നടത്തിയതു കാരണം നഗരസഭയ്ക്ക് ലഭിക്കേണ്ട നികുതി തുകയിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ.) | നിർണയിച്ച നികുതി. (അർഹതപ്പെട്ട വർദ്ധനവ് -20% വഴി സൗകര്യം | നിർണ്ണയിക്കേണ്ട നികുതി. അർഹതപ്പെട്ട വർദ്ധനവ് -20% വഴി സൗകര്യം | കുറവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | ഉൾപ്പെടാതെ) (ച.മീറ്ററിന് 9 രൂപാ നിരക്കിൽ) | ഉൾപ്പെടെ (ച.മീ.ന് 9-രൂപ നിരക്കിൽ) | |
| 1 | 24/356/A | 129.97 | 1170/- | 1404/- | 234/- |
| 2 | 24/356/B | 114.84 | 1034/- | 1241/- | 207/- |
| . | ആകെ | 244.74 | 2204/- | 2645/- | 441/- |

പ്രസ്തുത കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയതിൽ 441/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കുന്നതിനായി 04.05.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 33 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാർഷിക വസ്തു നികുതിയിൽ വന്നിട്ടുള്ള കുറവ് തുടർന്നു വരുന്ന എല്ലാ വർഷത്തിലും ആവർത്തിച്ച് വരുന്നതിനാൽ നഗരസഭയ്ക്ക് ലഭിക്കുമായിരുന്ന വരുമാനത്തിൽ നഷ്ടം വരുവാൻ കാരണമാകുന്നു. പ്രസ്തുത കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി പുനർ നിർണ്ണയിച്ച് കുറവ് വന്ന തുക കെട്ടിട ഉടമസ്ഥനിൽ നിന്നോ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥയായ റവന്യൂ ഓഫീസറിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-4 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

2020-21 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ. നം | സ്ഥാപന ത്തിന്റെ പേര് | ജീവന ക്കാരന്റെ പേര് | അർദ്ധ വർഷം | അർദ്ധ വാർഷിക വരുമാനം | ഈടാ ക്കേണ്ട നികുതി | ഈടാ ക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | എക്സൈസ് റെയിഞ്ച് ഓഫീസ് പെരുമ്പാവൂർ | നൗഷാദ്. കെ.എ സിവിൽ എക്സൈസ് ഓഫീസർ | 1 | 131910 | 1250 | 1000 | 250 |
| 2 | എക്സൈസ് റെയിഞ്ച് ഓഫീസ് പെരുമ്പാവൂർ | രാഹുൽ. പി,ടി. സിവിൽ എക്സൈസ് ഓഫീസർ | 1 | 131910 | 1250 | 1000 | 250 |
| 3 | കേരള വാട്ടർ അതോറിറ്റി പെരുമ്പാവൂർ | സജിത്ത് . പി.സി. ഡ്രൈവർ | 1 | 155880 | 1250 | 1000 | 250 |
| 4 | സ്പെഷ്യൽ തഹസിൽദാർ (എൽ.എ.), റെയിൽവേ പെരുമ്പാവൂർ | ഫെബി തോമസ് ക്ലാർക്ക് | 11 | 134142 | 1250 | 1000 | 250 |
| 5 | കെയർ (ഫൈൻ ഫെയർ ഇൻഡ്യ ലിമിറ്റഡ്) പെരുമ്പാവൂർ | ഷിഹാബ്. പി. ബി. | 11 | 144274 | 1250 | 1000 | 250 |
| . | ആകെ | . | . | . | . | . | 1250 |

തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന തുകയായ 1250 രൂപ ബന്ധപ്പെട്ടവരിൽ നിന്നും

ഈടാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ശമ്പള കുടിശ്ശിക അധികം അനുവദിച്ചു

താഴെ കൊടുത്തിരിക്കുന്ന തനതു ഫണ്ട് വൗച്ചറുകളിലെ ചെലവുകളിൽ അധികച്ചെലവ് വന്നിട്ടുണ്ട്. അധികമായി അനുവദിച്ച തുക ബന്ധപ്പെട്ടവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

| ക്രമ നം. | വൗച്ചർ നമ്പർ | ചെലവിന്റെ വിശദാംശം | അധികം നൽകിയ തുക | അധികച്ചെലവിന്റെ കാരണം |
|---|---|---|---|---|
| 1 | 103- 2/2021 /24.02.2021 | കെ.സന്തോഷ് , ഓഫീസ് അറ്റൻഡന്റിന്റെ 22.04.2015 മുതൽ 30.04.2017 വരെയുള്ള ശമ്പള കുടിശ്ശിക | 5150/- | 22.04.2015 ൽ പ്രൊബേഷൻ ഡിക്ലയർ ചെയ്തു. ഡ്യൂ സാലറി 8730 ന പകരം 9000 എന്നു കണക്കാക്കി (22.04.2015 മുതൽ 31.01.2016 വരെ) |
| 2 | 77- 3/2021 /06.03.2021 | സി. ഗോപകുമാർ , ഹെൽത്ത് സൂപ്പർ വൈസർ (റിട്ട.) കുടിശ്ശിക ശമ്പളം (29.07.2020 മുതൽ 31.01.2021 വരെ ) | 1617/- | 7/2020 ലെ മൂന്നു ദിവസത്തെ കുടിശ്ശിക 174 രൂപയ്ക്കു പകരം 1791 രൂപ കണക്കാക്കി |
| 3 | 52- 3/2021 /05.03.2021 | വല്ലം റസ്റ്റ് ഹൗസ് ഡെപ്പോസിറ്റ് റീഫണ്ട് | 250/- | ഡെപ്പോസിറ്റ് തുക 500 രൂപയാണ്. 750 രൂപ റീഫണ്ട് ചെയ്തു. |
| | | ആകെ | 7017/- | |

ഓഡിറ്റ് എൻക്വയറി നം.35 പ്രകാരം വിശദീകരണം ആവശ്യപ്പെടുകയും, ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തിരികെ ഈടാക്കിയ തുകയുടെ വിവരങ്ങൾ ഖണ്ഡികയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന മേൽ നഷ്ടമായ തുകയായ 7017/- രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്.

### 3-2 ക്ഷേമ പെൻഷൻ തുക മരണപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടുന്നു

നഗരസഭയിലെ ഡെത്ത് രജിസ്റ്റർ അടിസ്ഥാനമാക്കി മരണപ്പെട്ട വ്യക്തികളുടെ ആധാർ നമ്പർ ലഭ്യമായത് മുഖേന സേവന വെബ്സൈറ്റിൽ പരിശോധന നടത്തുകയുണ്ടായി. താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട് ഒരു വർഷത്തിലധികമായിട്ടും നാളിതു വരെ പെൻഷൻ സസ്പെൻഡ് ചെയ്യാതെ അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ പെൻഷൻ തുക ഇപ്പോഴും ക്രെഡിറ്റ് ചെയ്യപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ മരണപ്പെട്ട പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതിൽ സ്റ്റാറ്റസ് ആക്റ്റിവ് എന്നും നില നിൽക്കുന്നു. ഡി.ബി.റ്റി. വിതരണ സ്റ്റാറ്റസ് അനുസരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരണപ്പെട്ട തീയതി | മരണ ശേഷം അക്കൗണ്ടിൽ | പെൻഷൻ തുകയുടെ കാലയളവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | ക്രെഡിറ്റ് ചെയ്യപ്പെട്ട പെൻഷൻ തുക, കാലയളവ് | |
| 1 | ശ്രീ. ഗോപാലൻ നായർ, മുല്ലശ്ശേരി ക്കുടി, കാരാട്ടു പള്ളിക്കര, പെരുമ്പാവൂർ പി.ഒ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 101970201621 | 10/5/2020 | 8,200 | 2020 ജൂലൈ മുതൽ ഡിസംബർ വരെ |
| 2 | ശ്രീമതി. ഫിലോമിന പൈലി, പുത്തൻ പുരക്കൽ, ഒ.എം റോഡ് പെരുമ്പാവൂർ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 101970600678 | 17/5/2020 | 12,700 | 2020 ജൂലൈ മുതൽ 2021 ഡിസംബർ വരെ ) |
| 3 | ശ്രീ. കെ.എം മുഹമ്മദ്, കുന്നത്താൻ, വല്ലം, റയോൺ പുരം പി.ഒ, പെരുമ്പാവൂർ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 101970200309 | 14/5/2020 | 34,300 | 2020 ജൂലൈ മുതൽ 2022 ഏപ്രിൽ വരെ.നാളിതു വരെ നീക്കം ചെയ്തിട്ടില്ല. സ്റ്റാറ്റസ് ആക്ടീവായി തുടരുന്നു. |
| | ആകെ | | | | 55,200 | |

നഗരസഭയുടെ മരണ രജിസ്റ്ററും സേവന സോഫ്റ്റ് വെയറുമായി ആധാർ നമ്പർ ലഭ്യമായത് ഒത്തു നോക്കിയതിന്റെ അടിസ്ഥാനത്തിൽ ശ്രദ്ധയിൽപെട്ട പെൻഷണർമാരുടെ വിവരങ്ങൾ മാത്രമാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ധനകാര്യ (എസ്.എഫ്.സി സെൽ-ബി) വകുപ്പിന്റെ 05.11.2020- ലെ സർക്കുലർ 67/2020/ധന പ്രകാരം മരണപ്പെട്ടവരെയും അനർഹരെയും സമയബന്ധിതമായി പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാതിരിക്കുന്നത് സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുമെന്നു ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മരണപ്പെട്ടവരെയും അനർഹരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ ഉത്തരവിന് വിരുദ്ധമായി പ്രസ്തുത പെൻഷൻ ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാതെ പെൻഷൻ തുക അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടാനിടയായതിന്റെ കാരണം വ്യക്തമാക്കുന്നതിനായി 06.05.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 36-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതക്ക് മറുപടിയും വിശദീകരണവും ലഭ്യമാക്കേണ്ടതും നഷ്ടമായ 55,200/-രൂപ ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിനു ലഭ്യമാക്കേണ്ടതുമാണ്.

## 3-3 എസ്റ്റിമേറ്റ് നിരക്കിനേക്കാൾ ഉയർന്ന തുക അനുവദിച്ചു

| | |
|---|---|
| പദ്ധതി നം / പേര് | S0006/20-21/ കൊതുക നശീകരണം, കാന ക്ലീനിംഗ്, മരുന്ന തളിക്കൽ |
| അടങ്കൽ | 1000000/- |
| ചെലവ്/ബിൽ നം., തീ | തുക 959640/- രൂപ<br>328/12.02.21, 361/04.03.21, 377/18.03.21, 431/29.03.21- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| നിർവ്വഹണം | ഹെൽത്ത് സൂപ്പർവൈസർ,നഗരസഭ |

നഗര സഭയിലെ റോഡുകളുടെ വശങ്ങളിലുള്ള കാനകളിലെ മണ്ണം, ചെളിയും കോരി മാറ്റുന്നതിനും കൊതുക നശീകരണത്തിനും, ഫോഗിംഗ്, സ്പ്രേയിംഗ് എന്നിവ നടത്തുന്നതിനും വേണ്ടിയാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. PH2-10129/20 ഫയലിൽ വ്യക്തമാക്കുന്ന പ്രകാരം, പദ്ധതി നടത്തിപ്പിന്റെ ഭാഗമായി നഗരസഭയുടെ അസി.എഞ്ചിനീയർ തയ്യാറാക്കിയ ഡീറ്റെൽഡ് എസ്റ്റിമേറ്റിൽ ഒരു ദിവസത്തെ മനുഷ്യ പ്രയത്നത്തിനുള്ള കൂലി (Engaging Man Coolies Removing And Re-fixing Covering Slab) 597.93/- രൂപയാണ്. എന്നാൽ ആ നിരക്കിൽ നിന്നും വ്യത്യസ്തമായി CLR നിരക്കായ 660/- രൂപയ്ക്ക് മാത്രമേ തൊഴിലാഴികളെ പ്രവൃത്തി ചെയ്യാൻ ലഭ്യമാകുകയുള്ളൂ എന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ കത്തിന്റെ അടിസ്ഥാനത്തിൽ ഹെൽത്ത് സൂപ്രണ്ടിന്റെയും, ബഹു.നഗരസഭ ചെയർമാന്റെയും അനുമതിയുടേയും തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ പ്രവൃത്തി നടപ്പാക്കുകയും ചെയ്തു. ആയത് പ്രകാരമുള്ള നിരക്കിൽ തൊഴിലാളികൾക്ക് തുക കൈമാറുകയുമാണ് ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | ബിൽ നം,തീ: | നല്കിയ നിരക്ക്/ മനുഷ്യ ദിനം | അനു വദിച്ച തുക | യഥാർത്ഥ നിരക്ക്/ മനുഷ്യ ദിനം | നൽകേണ്ട തുക | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | 328/12.02.21 | 660 X 309 | 203940 | 597.93 X 09 | 184760.37 | 19179.63 |
| 2 | 361/04.03.21 | 660 X 395 | 260700 | 597.93 X 395 | 236182.35 | 24517.65 |
| 3 | 377/18.03.21 | 660 X 410 | 270600 | 597.93 X 410 | 245151.3 | 25448.7 |
| 4 | 431/29.03.21 | 660 X 324 | 213840 | 597.93 X 324 | 193729.32 | 20110.68 |
| 5 | 476/31.03.21 | 660 X 16 | 10560 | 597.93 X16 | 9566.88 | 993.12 |
| ആകെ | | | | | | 90249.78<br>90250/- |

അസി.എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് തുകയേക്കാൾ അധികരിച്ച് തുക കൈമാറിയതിന്

വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 3/14.02.2022 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ എസ്റ്റിമേറ്റ് തുകയേക്കാൾ അധികരിച്ച് തുക ചെലവഴിച്ചത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. നഷ്ടമായ തുകയായ 90250/- രൂപ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നോ, തുക കൈപ്പറ്റിയ വ്യക്തികളിൽ നിന്നോ തിരികെ ഈടാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്.

### 3-4 ഇലക്ഷൻ മുന്നൊരുക്ക പ്രവർത്തനങ്ങൾ- അധികച്ചെലവ്

പോളിംഗ് ബൂത്തുകളുടെയും കൗണ്ടിംഗ് സെന്ററിന്റെയും അറ്റ കുറ്റപ്പണികൾ, മറ്റു ക്രമീകരണങ്ങൾ എന്നിവയ്ക്ക് പബ്ലിക് വർക്സ് ഓവർസിയർ ശ്രീ പി.സി സജീവൻ കൈപ്പറ്റിയ മുൻക്കൂർ തുകയായ 50000/- രൂപ 155-1/2021 വൗച്ചർ പ്രകാരം ക്രമീകരിച്ചിട്ടുണ്ട്. ടിയാൻ നേരിട്ട് ചെലവഴിച്ച 61318/- രൂപ ടിയാന് തിരിച്ച് നൽകിയിട്ടുണ്ട്. ബൂത്തുകളിലും കൗണ്ടിങ്ങ് സെന്ററിലും ആവശ്യമായ കസേര, മേശ, ഫാൻ, ട്യൂബ് ലൈറ്റ്, റാമ്പുകൾ, സൗണ്ട് സിസ്റ്റം എന്നിവ ക്രമീകരിച്ചത് വി ഡിസൈൻ സ്റ്റേജ് & ഡെക്കറേഷൻ എന്ന സ്ഥാപനമാണ്. ഇതിന് 67,600/- രൂപ നൽകിയിട്ടുണ്ട്. ബൂത്തുകളിലും കൗണ്ടിങ്ങ് സെന്ററിലും ആവശ്യമായ അറ്റ കുറ്റപ്പണികൾ ചെയ്തതിന് കെ.കെ.പി. കൺസ്ട്രക്ഷൻസ് കാഞ്ഞിരക്കാട് എന്ന സ്ഥാപനത്തിന് 41,218/- രൂപയും മറ്റു പെറ്റി പർച്ചേസുകൾക്കായി 2500 രൂപയും അനുവദിച്ചിട്ടുണ്ട്. അറ്റ കുറ്റപ്പണി കെ.കെ.പി കൺസ്ട്രക്ഷൻസിനെ ചുമതലപ്പെടുത്തിയതിനാൽ വി ഡിസൈൻ എന്ന സ്ഥാപനത്തിന്റെ ബില്ലിൽ ബൂത്തുകളിലെയും കൗണ്ടിങ്ങ് സെന്ററിലെയും ജനലുകൾ റിപ്പയർ ചെയ്ത 4000/-രൂപ അനുവദിക്കുന്നില്ല. ഈ തുക നഗരസഭാ ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് 28.04.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറി 31-ന് മറുപടി നൽകിയിട്ടില്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 14.02.2022 മുതൽ 17.02.2022 വരെ | അനുബന്ധം ഒന്ന് ആയി ഈ റിപ്പോർട്ടിനൊപ്പം ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. | മുൻക്കൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ജലഅതോറിറ്റി, പി.എച്ച്. സെക്ഷൻ, ആലുവ | 0242/2021 (സ്പിൽ ഓവർ) തുരുത്തിപ്പറമ്പ് കോളനിയിൽ കുടിവെള്ള പൈപ്പ് | 101/ 20.5.2020 | 2,10,000 | 0 | 2,10,000 |

| | ലൈൻ സ്ഥാപിക്കൽ | | | | |
|---|---|---|---|---|---|

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പായിനത്തിൽ 4776738/-രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ടൗൺ ഹാൾ നിർമ്മാണം | Kurdfc/ulb / 369/2014 | 19355977 | 11060545 + 3856738 = 14917283 | 3040626 | 1276408 | 11876657 |
| നാഷണൽ സ്ലം ഡെവലപ്പ് മെന്റ് | No.a1-8326 / 99, Dt. 14.02.11, A1-8326/ 99 (2) Dt. 30.3.2000 | 1132000 | 1132000 | 0 | 0 | 1132000 |
| ഹഡ്കോ | GO (Ms) No. 68/ 2018. Lsgd, 18.05.18 | 9600000 | 8680000 + 920000 = 9600000 | 1280000 | 0 | 8320000 |
| ആകെ | | | 25649283 | 4320626 | 1276408 | 21328657 |

കെ.യു.ആർ.ഡി.എഫ്.സി. വായ്പയുടെ നീക്കിയിരുപ്പ് തുക രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. രജിസ്റ്റർ പ്രകാരം 11865640/- രൂപയാണ് ഇനിയും തിരിച്ചടക്കുവാൻ അവശേഷിക്കുന്നുണ്ട്.

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2496007.00 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| തൻവർഷ പലിശ | 3172.00 |
| ആകെ | 2499179.00 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 2499179.00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 0 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ (Equity Shares) വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിൻറ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | KUDFC | 07/09/1970 To | ഒരു വർഷം | 71000.00 | - |

| | | | | | |
|---|---|---|---|---|---|
| | | 13.01.1993 | | | |
| | | | ആകെ | 71000.00 | - |

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്ന് കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23- പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെടുത്തിയ ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2011-12 | 3.1.6 | കാർഷിക പദ്ധതികളും കൃഷിഭവനും | പരാമർശം നില നിൽക്കുന്നു |
| 2011-12 | 3.2.10 | റോഡ് ചെയിനേജ് രേഖപ്പെടുത്തൽ | -ടി- |
| 2011-12 | 3.3.6 | ശിശു ക്ഷേമ പദ്ധതികളും അംഗൻവാടികളും | -ടി- |
| 2013-14 | 5.1.5(6) | ജല സ്രോതസുകളുടെ കയ്യേറ്റം തടയാൻ നടപടി ഇല്ല | -ടി- |
| 2013-14 | 5.1.5(8) | മഴ വെള്ള സംഭരണികൾ പരാജയം | -ടി- |
| 2014-15 | 4.1.7 | പ്രവർത്തനമില്ലാത്ത കുടിവെള്ള പദ്ധതികൾ | -ടി- |
| 2014-15 | 4.1.12 | അറവുശാലകൾ നിഷ്ക്രിയാസ്തികളായി മാറുന്നു | -ടി- |
| 2015-16 | 4.2 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഗുണഭോക്തൃ തിരഞ്ഞെടുപ്പ് | -ടി- |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 258869357.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 257038155.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 10544.00 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 156467.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12258146.00 |

(ബി). നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 7000.00 | - | ബദറുദ്ദീൻ.വി,ഹെൽത്ത് സൂപ്പർവൈസർ |
| 2-2 | 1853.00 | - | ശ്യാമള.കെ.ഡി,റവന്യൂ ഓഫീസർ |
| 2-3 | 441.00 | - | ബിന്ദു .ആർ, റവന്യൂ ഓഫീസർ |
| 2-4 | 1250.00 | - | ബിന്ദു വി.കെ. (സെക്രട്ടറി, ഇൻ-ചാർജ്ജ്) |
| 3-1 | - | 7017.00 | ബിന്ദു വി.കെ. (സെക്രട്ടറി, ഇൻ-ചാർജ്ജ്) |
| 3-2 | - | 55200.00 | നീതുലാൽ .ബി, സെക്രട്ടറി |
| 3-3 | - | 19180.00 | ഗോപകുമാർ.സി,ഹെൽത്ത് സൂപ്പർവൈസർ |
| | | 71070.00 | സഞ്ജീവ്കുമാർ എസ്, ഹെൽത്ത് സൂപ്പർവൈസർ |
| 3-4 | - | 4000.00 | സജീവൻ പി.സി, ഓവർസീയർ |
| ആകെ | 10544.00 | 156467.00 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 7072516.00 | ബോബി ഈപ്പൻ, മുനിസിപ്പൽ എഞ്ചിനീയർ |
| 1-29 | 1445442.00 | ഗ്രേസി ജോസ്, മുനിസിപ്പൽ എഞ്ചിനീയർ |
| 1-30 | 306593.00 | ജയ പി.എസ്., അസി.എഞ്ചിനീയർ |
| 1-31 | 1125000.00 | ജയ പി.എസ്., അസി.എഞ്ചിനീയർ |
| 1-32 | 116163.00 | ജയ പി.എസ്., അസി.എഞ്ചിനീയർ |
| 1-33 | 255608.00 | ജയ പി.എസ്., അസി.എഞ്ചിനീയർ |
| 1-34 | 88849.00 | ജയ പി.എസ്.,അസി.എഞ്ചിനീയർ |
| 1-35 | 163387.00 | സഞ്ജീവ്കുമാർ എസ്.,ഹെൽത്ത് സൂപ്പർവൈസർ |
| 1-36 | 110880.00 | സഞ്ജീവ്കുമാർ എസ്.,ഹെൽത്ത് സൂപ്പർവൈസർ |
| 1-37 | 93708.00 | ജയ പി.എസ്,അസി.എഞ്ചിനീയർ |
| 1-44 | 1000000.00 | നീതുലാൽ ബി., സെക്രട്ടറി |
| 1-52 | 270000.00 | നീതുലാൽ ബി., സെക്രട്ടറി |
| 1-53 | 210000.00 | നീതുലാൽ ബി., സെക്രട്ടറി |
| ആകെ | 12258146 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ-

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ബദറുദ്ദീൻ .വി, ഹെൽത്ത് ഓഫീസർ | വിരമിച്ചു | വാരംകോട് -വീട്, അംബിലേരി,കല്പറ്റ, വയനാട് |
| നീതുലാൽ .ബി, സെക്രട്ടറി | സെക്രട്ടറി, ആലപ്പുഴ നഗരസഭ | സൗപർണ്ണിക, എം.ജി.റോഡ്, ആറ്റിങ്കൽ, തിരുവനന്തപുരം |
| ശ്യാമള .കെ.ഡി, റവന്യൂ ഓഫീസർ | പി.എ.ടു-സെക്രട്ടറി, തൃശ്ശൂർ കോർപറേഷൻ | ചേലാംപ്ലാക്കൽ-വീട്, പൊന്നുരുന്നി,നാരായണാശാൻ-റോഡ്, വൈറ്റില,എറണാകുളം |
| ബിന്ദു. ആർ, റവന്യൂ ഓഫീസർ | റവന്യൂ ഓഫീസർ,നഗരസഭ, പെരുമ്പാവൂർ | ചുണ്ടത്തിപ്പറമ്പിൽ-വീട്, ചെറിയകടവ്, കണ്ണമാലി, എറണാകുളം |
| ബിന്ദു .വി.കെ. (സെക്രട്ടറി, ഇൻ-ചാർജ്ജ്) | ഡെപ്യൂട്ടി സെക്രട്ടറി, കൊച്ചിൻ കോർപറേഷൻ | പുലരി,പോളക്കുളം, തുരുത്തി.പി.ഒ, പെരുമ്പാവൂർ |
| ഗോപകുമാർ.സി,ഹെൽത്ത് സൂപ്പർവൈസർ | വിരമിച്ചു | ശ്രീലാകം ചേരുംപാല,ലക്ഷമി നഗർ,കുളപ്പുള്ളി,ഷോർണ്ണൂർ |
| സഞ്ജീവ്കുമാർ. എസ്, ഹെൽത്ത് സൂപ്പർവൈസർ | ഹെൽത്ത് ഇൻസ്പെക്ടർ, നഗരസഭ, പെരുമ്പാവൂർ | ലക്ഷ്മീസദനം,പുതിപ്പാടി.പി.ഒ, മൂവാറ്റുപുഴ |
| സജീവൻ. പി.സി, ഓവർസീയർ | ഓവർസീയർ, നഗരസഭ, പെരുമ്പാവൂർ | പുത്തൻപുരയിൽ-വീട്, മുടക്കുഴ.പി.ഒ, അകനാട്, പെരുമ്പാവൂർ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1987-88 | എൽ.എഫ്.ഇ (എം.1) 238/92/ 04.12.1992 | എല്ലാ ഖണ്ഡികകളും | . |
| 1988-89 | എൽ.എഫ്.ഇ (എം.1) 1306/93/ 10.02.1995 | എല്ലാ ഖണ്ഡികകളും | . |
| 1989-90 | എൽ.എഫ്.ഇ (എം.1) 1520/96/ 08.07.1996 | എല്ലാ ഖണ്ഡികകളും | . |
| 1990-91 | | എല്ലാ ഖണ്ഡികകളും | . |
| 1991-92 മുതൽ 1994-95 വരെ | എൽ.എഫ്.ഇ (എം.1) 1195/96/ 25.01.1997 | എല്ലാ ഖണ്ഡികകളും | . |
| 1997-98 | എൽ.എഫ്.ഇ (എം.1) 1020/99/ 09.06.2000 | എല്ലാ ഖണ്ഡികകളും | . |
| 1998-99 | എൽ.എഫ്.ഇ (എം.1) 1347/2000/ 07.08.2001 | എല്ലാ ഖണ്ഡികകളും | . |
| 1999-2000 | എൽ.എഫ്.ഇ (എം.1) 17/02/ 24.07.2002 | എല്ലാ ഖണ്ഡികകളും | . |
| 2001-02 | എൽ.എഫ്.ഇ (എം.1) 35/05/ 01.10.2005 | എല്ലാ ഖണ്ഡികകളും | . |

| | | | |
|---|---|---|---|
| 2002-03 | എൽ.എഫ്.ഇ (എം.1) 424/06/ 29.12.2006 | എല്ലാ ഖണ്ഡികകളും | . |
| 2003-04 | എൽ.എഫ്.ഇ. (എം.1) 1490/09/ 10.05.2010 | എല്ലാ ഖണ്ഡികകളും | . |
| 2004-05 | എൽ.എഫ്.ഇ. (എം.1) 1185/07/ 12.11.2008 | എല്ലാ ഖണ്ഡികകളും | . |
| 2005-06 | എൽ.എഫ്.ഇ (പി.എം.സി) എ2 18/10/ 03.09.2011 | എല്ലാ ഖണ്ഡികകളും | . |
| 2006-07 | എൽ.എഫ്.ഇ(പി.എം.സി) എ2 212/11/ 14.11.2011 | എല്ലാ ഖണ്ഡികകളും | . |
| 2007-08 | എൽ.എഫ്.ഇ (പി.എം.സി) എ2 202/13/ 26.09.2014 | എല്ലാ ഖണ്ഡികകളും | . |
| 2008-09 | എൽ.എഫ്. (പി.എം.സി) എ2 203/14/03.09.2014 | എല്ലാ ഖണ്ഡികകളും | . |
| 2009-10 | എൽ.എഫ്. (പി.എം.സി) എ2 192/12/19.09.2014 | 3.4, 3.5, 3.13, 3.16, 3.20, 3.21, 3.22, 3.24 | . |
| 2010-11 | എൽ.എഫ്. (പി.എം.സി) എ2 198/14/14.08.2014 | 2.1,2.3, 4,2.2, 1.2, 3.1, 3.2, 3.5,3.6, 3.7, 3.8, 3.9, 3.10, 3.13, 3.15, 3.16, 3.17, 3.18, 3.23, 3.24, 3.25, 3.26 | . |
| 2011-12 | എൽ.എഫ്/ 15725/ സ്പെ. സെൽ/ സി.എസ്.സി/ എ2 14(1) (2) സർചാർജ്ജ് | 2.1, 2.2, 2.3, 2.4, 2.5, 2.6, 3.1,3.2, 3.3,3.4 , 3.5, 3.6, 3.8, 3.10, 3.11, 3.14, 3.15, 3.16, 3.17, 3.18, 3.19, 3. 20, 3.21, 3.22 | . |
| 2012-13 | എൽ.എഫ്.ഇ (പി.എം.സി) എ2 153/14/24.11.2014 | എല്ലാ ഖണ്ഡികകളും | . |
| 2013-14 | കെ.എസ്.എ.(പി.ബി.എം) എ2- 220/15/ 23.11.2015 | 2.3, 2.5, 2.7, 2.9, 2.11, 3.1, 3.2, 3.3, 3.4, 3.5, 3.10, 3.11, 3.17 | . |
| 2014-15 | കെ.എസ്.എ.(പി.ബി.എം) എ2-211/2016/ 29.07.2016 | 2.2,2.4,2.6,3.1,3.8, 3.11, 3.12,3.16. | . |
| 2015-16 | കെ.എസ്.എ.(പി.ബി.എം) എ2-226/2016/ 30.01.2017 | 2.2, 2.3, 2.4, 3.2, 3.4, 3.9, 3.14, 3.15, 3.16, 3.17, 3.19, 3.20, 3.21, 3.24 | . |
| 2016-17 | കെ.എസ്.എ.(പി.ബി.എം) എ2-336/2017/ 30.11.2017 | 2.1,2.2,2.3,2.4,3.1,3.2, 3.3, 3.4,3.5, 3.6, 3.7, 3.8, 3.9, 3.10, 3.11, 3-12, 3.13, 3.14, 4.8, 4.9. | . |
| 2017-18 | കെ.എസ്.എ.(പി.ബി.എം) എ2- 75/2019/13.03.2019 | 2.1, 2.2, 2.3, 2.4, 2.4, 2.5, 2.6, 2.7, 3.1, 3.2, 3.3, 3.4, 3.9, 3.11, 3.12, 3.14, 4.7 | . |
| 2018-19 | കെ.എസ്.എ.(പി.ബി.എം) എ2-01/2020/30.06.2020 | 1-17,1-20,1-22,1-23, 1-25,1-26,1-27,1-28, 1-29, 1-39,2-1, 3-1, 3-3, 3-4, 3-5, 3-6 | . |
| 2019-20 | കെ.എസ്.എ.പി.ബി എം (എ2)200/2021/ തീയ്യതി: 14/12/2021 | 56 ഖണ്ഡികകൾ | - |

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

സംസ്ഥാന ഓഡിറ്റ് വകുപ്പ്,

പെരുമ്പാവൂർ നഗരസഭാ ഓഡിറ്റ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ പെരുമ്പാവൂർ മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
നഗരസഭാ ഓഡിറ്റ് കാര്യാലയം, പെരുമ്പാവൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പെരുമ്പാവൂർ മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
നഗരസഭാ ഓഡിറ്റ് കാര്യാലയം, പെരുമ്പാവൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## ഇൻകം ആന്റ് എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ്

| പെരുമ്പാവൂർ മുനിസിപ്പാലിറ്റി (കൺകറന്റ് മുനിസിപ്പാലിറ്റി )<br>ഇൻകം ആന്റ് എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 44365810.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 18065282.00 |
| 140000000 | Fee & User Charges | I-4(b) | 16863066.00 |
| 150000000 | Sale & Hire Charges | I-5(b) | 1059959.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 193433460.00 |
| 170000000 | Income from Investments | I-7 | 3172.00 |
| 171000000 | Interest Earned | I-8 | 229832.00 |
| 180000000 | Other Income | I-9 | 23454.00 |
| | Total Income | | 274044035.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 71138452.00 |
| 220000000 | Administrative Expenses | I-11(b) | 6130294.00 |
| 230000000 | Operations & Maintenance | I-12(b) | 9128701.00 |
| 240000000 | Interest & Finance Charges | I-13 | 1287608.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 82763519.00 |
| 251000000 | Decentralised Plan Programme-Service Sector | I-14 | 9427507.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 46040339.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14 | 3049371.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 27000.00 |
| 272000000 | Depreciation | I-17(a) | 10146578.00 |
| | Total Expenditure | | 239139369.00 |
| | Gross Surplus/ Deficit of income over Expenditure | | 34904666.00 |
| 280000000 | Prior Period Item | I-18 | -4795389.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 39700055.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

ഡെപ്യൂട്ടി ഡയറക്ടർ
പെരുമ്പാവൂർ നഗരസഭ ഓഡിറ്റ്

## അനുബന്ധം-4

## റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| പെരുമ്പാവൂർ മുനിസിപ്പാലിറ്റി (കൺകറന്റ് മുനിസിപ്പാലിറ്റി)<br>റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
|---|

| For the period from 01-April-2020 to 31-March-2021 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 27690377.26 |
| Cash | Cash | RP-40(a) | 206100.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 11083376.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 0.0 |
| 130000000 | Rental income from Panchayat Properties | RP-3 | 75500.00 |
| 140000000 | Fees & User Charges | RP-4 | 11781442.00 |
| 150000000 | Sale & Hire Charges | RP-5 | 1059959.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 125556615.00 |
| 170000000 | Income from Investments | RP-7 | 3172.00 |
| 171000000 | Interest Earned | RP-8 | 536263.00 |
| 180000000 | Other Income | RP-9 | 19999.00 |
| 350000000 | Other Liabilities | RP-29 | 36902.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 53607107.00 |
| | Non Operating | | |
| 311000000 | Earmarked Funds | RP-22 | 7626832.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 10871309.00 |
| 330000000 | Secured Loans | RP-25 | 4776738.00 |
| 340000000 | Deposits Received | RP-27 | 8933643.00 |
| 350000000 | Other Liabilities | RP-29 | 22882750.00 |
| 460000000 | Loans, Advances and Deposits | RP-41 | 17750.00 |
| | Grand total | | 286765834.26 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-10 | 13296102.00 |
| 220000000 | Administrative Expenses | RP-11 | 1592207.00 |
| 230000000 | Operations & Maintenance | RP-12 | 5547824.00 |
| 240000000 | Interest & Finance Charges | RP-13 | 1287608.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-14 | 32702789.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 1000000.00 |
| 251000000 | Decentralised Plan Programme-Service Sector | RP-45 | 11108639.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-46 | 46530230.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-47 | 6458873.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-15 | 27000.00 |
| 350000000 | Other Liabilities | RP-29 | 28516720.00 |
| 430000000 | Stock-in-hand | RP-36 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-37 | 10014525.00 |
| | Non Operating | | |
| 280000000 | Prior Period Item | RP-19 | 3566048.00 |

| | | | |
|---|---|---|---|
| 311000000 | Earmarked Funds | RP-22 | 9524048.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 3967069.00 |
| 330000000 | Secured Loans | RP-25 | 3040626.00 |
| 340000000 | Deposits Received | RP-27 | 10984603.00 |
| 350000000 | Other Liabilities | RP-29 | 40699498.00 |
| 410000000 | Fixed Assets | RP-31 | 13707336.00 |
| 412000000 | Capital work in Progress | RP-33 | 12189423.00 |
| 460000000 | Loans, Advances and Deposits | RP-41 | 1276987.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 28386377.26 |
| Cash | Cash | RP-40(b) | 1341302.00 |
| | Grand Total | | 286765834.26 |

ഡെപ്യൂട്ടി ഡയറക്ടർ
പെരുമ്പാവൂർ നഗരസഭ ഓഡിറ്റ്

## അനുബന്ധം-5

## ബാലൻസ് ഷീറ്റ്

| പെരുമ്പാവൂർ മുനിസിപ്പാലിറ്റി (കൺകറന്റ് മുനിസിപ്പാലിറ്റി) ബാലൻസ് ഷീറ്റ് As on 31-March-2021 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 57788753.76 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 5615877.00 |
| 312000000 | Reserves | B-3 | 140860353.00 |
| | Total Reserve & Surplus | | 204264983.76 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 18817863.00 |
| | Total Grants, Contributions for Specific Purposes | | 18817863.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 21328657.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 21328657.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 96947840.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 59067159.50 |
| | Total Current Liabilities and Provisions | | 156014999.50 |
| | TOTAL LIABILITIES | | 400426503.26 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 184213514.00 |
| 411000000 | Accumulated Depreciation | B-11 | -35812489.00 |
| 412000000 | Capital Work in Progress | B-11 | 81151691.00 |
| | Total Fixed Assets | | 229552716.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 71000.00 |

| | | | |
|---|---|---|---|
| 421000000 | Investments - Other Funds | B-13 | 0.0 |
| | Total Investments | | 71000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 3450.00 |
| | | | |
| 431000000 | Sundry Debtors (Receivables) | B-15 | 143175668.00 |
| 432000000 | Accumulated Provisions Against Debtors(Receivables) | B-21 | -7339841.00 |
| 440000000 | Pre-paid Expenses | B-16 | 920000.00 |
| 450000000 | Cash and Bank Balance | B-17 | 29727679.26 |
| 460000000 | Loans, Advances and Deposits | B-18 | 4315831.00 |
| | Total Current Assets, Loans and Advances | | 170802787.26 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 400426503.26 |

ഡെപ്യൂട്ടി ഡയറക്ടർ,
പെരുമ്പാവൂർ നഗരസഭ ഓഡിറ്റ്